# BLOSSOMS



## SACRED HEART COLLEGE MAGAZINE

2003 - 2004

# SACRED HEART COLLEGE
# THEVARA

## ANNUAL 2003-2004



BLESSED CHAVARA KURIAKOSE ELIAS
*FOUNDER C.M.I*




കാലഘട്ടത്തിന്റെ സ്പന്ദനങ്ങൾ ദിക്കുകളിൽ ആർത്തനാദജപങ്ങളായി ഉയരുമ്പോൾ നേരിന്റെ, നെറിവിന്റെ ആത്മാവിനെ ആവാഹിക്കുന്ന കലാലയത്തിന്റെ പൂമൊട്ടുകൾ ഹൃദയത്തിൽ ഉയരുന്ന സംഗീതമായി, മരുഭൂമിയിൽ ഉയിർക്കുന്ന അരുവിയായി, ജഗത്നാദത്തിന്റെ കുളിരിലേയ്ക്കു ചേക്കേറുന്ന സ്നേഹസാമ്രാജ്യത്തിന്റെ പുത്തൻപ്രഭാതവും കാത്ത് സാർവത്രികതയുടെ പൂമൊട്ടുകൾ ഉയരുകയായി...

कर्मण्येवाधिकारस्ते मा फलेषु कदाचन ।।
मा कर्मफलहेतु भुर्मा ते सग्डोंस्तवकर्मणि ।।

*Thy right is to work only, but never to the fruits thereof.*
*Be thou not the producer of the fruits of (thy) actions, neither let*
*thy attachment be towards inaction.*

*Bhagavath Geetha*

# സമർപ്പണം



ചെച്നിയൻ ഭീകരതയുടെ മുന്നിൽ മൺമറഞ്ഞ കുഞ്ഞോമനകളുടേയും
കുംഭകോണത്തിൽ എരിഞ്ഞൊടുങ്ങിയ കുരുന്നുകളുടേയും
ഓർമ്മയ്ക്ക്

# DECLARATION

## Statement of ownership & particulars of publication
## SACRED HEART COLLEGE MAGAZINE
## FORM IV
## (SEE RULE-8)

| | | |
|---|---|---|
| 1. Place of Publication | : | Thevara |
| 2. Periodicity of Publication | : | Annual |
| 3. Printer's Name | : | Rev.Fr. Joseph Poonely CMI |
| Nationality | : | Indian |
| Address | : | Principal, S.H.College, Thevara |
| 4. Publisher's Name | : | Rev.Fr. Joseph Poonely CMI |
| Nationality | : | Indian |
| Address | : | Principal, S.H.College, Thevara |
| 5. Editor's Name | : | Karol Mathews Sebastian Alencherry |
| Nationality | : | Indian |
| Address | : | Editor, S.H.College, Thevara |

I Fr. Joseph Poonely CMI hereby declare that the particulars given above are true to the best of my knowledge and belife.

| | | |
|---|---|---|
| Patron of the College Union and Chairman of the Editorial Board | : | Rev.Fr. Joseph Poonely CMI |
| Editor | : | Karol Mathews Sebastian Alencherry |
| Editorial Board Members | : | Nevin Noble, Basil Paul, Rakesh Peter, Santhosh Sebastian |
| Staff Editors | : | T.T. Joseph ( Dept. of English ), K. G. Narayanan (Dept. of Malayalam) Kuriakose Alexander (Dept. of Hindi) |
| Layout | : | DataPlus Design, Ravipuram |
| Cover Design | : | Abdul Shafeek P. A. |
| Sketches | : | Hima, Prashanth, Bobby |
| Photos | : | Lobin, Nevin |
| Printed at | : | Don Bosco IGACT, Kochi |
| Magazine Name | : | Blossoms |
| Special Thanks to | : | Joseph John, Joby Joseph (Dept. of Malayalam Mathew Jose (Dept. of Sanskrit), Hibi Eden |

# Editorial



ഉപരോധിയ്ക്കപ്പെട്ട രാഷ്ട്രം പോലെ...
തുറമുഖങ്ങളെല്ലാം കൈയ്യൊഴിഞ്ഞ കപ്പൽ പോലെ....
എല്ലാ നിലവിളികളും ശബ്ദപ്രളയത്തിൽ
കുരുതി കൊടുക്കപ്പെട്ട്... നമ്മൾ...
ആരാണ് നമ്മുടെ ചോദ്യങ്ങളെ മുഴുവൻ ചോർത്തിക്കളയുന്നത്?
ആരാണ് നമ്മുടെ ക്രിയകളെയെല്ലാം കുടിച്ചു വറ്റിയ്ക്കുന്നത്?
ആരാണ് ഇനിയും മരിച്ചിട്ടില്ലാത്ത നമുക്കു സ്മാരകങ്ങൾ പണിയുന്നത്?
ആരാണ് നമ്മുടെ റെയ്ഞ്ചിനെ മൊബൈൽ ഫോൺ
കച്ചവടക്കാരന്റെ ടവറിനു ചുറ്റും മാത്രമായി കെട്ടിയിടുന്നത്?
ആരുടെയൊക്കെയോ പരസ്യങ്ങളെ ഉച്ചഭാഷിണിയിലൂടെ
തൊണ്ടകീറി വിളിച്ചു പറഞ്ഞു നടക്കുന്ന പരസ്യവണ്ടിയാക്കി
നമ്മെ മാറ്റിത്തീർത്തതാരാണ്?
നമ്മുടെ സാമൂഹ്യപാഠ പുസ്തകം കട്ടെടുത്തതാരാണ്?
ഉത്തരവാദിത്വം പങ്കുവച്ചു കൊടുക്കുമ്പോൾ
ഒരു പങ്ക് നമുക്കും ലഭിക്കുന്നു.
ചോദ്യങ്ങളെ ചാനലുകൾക്കും
കേൾവിയെ മൊബൈൽ ഫോണിനും
കാഴ്ചയെ കലികാലവിനോദങ്ങൾക്കും തീറെഴുതിയത് നമ്മൾ തന്നെയല്ലേ...
നാം നമ്മെ തിരയേണ്ട നേരം എത്രയോമുമ്പ് കഴിഞ്ഞിരിയ്ക്കുന്നു
ഏറെ പിന്നിലായിപ്പോയെങ്കിലും അന്തിമവിജയം സ്വപ്നം കണ്ട്
കുതിയ്ക്കാനൊരുങ്ങുന്ന ഒരു ദീർഘദൂരഓട്ടക്കാരന്റെ മനസ്സ്
ഇനിയെങ്കിലും നമുക്ക് കൈവന്നിരുന്നെങ്കിൽ...
അതോ, നമുക്കുചുറ്റും നാമും മറ്റുള്ളവരും ചേർന്ന്
മെനഞ്ഞെടുക്കുന്ന ഈ അസംബന്ധനാടകത്തിലെ
ആദ്യാവസാനക്കാരാവാനാണോ നമ്മുടെ വിധി...
രണ്ട് സാധ്യതകൾ നമുക്കു ബാക്കിയുണ്ട്.
ഒന്ന്, ഈ അസംബന്ധങ്ങൾ അടിവരയിട്ട് അംഗീകരിക്കുക.
രണ്ട്, ഈ അസംബന്ധങ്ങൾക്കു മുകളിൽ ഉറച്ചൊരു വെട്ടുകൊടുക്കുക...
മൂന്നാമതൊരു സാധ്യതയില്ലാത്തിടത്ത് നാമെത്തിക്കഴിഞ്ഞു.

എഡിറ്റർ



*Manoj Kumar*

കരുതട്ടെ ഉള്ളിൽ കരഞ്ഞുകൊണ്ടീ
ഒരു തുള്ളി കണ്ണുനീർ നിനക്കുവേണ്ടി
വ്യഥനിറഞ്ഞ ജീവിതത്തിൻ
ഓർമ്മകളിലേയ്ക്ക് ആർത്തനാദമായ്
ഒഴുകിവരും വഴിയോരക്കാഴ്ചകളിലെവിടെയോ
പാതിയാത്രയിൽ മടങ്ങിയ നിനക്കായ്
അർപ്പിക്കുന്നു ഈ അശ്രുബിന്ദുവും.





# Rev. Fr. John Pynadath

## Manager


Rev. Fr. Joseph Poonely
Principal

*Welcome...*
*Welcome...*
*Welcome...*



*Our New Principal*

**Rev. Fr. A.J. Saviance**

# Editorial Board

## SUB EDITORS



Basil Paul



Nevin Noble



Rakesh Peter



Santhosh Sebast

## SKETCHES BY



Hima Sudhakar



Prashanth

# ഇതളുകളിലൂടെ

മലയാളം വിഭാഗം

ഒരു യാത്ര പിന്നെയും യാത്ര, 18
ഗത്സമെനിലെ രക്തപുഷ്പങ്ങൾ 23
ഒരു പെൺകുട്ടിയുടെ വീണ്ടുവിചാരങ്ങൾ 24
എഴുപതുകൾക്ക് പ്രണയപൂർവ്വം 26
നീലക്കുറിഞ്ഞികൾ പൂക്കുന്നകാലം..... 27
എവിടേയ്ക്ക്? 29
Hello.. Mr. Perrera... 30
കൊഴിയുന്ന ഒരു ജന്മത്തിനായി 33
ഉരുകിവീണ സ്വപ്നങ്ങൾ 34
"കോളേജ് ഡാ" 37
ഇരയും വേട്ടക്കാരനും 38
സംഗീതമാവാത്ത വാക്കുകൾ 40
നിറങ്ങൾ......നിഴലുകൾ 42
സാഫല്യം 44
പാഠം ഒന്ന് : പത്രാധിപർക്കൊരു കത്ത് 53
സഖീ.......നീയെവിടെ ? 57
നത്ത് 58
ബലിമൃഗങ്ങൾ 59
മൗനമന്ത്രണം 61
ഏകാകിനി 62
വെളിച്ചം ദുഃഖമോ ഉണ്ണീ..............? 63

## ENGLISH SECTION


A Lodestar, Indeed 66

Corridors 68

"Less of facts, more of sensationalism, the modern day mantra of the media" 69

Earth - Quake 71

No Man Is An Island, He Is Part Of The Continent 72

Life 74

The Essence Of Driving 75

Scientists 76

Mandate 2004 - An Evaluation 81

Are You Winner Or A Loser? Check To Findout 84


## HINDI


*उन गालियों में वापस* 86

*कालीरेखा* 87

*अंजली* 88

*ज़दगी* 90


## REPORTS


Excerpts from the Principal's Annual Report 2003-04 92

കോളേജ് യൂണിയൻ റിപ്പോർട്ട് 2003-2004 95

NCC (Army Wing) 96

NCC (Naval Wing) 97

NSS activities : 2003-2004 98

Report on the AICUF activities : 2003-2004 99

Speakers Forum 100

Women Cell 101

Tourism Club Report 2003-2004 101

Primrose Nature Club Activities 2003-2004 102

# CARTOONS







*By Prof. C.S JAYARAM*

# മലയാളം വിഭാഗം



**ലേഖനം**

പ്രീനി എമിലിയ കെ.ജി.
*Ist BSc Physics*

# ഒരു യാത്ര പിന്നെയും യാത്ര

*" ദുഃഖമാണെങ്കിലും നിന്നെക്കുറിച്ചുള്ള
ദുഃഖമെന്താനന്ദമാണെനിയ്ക്കോമനേ...
എന്നുമെൻ പാനപാത്രം നിറയ്ക്കട്ടെ
നിന്നസാന്നിദ്ധ്യം പകരുന്ന വേദന..."*

-ബാലചന്ദ്രൻ ചുള്ളിക്കാട്



ഒരു ഓർമ്മക്കുറിപ്പാണിത്. ഒരുപാടൊരുപാട് യാത്രകൾക്കൊടുവിൽ ബാക്കിയായ കുറേ നരച്ച ഓർമ്മകളുമായി വൃദ്ധസദനത്തിന്റെ ഇടനാഴികകളിൽ സ്വയം നഷ്ടപ്പെട്ടുപോയ കുറേ ജീവിതങ്ങൾക്കിടയിലേയ്ക്ക് സന്ദർശകരിലൊരാളായി കടന്നുചെന്നപ്പോൾ മനസ്സിൽ പതിഞ്ഞ ഓരോർമ്മച്ചിത്രം.

ചെറുതല്ലാത്ത ഒരിടവഴി അവസാനിയ്ക്കുന്നിടത്തായിരുന്നു സദനം. നീണ്ടുപോകുന്ന റെയിൽപ്പാതകളും തിരക്കേറിയ തെരുവുകളും പിന്നിട്ട് ആ വഴിയിലേയ്ക്ക് കടന്നുചെല്ലുമ്പോൾ അതവസാനിക്കുന്നത് മുറിപ്പെടുത്തുന്ന യാഥാർത്ഥ്യങ്ങളിലേയ്ക്കാണെന്ന് മനസ്സ് പറഞ്ഞിരുന്നുവോ... മുറ്റത്തുകൂടി ഉലാത്തുന്ന കുറേ വൃദ്ധന്മാർ... അവരെ വൃദ്ധന്മാർ എന്നതിനു പകരം 'അപ്പൂപ്പന്മാർ' എന്നു വിളിക്കാൻ തോന്നുന്നു. അവർ അപ്പൂപ്പന്മാരാണ്... ആയിരുന്നു... ആരുടെയൊക്കെയോ... അവരുടെ ഏകാന്തതയിലേയ്ക്കും സുഖദുഃഖങ്ങളിലേയ്ക്കും കടന്നു ചെല്ലുമ്പോൾ നിറഞ്ഞ സന്തോഷത്തോടെ അവർ പറഞ്ഞു... 'സ്വാഗതം'. ജനാലകൾക്കു പിന്നിൽ വാർദ്ധക്യമില്ലാത്ത വാത്സല്യവുമായി അമ്മൂമ്മമാരുടെ മുഖങ്ങൾ തെളിഞ്ഞു. അവരിൽ പലരും ഉപേക്ഷിയ്ക്കപ്പെട്ടവരാണ്. അവഗണിയ്ക്കപ്പെട്ടവരാണ്. കൊടുത്തു തീരാത്തത്ര സ്നേഹവും വാത്സല്യവും ഒപ്പം ഉപേ



*ബാല്യത്തിൽ*
*നേരിടുന്ന അവഗണന*
*ശിഷ്ടജീവിതംകൊണ്ട് മറികടക്കാം.*
*വാർദ്ധക്യത്തിലെ അവഗണന*
*ജീവിതത്തെത്തന്നെ തീറെഴുതുന്നു.*

ക്ഷിയ്ക്കപ്പെട്ടിരിക്കുന്നു. അനാഥമാക്കപ്പെട്ടിരിയ്ക്കുന്നു.

ബാല്യത്തിൽ നേരിടുന്ന അവഗണന ശിഷ്ടജീവിതംകൊണ്ട് മറികടക്കാം. വാർദ്ധകൃത്തിലെ അവഗണന ജീവിതത്തെത്തന്നെ തീറെഴുതുന്നു. അവരുടെ കണ്ണുകളിലെ വിഷാദം ഈ തിരിച്ചറിവിന്റേതായിരിക്കണം. അവരുടെ ഇനിയുള്ള പ്രാർത്ഥന മരണത്തിനുവേണ്ടിയുള്ള വിലാപങ്ങളായിരിയ്ക്കാം. ഇന്ന് നമുക്കുചുറ്റും ഓരോ കുടുംബാന്തരീക്ഷത്തിലും ഈ നിശബ്ദമായ തേങ്ങലുകൾ വർദ്ധിച്ചുവരുകയാണ്. ഓരോ വീടുകളും രണ്ട് അംഗങ്ങളുള്ള അല്ലെങ്കിൽ ഒരാൾ മാത്രമുള്ള 'വൃദ്ധസദനങ്ങ'ളായി രൂപപ്പെട്ടുകൊണ്ടിരിയ്ക്കുന്നു. വാർദ്ധക്യമെന്ന തടവു ജീവിതത്തിനിടയിൽ, തങ്ങളുടെ മുന്നിലൂടെ തിരക്കിട്ടു നീങ്ങുന്ന മക്കളുടെ മുഖങ്ങൾ മിന്നിമായുന്നതെങ്കിലും അവർക്കു കാണാം. ഇത്തരം വൃദ്ധസദനത്തിലേയ്ക്കെത്തുമ്പോൾ അവർക്കതും നഷ്ടപ്പെടുന്നു. ഒരുപാട് മുഖങ്ങൾക്കിടയിലും ഏകാന്ത തടവിനു വിധിയ്ക്കപ്പെട്ടവരായി മരണം സമ്മാനിക്കുന്ന മോചനനാൾ കാത്ത് കഴിയുന്നവർ. ഇവിടെയുള്ള ജനാലകൾക്കും വാതിലുകൾക്കും വ്യർത്ഥമായ പ്രതീക്ഷകളുടെ എത്ര കഥകൾ പറയാനുണ്ടാവും. ജനലഴികളിൽ മുഖം ചേർത്ത് വെറുതെയാണെന്നറിയാമെങ്കിലും വഴിക്കണ്ണുമായി നില്ക്കുന്നവരുടെ നിശ്വാസങ്ങളും നെടുവീർപ്പുകളും എല്ലാം പറയാതെ പറയുന്നു...

സദനത്തിന്റെ നടുവിലായി സ്ഥിതിചെയ്തിരുന്ന പള്ളിയുടെ മുന്നിൽ ഒരുപാട് ചെടികൾ കണ്ടു. പൂത്തുനില്ക്കുന്നവയും പൂക്കാൻ മടിച്ചുനില്ക്കുന്നവയും. പള്ളിയിൽ, അന്ന് മരണമടഞ്ഞ ഒരു അപ്പൂപ്പനുവേണ്ടിയുള്ള പ്രാർത്ഥനാശുശ്രൂഷ നടക്കുന്നുണ്ടായിരുന്നു. കൂടെ വന്ന സിസ്റ്റർ പറഞ്ഞു; "നിങ്ങൾ വന്ന ദിവസം കൊള്ളാം. ഒരപ്പച്ചൻ സ്വർഗ്ഗത്തിലേയ്ക്ക് പോയിരിക്കുകയാണ്..."

ശരിയാണ്, ഓരോ വൃദ്ധസദനങ്ങളിലേയും അന്തേവാസികൾക്ക് കിട്ടാവുന്ന അവസാന അഭയം മരണമാണ്. മരണം ഒരു അസാധാരണ കാര്യമല്ലായിരുന്നു അവിടെ. എങ്കിൽകൂടിയും ആ അപ്പൂപ്പന്റെ മരണം എല്ലാവരേയും ദുഃഖിപ്പിച്ചിരുന്നതായി സിസ്റ്റർ പറഞ്ഞു... അദ്ദേഹം എല്ലാവർക്കും പ്രിയപ്പെട്ടയാളായിരുന്നിരിക്കണം.

** 'അവൾ പുഞ്ചിരിപൊഴിച്ചു; അവൾ മരിച്ചു. എന്റെ കൈക്കുടന്നയിലിരുന്ന അവളുടെ വിരലുകൾതണുത്തുവരുന്നതറിഞ്ഞു. അവൾക്ക് മുൻകൂട്ടി അറിയാമായിരുന്നോ അവൾ മരിയ്ക്കാൻ പോകുകയായിരുന്നെന്ന്...? എന്നിട്ടെന്തുകൊണ്ട് ആ അമ്മൂമ്മ പ്രാർത്ഥനയിൽ മരണം കാത്തു കിടന്നപ്പോൾ ഞാൻ കൗതുകപൂർവ്വം നോക്കിയിരുന്നു. ഉവ്വോ... ഞാനങ്ങനെ നോക്കിഇരുന്നോ...? ദൈവമേ, ഞാനങ്ങനെ ചെയ്തുവെന്നോ...? എങ്കിൽ അതെത്രയോ കടുത്ത പിഴ. എന്റെ പിഴ എന്റെ പിഴ എന്റെ വലിയ പിഴ...'*

വൃദ്ധസദനത്തിലേയ്ക്ക് നീളുന്ന ഇടവഴിയിലൂടെ തിരിഞ്ഞു നടക്കുമ്പോൾ തോന്നിയ സത്യം ഇതാണ്. സ്വന്തം അച്ഛനെയും അമ്മയെയും ഇതുപോലുള്ള ഒരു വൃദ്ധസദനത്തിന്റെ ജനാലയ്ക്കരികിൽ വിട്ടിട്ട് (അത് സ്വന്തം വീട്ടിലായാലും ശരി) ഒരു തിരിഞ്ഞു നടത്തം ജീവിതത്തിലുണ്ടാവുമെങ്കിൽ അവിടന്നിന്നുള്ള യാത്ര ഏതു വഴിയിലൂടെയായാലും അതവസാനിക്കുന്നത് മറ്റൊരു വൃദ്ധസദനത്തിലേയ്ക്കുള്ള ഇടവഴിയിലാവും.

അപ്പൂപ്പന്മാരുടെ താമസസ്ഥലം. ഒരാശുപത്രിപോലെയായിരുന്നു അത്. വാർദ്ധക്യത്തെ ചികിത്സിക്കുന്നിടത്തെ മാറാരോഗം ബാധിച്ചവരെപ്പോലെ അവരവിടെയിരുന്നു. കാഴ്ച നഷ്ടപ്പെട്ട ഒരപ്പൂപ്പൻ ഒരുപാട് സംസാരിച്ചു. തന്റെ ദേശത്തിനടുത്തു നിന്നു വന്ന ഒരു സന്ദർശകയെ സംസാരിക്കാൻ കിട്ടിയപ്പോൾ ആ മുഖം കൂടുതൽ തെളിഞ്ഞു വന്നു. അകക്കണ്ണിൽ തെളിഞ്ഞ ചിത്രങ്ങൾ എന്തെല്ലാമായിരിയ്ക്കണം... നാട്... വീട്... കേരളത്തിന്റെ പലഭാഗങ്ങളിൽനിന്നുമുള്ളവർ അവിടെ ഉണ്ടായിരുന്നു. സന്ദർശകർ സംസാരിയ്ക്കാനായി അവരുടെ അരുകിലേയ്ക്ക് ചെല്ലുമ്പോൾ അവരുടെ മുഖങ്ങളിൽ സന്തോഷം നിറഞ്ഞു... പ്രിയപ്പെട്ടവരോടെന്ന പോലെ അവർ സംസാരിച്ചു. ഒപ്പം നിന്ന് അവരുടെ ഫോട്ടോയെടുക്കാൻ തുനിഞ്ഞപ്പോൾ ഒരപ്പൂപ്പൻ അപ്പുറത്തേയ്ക്ക് മാറിക്കളഞ്ഞു... ഒരു പക്ഷേ തന്റെ മക്കളേയും കൊച്ചുമക്കളേയും ഓർത്തിട്ടുണ്ടാവുമോ...

*'കൊതിച്ചു കൊതിച്ചെത്തുമ്പോൾ ചില സ്ഥലങ്ങൾ നമുക്ക് മടുപ്പുളവാക്കും. അവിടുത്തെ കാറ്റും ആകാശവും ഓർമ്മകളും. സ്വയം ന്യായീകരിയ്ക്കൽ... ആണെങ്കിലത്. തനിയ്ക്കു കാണേണ്ട, ഒരസ്തമയവും. ഒരു വൃദ്ധൻ കാണേണ്ടത് അസ്തമയമല്ല; പ്രഭാതമാണ്. പ്രഭാതരാഗവും കിളികളുടെ ചിലപ്പുമാണ് കേൾക്കേണ്ടത്...'

ഒന്നും കാണാൻ കഴിയാത്തവരായി, കേൾക്കാൻ പറ്റാത്തവരായി, മാഞ്ഞുപോയഓർമ്മയെ തിരിച്ചുപിടിക്കാൻ കഴിയാത്ത കുറേ ജീവിതങ്ങൾ അവിടെയുണ്ടായിരുന്നു. ഒരാൾ ചുരുട്ടിപ്പിടിച്ചിരുന്ന മുഷ്ടി, നിർബന്ധിച്ചപ്പോൾ തുറന്നു കാണിച്ചു. ഒരു ബീഡി... ഓർമ്മകൾ നഷ്ടപ്പെട്ടുപോയെങ്കിലും അവർ തമാശകൾ പറഞ്ഞു. ഉറക്കെച്ചിരിച്ചു. ചിലർ കട്ടിലിൽ മരണം കാത്ത് കിടക്കുന്നവരെപ്പോലെ... അല്ല അവർ അങ്ങനെതന്നെയാണ്... എങ്കിൽ നമ്മളാരെപ്പോലെയാണ്...?



*'അതോടെ എനിക്കു മനസ്സിലായി; അമ്മാമ്മ മരണം കാത്തു കിടക്കുകയാണെന്നും എല്ലാവർക്കും അതൊരു തമാശക്കളിയായിത്തീർന്നിട്ടുണ്ടെന്നും. കൃശഗാത്രൻ വൃദ്ധൻ അമ്മാമ്മ മരിച്ചു കഴിഞ്ഞാലുടനെ കാൽവിരൽ കൂട്ടിക്കെട്ടാനും കൺമണ അടച്ചു കൊടുക്കാനും നിൽക്കുകയാണ്. ഇക്കൂട്ടത്തിലെ മനുഷ്യ സ്നേഹി കൃശഗാത്രനാണെന്നു വരുന്നു...'

അമ്മൂമ്മമാരുടെ താമസസ്ഥലം... അവിടെ ദുഃഖങ്ങളും ചോദ്യങ്ങളും ഉള്ളിലൊതുക്കുന്നവരെകണ്ടില്ല. പലരും കരയുകയായിരുന്നു. ഒരമ്മൂമ്മ പാട്ട് കേൾക്കാനുള്ള ആഗ്രഹം പറഞ്ഞപ്പോൾ ആരോ പാടി. അമ്മൂമ്മയുടെ വിറയ്ക്കുന്ന ചുണ്ടുകൾ പാട്ടിനൊപ്പം പാടാൻ ശ്രമിച്ചു. സിസ്റ്റർമാരെ വെല്ലുവിളിക്കുന്ന മട്ടിലാണ് ഒരമ്മൂമ്മ ദൈവവചനം പറയുന്നത്... ഒടുവിൽ, തന്റെ സ്വത്തുക്കൾ എഴുതിമേടിച്ച് ചികിത്സിക്കാൻ വൃദ്ധസദനത്തിലേല്പ്പിച്ച് തിരിഞ്ഞു നടന്നവരെക്കുറിച്ച് ദുഃഖത്തോടെ പറഞ്ഞു നിർത്തി. അവരുടെ കണ്ണുകളെ നനച്ച ഓർമ്മകൾ എന്തൊക്കെയാവും... സഹതാപമല്ല സ്നേഹമാണ് തങ്ങൾക്കു വേണ്ടതെന്ന് ആ മുഖങ്ങളെല്ലാം ആവശ്യപ്പെടുന്നതുപോലെ തോന്നി.

സമയം നിൽക്കാതെ പായുകയായിരുന്നു. എല്ലാവരെയും സന്ദർശിക്കാൻ അനുവദിക്കാതെ. ദൈവദാൻ വൃദ്ധസദനത്തിന്റെ പടിയിറങ്ങുമ്പോൾ ജനാലകൾക്കുപിന്നിൽ നിന്നുകൊണ്ട് അവർ കൈവീശി. മടക്കയാത്രയ്ക്കിടയിൽ അവരുടെ അനാഥത്വം വീണ്ടും വീണ്ടും മനസ്സിലേയ്ക്ക് കടന്നുവന്നു. അവരിൽ ചിലരെങ്കിലും കുടുംബജീവിതം ഇഷ്ടപ്പെടാത്തവരായിരിക്കാം. ചിലരെങ്കിലും ജീവിതത്തോട് പ്രത്യേകിച്ച് ആഗ്രഹങ്ങളില്ലാത്തവരായിരിക്കാം. പക്ഷേ കുടുംബജീവിതം സ്വീകരിച്ച് അതിലെ വേദനകളും സന്തോഷങ്ങളും അനുഭവിച്ച്, തങ്ങളുടെ മക്കൾക്കൊപ്പം ജീവിച്ച്, കൊച്ചുമക്കളെ താലോലിച്ച് ശിഷ്ട ജീവിതം നയിയ്ക്കാനാഗ്രഹിച്ചിരുന്ന ഭൂരിപക്ഷത്തിന്റെ കാര്യമോ... അവരുടെ തേങ്ങലുകൾ, പിറുപിറുക്കലുകൾ അവയെല്ലാം അലോസരമായിത്തീർന്നവർക്കും തള്ളിക്കളയാൻ കഴിയാത്തത് ചില സത്യങ്ങളായിരിയ്ക്കും. സാമൂഹികവും കുടുംബപരവുമായ ചില അപ്രിയ സത്യങ്ങൾ. നഗര ജീവിതത്തിന്റെ കാപട്യങ്ങളിലും, ഏച്ചുകെട്ടലുകളിലും അസ്വസ്ഥരായി സ്വയം എത്തിച്ചേർന്നവരും ആ വൃദ്ധസദനത്തിലുണ്ടായിരുന്നു. കച്ചവടക്കണ്ണിലൂടെയെല്ലാം വിലയിരുത്തപ്പെടുന്ന ഈ കാലത്ത് സ്വന്തം അച്ഛനെയും അമ്മയെയും പോലും കച്ചവടമനഃശാസ്ത്രത്തിന്റെ കണക്കുകൂട്ടലുകളിൽ വെട്ടിയും തിരുത്തിയും തള്ളിക്കളഞ്ഞും മുന്നേറുകയാണ് നമ്മൾ... എല്ലാം ന്യായീകരിയ്ക്കാൻ നമുക്കു കഴിയുന്നുമുണ്ട് അതാണു ദുരന്തവും. ഭക്ഷണവും, വസ്ത്രവും ഭാഷയും എല്ലാം പാശ്ചാത്യർക്ക് അടിയറവുവച്ചുകഴിഞ്ഞു. വൃദ്ധരായ അച്ഛനേയും അമ്മയേയും ഉപേക്ഷിക്കുകകൂടിയാകുമ്പോൾ പുരോഗതി പൂർത്തിയായി. കാരണം അവർ പലപ്പോഴും നമ്മുടെ അവശേഷിച്ച സംസ്കാരത്തിന്റെ പ്രതീകങ്ങളോ വക്താക്കളോ ആകാറുണ്ടല്ലോ. അവർ പറയുന്നത് പഴയ കാര്യങ്ങൾ, അതും മാതൃഭാഷയിൽ. കുട്ടികൾ അതു കേൾക്കരുത്. ഊന്നുവടിയുമായി വീടിന്റെ ഒരുകോണിൽ ഒറ്റപ്പെട്ട്... അതുമല്ലെങ്കിൽ ഒരു വൃദ്ധസദനത്തിൽ... സഹതാപവുമായി അവരുടെ താപത്തിനെ ഇരട്ടിപ്പിക്കാനായി അപൂർവ സന്ദർശകരായി അവരുടെ മക്കൾ ഇടയ്ക്കെപ്പോഴെങ്കിലും വൃദ്ധസദനത്തിലേയ്ക്ക്... കൗതുകം നിറഞ്ഞ കണ്ണുകളോടെ കൊച്ചുമക്കളും...

> * *അവിടെ നിന്നുകൊണ്ട് മൂപ്പര് പലതും ഓർത്തിരിക്കണം. ആദ്യമായി അയാളും ഭാര്യയും ചേർന്നൊരു തൊട്ടിൽ കെട്ടിയതും, ആറ്റുനോറ്റ് മക്കളുണ്ടായതും താരാട്ടിയതും... ആ മകളാണ് ആർപ്പിട്ടിരിക്കുന്നത്. 'നമ്മടപ്പൻ്പ്രാന്തായേ...'*

വൃദ്ധസദനത്തിലേയ്ക്ക് നീളുന്ന ഇടവഴിയിലൂടെ തിരിഞ്ഞു നടക്കുമ്പോൾ തോന്നിയ സത്യം ഇതാണ്. സ്വന്തം അച്ഛനേയും അമ്മയേയും ഇതുപോലുള്ള ഒരു വൃദ്ധസദനത്തിന്റെ ജനാലയ്ക്കരികിൽ വിട്ടിട്ട് (അത് സ്വന്തം വീട്ടിലായാലും ശരി) ഒരു തിരിഞ്ഞു നടത്തം ജീവിതത്തിലുണ്ടാവുമെങ്കിൽ അവിടെനിന്നുള്ള യാത്ര ഏതു വഴിയിലൂടെയായാലും അതവസാനിക്കുന്നത് മറ്റൊരു വൃദ്ധസദനത്തിലേയ്ക്കുള്ള ഇടവഴിയിലാവും.

വാർദ്ധക്യത്തിലെന്നപോലെ ശോഷിച്ച പെരിയാർ മുറിച്ചുകടന്നുകൊണ്ടുള്ള മടക്കയാത്ര. അസ്തമിക്കാനൊരുങ്ങുന്ന സൂര്യൻ. അസ്തമയ സൂര്യന്റെ പ്രഭ ആരും മറക്കാതിരുന്നെങ്കിൽ.

★ ★ ★

ഐക്കഫിന്റെ നേതൃത്വത്തിൽ നടന്ന ഈ യാത്രയിൽ നേതൃത്വം നല്കിയ കെ.കെ. പൗലോസ് സാറിനും റോസിലി സിസ്റ്റർക്കും ഒപ്പമുണ്ടായിരുന്നവർക്കും നന്ദി, ഒരു യാത്രയുടെ സാഫല്യം സമ്മാനിച്ചതിന്.

* ടി.വി. കൊച്ചുബാവയുടെ 'വൃദ്ധസദനം' എന്ന നോവലിൽനിന്ന്.

❖

വികൃതമായ മനസ്സിനേക്കാൾ അഭികാമ്യം വികൃതമായ മുഖമാണ് - ജെയിംസ് എലിപ്സ്

*With Best Compliments From*

# Parackal Distributors

Sanitary Wares & Tiles

*Authorised Dealers & Distributors for:*

H&R Johnson India Ltd.
Spartek Ceramics India Ltd.
Belt Ceramics Limited
Prince ISI PVC Pipe & Fittings
Duracrete Exterior Wall & Floor Tiles

Hindustan Sanitary Wares and Industries Ltd.
Neycer India Ltd.
AquaTech Water Tanks
Sakthiman Super ISI PVC Pipes
Champion Flushing Cisterns etc.

Manikath Road,Ernakulm, Cochin - 682 016.
Phone:2356474,2357678,2356834
Fax:2356904

*With best compliments from:*

# G.K. CONTRACTORS

ആയിരം വാക്കുകൾ ഉണ്ടാക്കാൻ കഴിയുന്നതിനേക്കാൾ മതിപ്പ് നല്ലൊരു പ്രവർത്തിക്കുണ്ടാക്കാൻ കഴിയും.

കവിത

റോഷ് റീറാ റോസ്
*Ist B.Sc Chemistry*

# ഗത്സമേനിലെ രക്തപുഷ്പങ്ങൾ



ഗത്സമെൻ ഭൂവിൽ ചുടുനിണപ്പൂക്കൾ
വിതറിയ, വിശ്വപ്രകാശമേ,
ത്യാഗപൂർണ്ണമാം നിൻ ഹൃത്തടം ധന്യം.

മനുഷ്യരാശിതൻ പാപമോചനം
തിരുരക്തശോഭയാൽ നീ പകർന്നേകി,
കാൽവരിയിൽ പൂത്തുലഞ്ഞ രക്തപുഷ്പമേ,
നിൻപീഢയോർക്കുമ്പോൾ അലിയുന്നു മമഹൃദയം

ഗത്സമെൻ ഭൂവിൽ ചുടുനിണപ്പൂക്കൾ
വിതറിയ വിശ്വപ്രകാശമേ,
ത്യാഗപൂർണ്ണമാം നിൻ ഹൃത്തടം ധന്യം

ഗത്സമെൻ ഭൂവിൽ രക്തം വിയർത്തു നീ,
തവതാതനോടായിരങ്ങൾക്കായി പ്രാർത്ഥിച്ചു
നിൻ പരിശുദ്ധമാം ശോണിതത്താൽ
മനുഷ്യകുലത്തിനു മോചനമേകി നീ.

(ഗത്സമെൻ)

**കഥ**

സബിന
*IInd BSc Chemistry*

# ഒരു പെൺകുട്ടിയുടെ വീണ്ടുവിചാരങ്ങൾ



കെട്ടിച്ചമയ്ക്കുന്ന ശുഭാന്ത്യങ്ങളുടെ വിരസത പോലെ, ഒരു സ്വപ്നത്തിൽ മതിമറന്നുറങ്ങുമ്പോഴാണ് അലാറം നിർത്താതെ കരയാൻ തുടങ്ങിയത്. ബോധത്തിന്റെ ശവമഞ്ചത്തിലേയ്ക്ക് എടുത്തെറിയപ്പെടാൻ എനിയ്ക്കെപ്പോഴും അല്പം സമയം കൂടുതൽ വേണ്ടിവരാറുണ്ട്. എപ്പോഴും അബ്നോർമൽ ആവാനുള്ള വ്യഗ്രത മനസ്സിൽ ഉള്ളതുകൊണ്ടാവും. എങ്കിലും അന്നു ചെയ്യേണ്ട പ്രവൃത്തികളുടെ പട്ടിക കണ്ണുകളിൽ തെളിയാൻ തുടങ്ങിയതോടെ ഒരു മടുപ്പും കൂടാതെ അലാറം നേരെയാക്കി ഞാൻ എഴുന്നേറ്റു. ഇനി തുടങ്ങേണ്ടത് ഒരു ഓട്ടമാണ്. വേണ്ടതിനും വേണ്ടാത്തതിനും ഞാൻ കാണിക്കാറുള്ള അമിതവേഗത, ഇപ്പോൾ ഏറെ ആസ്വദിക്കുന്നുണ്ട്. ഇവിടെ തുടങ്ങുകയായി, എന്റെ ചിന്തകളും പിരിമുറുക്കങ്ങളും ഇഷ്ടങ്ങളും ഇഷ്ടക്കേടുകളുമെല്ലാം.

താളബോധത്തിന്റെ അതിർവരമ്പുകൾക്കുമപ്പുറം തകർത്തുപെയ്യുന്ന മഴ. കുടയും ചൂടി ബസ് സ്റ്റോപ്പിൽ നില്ക്കുമ്പോൾ പരിചിത മുഖങ്ങളൊന്നുംതന്നെ കണ്ടില്ല. കണ്ണുകൾക്ക് നല്ലൊരു വിരുന്നൊരുക്കി റോഡിൽ മഴയൊരു നല്ല കച്ചേരി നടത്തുന്നുണ്ടായിരുന്നു. കണ്ണുകളേക്കാൾ വേഗത്തിൽ മനസ്സ് ആ നടപ്പാതയിലൂടെ സഞ്ചാരം തുടങ്ങിയെന്ന് എനിക്ക് തോന്നി.

പെട്ടെന്ന് മുന്നിൽ ഒരു അവ്യക്ത രൂപം ഒപ്പം ഒരു ചോദ്യവും "കൂടെ പോരുന്നോ?" ഒത്തിരി ദൂരം സഞ്ചരിച്ച മനസ്സ് തിരിച്ചെത്തി കാര്യങ്ങൾ മനസ്സിലാക്കാനെടുത്ത സമയം കൊണ്ട് ആ മുഖം ആൾക്കൂട്ടത്തിലെവിടെയോ മറഞ്ഞു. ആ മഴയിലും ഞാൻ വിയർത്തൊഴുകാൻ തുടങ്ങി. എന്റെ വിയർപ്പുതുള്ളികൾ ഓരോന്നും ഓരോ രക്തത്തുള്ളികളാണെന്നും അവയോരോന്നും ഓരോ ഭദ്രകാളി സ്വരൂപങ്ങളാണെന്നും ഇത്തരം ദാരികന്മാരുടെ തലയറുക്കാൻ കാളി എഴുന്നള്ളുമെന്നും പല്ലു കടിച്ചുകൊണ്ട് ഞാൻ വിചാരിച്ചു. ആഗ്രഹിച്ചു. അപ്പോഴും അപമാനഭാരത്താൽ നിൽക്കുന്ന ഞാനറിഞ്ഞില്ല, എന്റെ മുന്നിൽവന്നുനില്ക്കുന്നത് എനിക്ക് കയറാനുള്ള ബസ്സാണെന്ന്. എന്നെ ബഹുദൂരം പിന്നിലാക്കി അത് മറഞ്ഞു കഴിഞ്ഞപ്പോഴാണ് എനിയ്ക്ക് മനസ്സിലായത് ചിന്തകളുടെ ക്രൂരത, ഒപ്പം മനുഷ്യരുടേയും.

ബസ്സിൽകയറി സീറ്റുകിട്ടി ഇരുന്നപ്പോഴും മനസ്സിൽ ഒത്തിരിത്തവണ ആവർത്തിച്ചു. "കൂടെവരുന്നോ?" രക്തം തിളയ്ക്കുന്നുണ്ടെങ്കിലും നഷ്ടപ്പെടാൻ പോകുന്ന ഒരു നല്ല ദിവസത്തിന് ശവകുടീരം തീർക്കാതെ നോക്കാൻ മനസ്സു കഷ്ടപ്പെട്ടു. അപ്പോഴാണ് ഏതോ അദൃശ്യകരങ്ങൾ എന്നെ തഴുകുന്നതായിതോന്നിയത്. എന്റെ തോന്നലായിരിക്കാം. അല്ല. എവിടെയൊക്കെയോ ചില അസ്വസ്ഥതകൾ. തിരിഞ്ഞിരുന്ന് വേണ്ട മറുപടി കൊടുക്കാൻ തുടങ്ങുമ്പോഴേയ്ക്കും കണ്ടത് ഒരു മദ്ധ്യവയസ്ക്കന്റെ ദയനീയ മുഖം.

ഹൃദയം അന്ധമാണെങ്കിൽ കണ്ണുണ്ടായതുകൊണ്ട് എന്തുഫലം?

> *താളബോധത്തിന്റെ അതിർവരമ്പുകൾക്കു മപ്പുറം തകർത്തു പെയ്യുന്ന മഴ. കുടയും ചൂടി ബസ് സ്റ്റോപ്പിൽ നില്ക്കുമ്പോൾ പരിചിത മുഖങ്ങളൊന്നും തന്നെ കണ്ടില്ല.*

എനിക്കെന്താണ് അപ്പോൾ തോന്നിയത്? കരയാനോ ചിരിയ്ക്കാനോ? ഇറങ്ങി നടക്കുമ്പോൾ ഓർമ്മവന്നത് എവിടെയോ വായിച്ച കവിതയുടെ ഒരു വരി "മന്ദമാരുതന്റെ തലോടലാൽ പുളകിതയാകുന്ന പുഴ."

കോളേജിന്റെ ഇടനാഴികളിൽക്കൂടി നടക്കുമ്പോഴും ഞാനറിയാതെ ഞാൻ ചിന്തിച്ചുകൂട്ടിയത് എന്തിനെക്കുറിച്ചായിരുന്നു? എന്തായാലും എന്റെ ചിന്തകൾക്ക് ആക്കം കൂടുന്നു. അറിയില്ല. എവിടെ അവസാനിപ്പിയ്ക്കണമെന്ന്.

ക്ലാസ്സിലെ എല്ലാവിധ ബഹളങ്ങൾക്കുമിടയിൽ ഞാനും അലിഞ്ഞു ചേരുകയാണ്. എന്റെ ചിന്തകളേ, നിങ്ങൾക്ക് തത്കാലം വിട! എങ്കിലും കുറച്ചു സമയങ്ങൾക്കുശേഷം വീണ്ടും വന്നുവീണത് അതിരുകളില്ലാത്ത സ്വപ്നങ്ങളുടെ മേച്ചിൽപ്പുറങ്ങളിലാണ്. അപ്പോഴേയ്ക്കും ബോർഡിൽ തെളിഞ്ഞു കിടന്ന ഗ്ലൂക്കോസിന്റേയും റൈബോസിന്റെയുമെല്ലാം രൂപങ്ങൾ മനസ്സിൽ ഒരായിരം ചോദ്യങ്ങൾ തീർത്തു. എങ്കിലും വരച്ചെടുത്തവയ്ക്കൊന്നും ആ രൂപങ്ങളുമായി യാതൊരു സാമ്യവുമില്ലായിരുന്നു.

നീരജ, എന്റെ കൂട്ടുകാരി. ചിന്തകളുടെ കാര്യത്തിൽ ജീവിതത്തോടുള്ള സമീപനത്തിൽ എല്ലാം ഞങ്ങൾ തമ്മിലുള്ള സാമ്യങ്ങളായിരിക്കാം ഞങ്ങളെ അടുപ്പിച്ചത്. ക്ഷോഭിക്കുന്ന സ്ത്രീത്വത്തിന്റെ ഒരു ചരായ അവൾക്കാരോ പകർന്നു നല്കിയിരിക്കുന്നു.

അതുകൊണ്ടുതന്നെ പക്ഷപാതപരമായ പലപെരുമാറ്റങ്ങളിലും മനസ്സുനീറി എടുത്തുചാടാൻ തുടങ്ങുമ്പോഴേയ്ക്കും വിലക്കുകൾ അനവധിയായിരുന്നു ഞങ്ങൾക്കു മുന്നിൽ. ഒരു നിമിഷത്തെ ക്ഷോഭത്തിനുമേൽ തൂങ്ങിയാടുന്നത് നിരവധിയാണ്- സ്വന്തം പഠനം, സ്വന്തം ഭാവി, കേൾക്കേണ്ടിവരുന്ന തന്റേടി, ധിക്കാരി തുടങ്ങിയ വിശേഷണങ്ങളും. എങ്കിലും നുരഞ്ഞു പൊന്തുന്ന വിദ്വേഷത്തെ കടിച്ചമർത്താൻ കഴിയില്ലായിരുന്നു.

രാത്രിയിൽ ഏകാന്തതയുടെ മുൾമുനയിൽ ഓരോ സംഭവങ്ങളേയും വിചാരണ ചെയ്യാൻ ശ്രമിക്കുകയായിരുന്നു ഞാൻ. എന്റെ ചിന്തകൾക്ക് ചിറകു മുളയ്ക്കുന്നത് ഞാനറിഞ്ഞു. സ്വന്തം അഭിപ്രായം വിളിച്ചുപറഞ്ഞാൽ അവിടെ ഞാൻ തന്റേടിയായി. എവിടെയും അടിയറവയ്ക്കുവാൻ എനിക്കുള്ളത് ഒന്നുമാത്രം- എന്റെ വ്യക്തിത്വം. വീട്ടിലും നാട്ടിലും കോളേജിലും അനുരാധ എന്ന എനിക്കുള്ള വിശേഷണങ്ങൾ പലതാണ്. മകൾ, വിദ്യാർത്ഥിനി, പെൺകുട്ടി എന്നിങ്ങനെ പോകുന്നു. പക്ഷേ, അനുരാധ എന്ന വ്യക്തിയെ പരിഗണിക്കാൻ ആരുമില്ല. സ്വന്തം ജീവിതത്തെകുറിച്ചുപോലുമുള്ള സ്വപ്നങ്ങൾക്കും ചിന്തകൾക്കും മറ്റൊരു പരിവേഷം നല്കാനാണ് സമൂഹം ശ്രമിക്കുന്നത്. എവിടെയെങ്കിലും സ്വാതന്ത്ര്യത്തോടെ അഭിപ്രായം പറയാൻ മുതിർന്നാൽ, പലർക്കും ഉണ്ട ചോറിൽ കല്ലുകടിച്ച പ്രതീതിയാണ്. ചുരുക്കത്തിൽ, എന്റെ ജീവിതത്തിൽ പോലും എനിക്ക് ഒരു അവകാശവുമില്ല. ചിന്തകൾ ഇത്രത്തോളമായപ്പോൾ സഹിക്കാനാവാതെ ഞാൻ വിമ്മിക്കരഞ്ഞു പോയി. എല്ലാം വലിച്ചെറിഞ്ഞ്, എല്ലാ ചങ്ങലകളും പൊട്ടിച്ചെറിഞ്ഞ് പോയാലോ? എന്റെ ജീവിതം എനിക്കിഷ്ടമുള്ളതുപോലെ ജീവിക്കാനുള്ളതാണ്. മാധവിക്കുട്ടിയേയും സാറാജോസഫിനേയുമൊക്കെ ആരാധിച്ചിരുന്ന മനസ്സ് ആ പാതയിൽ ചരിക്കാൻ കൊതികൊണ്ടു. പോകാം, ഈ വീട്ടിൽ നിന്നിറങ്ങിപ്പോകാം. ഈ നാട്ടിൽ നിന്നുപോകാം. എത്തുന്നതോ? സമൂഹത്തിന്റെ വ്യവസ്ഥകളിൽ യാതൊരു മാറ്റവുമില്ലാത്ത മറ്റേതോ നാട്ടിൽ. അവിടെ ആരുണ്ടാവും എനിയ്ക്ക്? മാധവിക്കുട്ടിയുണ്ടാവുമോ? സാറാ ടീച്ചറുണ്ടാകുമോ? ഇല്ല. കൂട്ടിന് കുറേ ജീർണ്ണിച്ച വിശ്വാസങ്ങൾ മാത്രം.

ചിന്തകൾ ഭ്രാന്തുപിടിപ്പിക്കാതിരിക്കാനായി ഞാൻ തിരിഞ്ഞു നടക്കാൻ തുടങ്ങി. ഞാൻ - രവിമേനോന്റെയും സുമയുടേയും മകൾ അനുരാധ! അനുരാധ മാത്രം. ഈ തിരിച്ചറിവിൽ സുന്ദരമായ ഒരു സ്വപ്നത്തിലേയ്ക്ക് ഞാൻ വഴുതി വീഴുകയാണ്... ഒപ്പം സുഖകരമായ നിദ്രയിലേയ്ക്കും...

ഓരോരുത്തരും അവനവന്റെ മുറ്റം വൃത്തിയാക്കിയാൽ തെരുവു തനിയേ വൃത്തിയായിക്കൊള്ളും - ബെർണാഡ് ഷാ

**കവിത**

ഷാനി പി. എ.
*IInd B.Sc. Zoology*

# *എഴുപതുകൾക്ക് പ്രണയപൂർവ്വം

ഞാൻ നിന്നെ പ്രണയിക്കുന്നു 'വസന്തമേ',
വരണ്ട ഈ ക്ലാസ്മുറിയിൽ നിന്നും
മഴ തോരാതെ പെയ്യുന്ന നിന്റെ തിരുമുറ്റത്തേയ്ക്ക്...
ആംഗലേയം മൊഴിയുന്ന ഈ മതിൽക്കെട്ടിനുള്ളിൽനിന്നും
മലയാളത്തിന്റെ മധുരമറിയാൻ നിന്നോടൊപ്പം
ഫാഷൻ ഭൂതങ്ങളുടേയും സിനിമാറ്റിക്
പ്രേതങ്ങളുടേയും ഈ തടവറയിൽനിന്ന്
ചിന്തയുടെ പേറ്റുനോവറിയാൻ നിന്നിലേയ്ക്ക്...
'അവനവനിസ'ത്തിന്റെ ഈ വറചട്ടിയിൽനിന്ന്
'നിങ്ങൾക്കായ്' നിന്നോടുകൂടെ...
ശൂന്യതയുടെ ഈ മരച്ച കൂട്ടിൽനിന്നും
വിപ്ലവത്തിന്റെ ചൂടേൽക്കാൻ...
ഞാനും വരുന്നു...
ഓ... വസന്തമേ... ഞാനും വരട്ടെ...?



*1970കളിലെ 'വസന്തത്തിന്റെ ഇടിമുഴക്കം' ഓർമ്മിയ്ക്കുക

കഥ

ജിഷ എസ്.
IInd B.Sc Physics

# നീലക്കുറിഞ്ഞികൾ പൂക്കുന്നകാലം...

രാവിലെ എഴുന്നേറ്റത് അമ്മ വഴക്ക് പറയുന്ന ശബ്ദംകേട്ടു കൊണ്ടാണ്. ടൈം 8.30. ഹൊ! അവധിയായപ്പം ഇതൊരു ശീലമായി. പക്ഷേ ഇന്ന് കോളെജിൽ പോകണമെന്നതുകൊണ്ട് നേരത്തെ ഉണരണമെന്നോർത്തതാണ്.

കാപ്പി കുടിക്കാൻ ചെന്നപ്പോഴാണ് വഴക്കിന്റെ ഇര അച്ഛനാണെന്നും, വിഷയം അമ്മൂമ്മയാണെന്നും, മനസ്സിലായത്. "നിങ്ങൾ രണ്ടു കാര്യം മാത്രം ചെയ്തു തന്നാൽ മതി. ഒരു ഹോംനഴ്സിനെ വയ്ക്കുക. അവരെ ആ മുറിയിൽനിന്ന് മാറ്റുക." അമ്മ ശരിക്കും ദേഷ്യത്തിലായിരുന്നു. ഇന്നലെ നാൻസിയാന്റി വന്നപ്പോൾ സച്ചുവാണ് ആ മുറി തുറന്നത്, വഴക്ക് കിട്ടിയത് എനിയ്ക്കും! അമ്മ നിന്ന് ചൂളുകയായിരുന്നു. ആന്റിയുടെ കുത്തിക്കുത്തിയുള്ള ചോദ്യം കേട്ടപ്പോഴേ ഞാനോർത്തു ഇന്നൊരു പൊട്ടിത്തെറിയുണ്ടാകുമെന്ന്.

സച്ചു ഇന്നും പോയി അമ്മൂമ്മയുടെ മുറി തുറക്കുകയാണ്. അവനെപ്പോഴും അതിനകത്താണ്. തളർന്നു കിടക്കുന്ന അമ്മൂമ്മയുടെ അടുത്തു പോയി ഇവനെന്തു ചെയ്യുവാ. "സച്ചു, വാടാ ഇവിടെ. നിനക്കെന്താ ഈ ഇരുട്ടുമുറിയിൽ പണി." പിടിച്ചു വലിച്ചാലും വരില്ല ചെറുക്കൻ. വഴക്ക് പറഞ്ഞാൽ 'ഷിറ്റ്,' 'ഷിറ്റ്' എന്നും പറഞ്ഞോണ്ടിരിക്കും. അവനെ പുറത്തിറക്കി കതകടയ്ക്കും മുൻപ് ഞാൻ തിരിഞ്ഞു നോക്കി. ഇരുട്ടിൽ പഴയ കട്ടിലിൽ നിന്ന് ഒരു ശോഷിച്ച കൈ പൊങ്ങി. ചെറുകാറ്റിൽ ഒടിയാറായ ഒരു കമ്പ് അനങ്ങുന്നതുപോലെ... ഞാൻ ധൃതിയിൽ കതക് വലിച്ചടച്ചു.



നിങ്ങൾ രണ്ടു കാര്യം മാത്രം ചെയ്തു തന്നാൽ മതി. ഒരു ഹോംനഴ്സിനെ വയ്ക്കുക. അവരെ ആ മുറിയിൽനിന്ന് മാറ്റുക.

ഇറങ്ങാൻ നേരത്താണ് അച്ഛൻ എവിടേയ്ക്കാണെന്ന് അന്വേഷിച്ചത്. കോളെജിൽ Social Serive Club - ന്റെ അംഗങ്ങളെല്ലാവരും കൂടി Old age home സന്ദർശിക്കുന്നുവെന്ന് പറഞ്ഞപ്പോൾ അച്ഛൻ ചിരിച്ചു. ഞാനും വെറുതെ ചിരിച്ചു. 'ഇതാണോ വേഷം' അച്ഛൻ ചോദിച്ചു. മാറ്റാൻ സമയമില്ലെന്നും പറഞ്ഞ് ഞാനിറങ്ങി. അമ്മ പറയും പോലെ അച്ഛനൊരു പഴഞ്ചനാ.

കോളെജിൽ എത്തിയപ്പോഴേ മെറിൻ അവിടെയുണ്ടായിരുന്നു. അവധിക്കാലത്തെ ഒരുപാട് വിശേഷങ്ങൾ അവൾക്ക് പറയാനുണ്ടായിരുന്നു. അവളുടെ ബോയ്ഫ്രണ്ടിന്റെ വിശേഷങ്ങളും കണ്ട, films ഉം, ഗോസിപ്പും... അവളോട് സംസാരിച്ചിരിക്കുന്നത് രസമാണ്. വേറേതോ ലോകത്തിലെത്തിയതുപോലെ. അവളുടെ വീട്ടുകാർ ശരിക്കും forward type ആണ്. Dating ഒന്നും പ്രശ്നമല്ല. എനിക്കസൂയ തോന്നി. വിഡ്ഢിച്ചിരി

കോളെജിൽ നിന്ന് അധികം ദൂരെയല്ല വൃദ്ധസദനം. ഉച്ചയ്ക്ക് ഊണ് കുട്ടികളുടെ വകയായിരുന്നു. ഇത്തരം സഹായങ്ങൾക്കല്ല, മറ്റു ചിലതിനാണ് നിങ്ങൾ വന്നിരിക്കുന്നതെന്നും, സ്നേഹപൂർവ്വം പെരുമാറണമെന്നും സാറ് ഓർമ്മിപ്പിച്ചു.

യുള്ള അവളുടെ ബോയ്ഫ്രണ്ടിനെ പക്ഷേ എനിയ്ക്കൊട്ടും ഇഷ്ടമല്ല.

പുതിയ ഹിന്ദിചിത്രത്തിന്റെ കഥ പറയുന്നതിനിടെ അവൾ പറഞ്ഞു. "നീ അറിഞ്ഞില്ലേ, വട്ടൻ പ്രഫസറും ഇന്ന് നമ്മുടെ കൂടെ വരുന്നുണ്ട്. ബോറ്." ഇവിടെ ക്യാംപസിൽ ജീവിതമില്ലെന്നും, കുട്ടികൾ ഭൂമിയിലേയ്ക്കിറങ്ങി വന്ന് ഈ പച്ചമണ്ണിൽ ചവുട്ടി നിൽക്കാനും പറയുന്ന ജുബ്ബാക്കാരൻ സാറ്. ഞങ്ങൾ മറ്റുകുട്ടികൾക്കൊപ്പം ഹാളിലേയ്ക്കു നടന്നു. നിറയെ 'ഹായ്' വിളികൾ. കണ്ടിട്ട് കുറെ കാലമായില്ലേ. ജുബ്ബാസാറ് നിർദേശങ്ങൾ തരാൻ തുടങ്ങി. സാറിന് കുട്ടികളെ പുച്ഛമാണോ എന്ന് ഞാൻ പലവട്ടം ചിന്തിച്ചിട്ടുണ്ട്. അത്തരത്തിലാണ് സംസാരിക്കുന്നത്. ഇന്നും പറഞ്ഞു "നിങ്ങൾ പോകുന്നത് ഈ യുഗത്തിന്റെ വാനപ്രസ്ഥം കാണാനാണ്. ശൗചം ചെയ്യാത്തവനിൽനിന്ന് കടമെടുത്ത, ഇന്നത്തെ സംസ്കാരമെന്ന് പറയാനാകാത്ത സാധനത്തിന്റെ ബാക്കിപത്രങ്ങൾ കുട്ടികളെ, നാം വീട്ടാൻ മറക്കുന്ന കടം..." സാറ് പറയുന്നതൊന്നും കേൾക്കാൻ കഴിയുന്നില്ല. മെറിന്റെ ശബ്ദം അതിനും മേലെയായിരുന്നു.

കോളെജിൽ നിന്ന് അധികം ദൂരെയല്ല വൃദ്ധസദനം. ഉച്ചയ്ക്ക് ഊണ് കുട്ടികളുടെ വകയായിരുന്നു. ഇത്തരം സഹായങ്ങൾക്കല്ല, മറ്റു ചിലതിനാണ് നിങ്ങൾ വന്നിരിക്കുന്നതെന്നും, സ്നേഹപൂർവം പെരുമാറണമെന്നും സാറ് ഓർമ്മിപ്പിച്ചു. സാറിനൊപ്പം നടക്കുന്നത് ചിലർക്കിഷ്ടമായിരുന്നു. എനിക്കും. പക്ഷേ ഇവരൊക്കെ എനിയ്ക്ക് വട്ട് കേറിയെന്ന് പറയും.

ചെന്ന് കേറിയപ്പോൾ കണ്ട ഹാളിൽ ഒരുപാട് പേരുണ്ടായിരുന്നു. മോണ കാട്ടിചിരിയ്ക്കുന്നവർ, നിറകണ്ണുകളോടെ നോക്കുന്നവർ, കരയാനും, ചിരിയ്ക്കാനും മറന്നവർ... മെറിനോട് ഞാൻ മിണ്ടാതിരിയ്ക്കാൻ പറഞ്ഞു. പെട്ടെന്ന് ഒരമ്മ എന്റെ കൈപിടിച്ച് അടുത്തിരുത്തി എന്തൊക്കെയോ ചോദിച്ചു. ഞാൻ നോക്കുമ്പോൾ എല്ലാവരും ഓരോരുത്തരോടായി സംസാരിച്ചിരിക്കുകയായിരുന്നു. കൈ പിടിച്ച് കരയുന്ന ഒരു വല്ല്യച്ഛനെ നോക്കി പകച്ചിരിക്കുന്ന മെറിൻ. ഞാൻ സാറിനെ നോക്കി. ഞങ്ങളെ തോൽപ്പിച്ച സന്തോഷത്തോടെ സാറ് നിൽക്കുന്നു.

തളർന്നു കിടക്കുന്നവർക്കുള്ള നിലയിലെത്തിയപ്പോൾ അവിടെയെന്തോ മണമുണ്ടായിരുന്നു. മെറിൻ മൂക്കുപൊത്തി. പക്ഷേ എനിക്കീ മണം പരിചയമുണ്ട്. ഇതിനേക്കാൾ തീക്ഷ്ണതയിൽ. കിടക്കുന്ന ഓരോ വൃദ്ധരും ഓരോ നോട്ടത്തിലൂടെ തങ്ങളുടെ വിറയലോടെ മിടിക്കുന്ന ഹൃദയം എനിക്ക് തരികയാണോ: നെഞ്ചിന് ഭാരം കൂടുന്നു. ദൂരെ അറ്റത്തെ കട്ടിലിൽ ജനൽക്കമ്പിയിൽ എത്തിപ്പിടിച്ചിരിക്കുന്ന ശോഷിച്ച കൈകണ്ട് ഞാൻ ഞെട്ടിത്തിരിഞ്ഞു. സാറ് വിളിച്ചു. "ഊണ് വിളമ്പുന്നിടത്ത് പോകാം".

ഊണ് വിളമ്പിയത് കുട്ടികൾ തന്നെയായിരുന്നു. മിക്കവരുടേയും വീട്ടിൽ ഈ പ്രായത്തിൽ ആരുമില്ല. അതാണോ ഇത്ര സ്നേഹം തോന്നുന്നത്. ഓരമ്മ ആദ്യത്തെ ഉരുള ഉരുട്ടി പാത്രത്തിനരികിൽ വച്ചു. "ഇതെന്തിനാ കഴിയ്ക്കാതെ വെച്ചിരിക്കുന്നത്" മെറിൻ ചോദിച്ചു. സിനിമയിൽ കാണാറുള്ള ഐശ്വര്യമുള്ള തറവാട്ടമ്മയുടെ മുഖം. അമ്മൂമ്മ ഇങ്ങനെയായിരുന്നോ? എനിക്കോർമ്മയില്ല. "ഇത് കാക്കയ്ക്കും കിളിക്കുമുള്ളതാ മോളേ." കഴിച്ച് കഴിഞ്ഞ് പാത്രം കഴുകുമ്പോൾ സൂക്ഷ്മതയോടെ ആ ഉരുള വാഴച്ചോട്ടിലിടുന്ന അമ്മയെ കണ്ടപ്പോൾ സാറ് ചോദിച്ചു. "ഈ തലമുറയുടെ നന്മ എവിടെവച്ചാണ് ചോർന്ന് പോയത്?"

തിരികെ പോരുമ്പോൾ വീണ്ടുമെത്തുമെന്ന് ഞാനൊഴികെ എല്ലാവരും ഉറപ്പ് പറഞ്ഞു. ഇറങ്ങി നടക്കുമ്പോൾ ഒരുപാട് കുട്ടികൾ സാറിനൊപ്പം ചേർന്നു. അവർ പലതും ചോദിക്കുകയും പറയുകയും ചെയ്തുകൊണ്ടിരുന്നു. പക്ഷേ ഞാൻ മാത്രം ഒന്നും മിണ്ടിയില്ല. ഇരുട്ടിൽ നീണ്ട കൈകൾ അപ്പോഴും എന്റെ മനസ്സിൽ എന്തിനോ തിരയുകയായിരുന്നു. ❖

വനത്തിലാണ് ജീവിക്കുന്നതെങ്കിലും വിറക് ഉപയോഗശൂന്യമാക്കിക്കളയരുത്. - ചൈനീസ് പഴമൊഴി

കവിത

സന്തോഷ് സെബാസ്റ്റ്യൻ
IInd B.Sc. Physics

# എവിടേയ്ക്ക്?

നദി ഒഴുകുകയാണ്.
എവിയ്ടേക്കെന്നറിവില്ലാതെ
ദിനങ്ങളും രാവുകളും കടന്ന്
നാട്ടരുവികൾ തഴുകി
കാടിന്റെ കിനാവുകൾ തേടി
സ്വത്വത്തിന്റെ സ്വപ്നവും പേറി
കാലത്തിന്റെ ഗതിയറിഞ്ഞ്
നേരിന്റെ നെറിവ് രുചിച്ച്
ശാന്തിയുടെ തീരം തഴുകി
രക്തവും യുദ്ധവും ഊഷരമാക്കിയ
ഏകാന്തതയുടെ തെരുവും
നിലാംബരിയുടെ പുകയും
സ്നേഹം വറ്റിയ കിണറുകളും
തഴുകി ഒഴുകുകയാണ്
നദി ഒഴുകുകയാണ്
എവിടേയ്ക്കെന്നറിവില്ലാതെ...



രണ്ടു തവണ ഒരേ കല്ലിൽ തട്ടി വീഴുന്നത് നാണക്കേടാണ് - സെയ്സ്റോൻ

## അഭിമുഖം

തയ്യാറാക്കിയത് :-
Nevin Noble, Rakesh Peter,
Karol Mathews, Santhosh Sebastian



# *Hello...* MR. PERRERA...

കറുത്ത കോട്ടും കണ്ണടയും ധരിച്ച് ചുണ്ടിൽ പൈപ്പും തിരുകി വാക്കിംങ്ങ് സ്റ്റിക് കറക്കി നില്ക്കുന്ന, ഒരു അത്യാധുനിക വില്ലന്റെ ചിത്രം Jose Prakash. മലയാള സിനിമയെ വാക്കുകളുടെ ഗാംഭീര്യം കൊണ്ടും അഭിനയത്തിന്റെ അനന്തതകളും ഉപയോഗിച്ച് വിറകൊള്ളിച്ച മലയാളത്തിന്റെ സ്വന്തം **Hello.. Mr. Perrera.....** ഇന്നും പഴയമയുടെ താളുകളിൽനിന്ന് ആധുനികതയുടെ അഭ്രപാളികളിൽ മുഴങ്ങുന്നു. 1925- ഏപ്രിൽ 14 ന് കോട്ടയത്ത് മുൻസിഫ് കോടതി ഉദ്യോഗസ്ഥനായ K.J. Joseph ന്റെയും ഏലിയാമ്മയുടേയും മകനായി ബേബി എന്നു വിളിപ്പേരുള്ള Joseph ജനിച്ചു. കോട്ടയം തിരുനക്കര മൈതാനത്തെ കോരിത്തരിപ്പിച്ചു പാടിയ ഗായകൻ - ജോസഫ് മലയാളത്തിന്റെ ജോസ് പ്രകാശായി മാറി.

മംഗളാ പിക്ചേഴ്സിന്റെ ബാനറിൽ തിക്കുറിശ്ശിയും സുഹൃത്തുക്കളും ചേർന്നുള്ള 'ശരിയോ തെറ്റോ' എന്ന ചിത്രത്തിലൂടെ പിന്നണി ഗായകനായും നടനായും അരങ്ങേറ്റം കുറിച്ച ജോസ്പ്രകാശ്, തെരുവു ഗായകനിൽ നിന്ന് മലയാളത്തിലും തമിഴിലും ആയി 500 ലേറെ ചിത്രങ്ങളിലായി അഭിനയിച്ചു.

ഇന്ന് വിധിയുടെ ക്രൂരതകളോട് പിണങ്ങാതെ എറണാകുളത്ത് വളഞ്ഞമ്പലത്തുള്ള പ്രകാശ് ഭവനിൽ രോഗത്തിന്റെ മാറാലകളോട് ഇണങ്ങി - സമൂഹത്തിന്റെ ദിശനഷ്ടപ്പെട്ട തലയിൽ ഞങ്ങളുമായും സമകാലീന രാഷ്ട്രീയത്തിലെ പേക്കിനാവുകളെക്കുറിച്ച് പ്രതികരിക്കാൻ മറന്നില്ല.

വാർത്തകളുടെ അലോസരതയിൽ അലസത തോന്നി ടി.വി. ഓഫ് ചെയ്യുമ്പോൾ, ഞങ്ങളോടായ് ചോദിക്കാൻ മറന്നില്ല.

എന്താ മക്കളേ എവിടുന്നാ! തേവര കോളെജിൽ നിന്നു എന്ന് കേട്ടപ്പോൾ സന്തോഷത്തോടെ സ്വീകരിച്ചു.

അദ്ദേഹവുമായുള്ള അഭിമുഖത്തിൽ നിന്ന് :-

**ലജ്ജാവതി പോലുള്ള പാട്ടുകൾ മലയാളത്തിൽ തുടങ്ങിവച്ച പുതിയ വിപ്ലവത്തെ ഒരു മുൻകാല ഗായകൻ എന്ന രീതിയിൽ എങ്ങനെ കാണുന്നു.?**

ലജ്ജാവതി എന്ന ഗാനത്തിന്റെ മൂല്യത്തെക്കുറിച്ച് പറയുവാൻ ഞാൻ ആളല്ല പക്ഷേ, ഇത്തരം പാട്ടുകൾ ഇന്നത്തെ ഹിറ്റായിരിക്കാം, പക്ഷേ

നാളത്തേതാവാൻ വഴിയില്ല. താമസമെന്തേ... പോലുള്ള പാട്ടുകൾ അതിന്റെ ശാലീനത കൊണ്ടാണ് ജനം സ്വീകരിച്ചതും ജനം ഓർക്കുന്നതും. മെലഡികൾ കൂടുതലായി നിലനില്ക്കും എന്നാണ് കരുതുന്നത്. ഇതുപോലുള്ള ഒച്ചപ്പാടും ബഹളവും നിലനില്ക്കുമോ...

**രാഷ്ട്രീയത്തിലെന്നപോലെ സിനിമയിലും വളർന്നു വരുന്ന Amma, Macta, Chamber പോലുള്ള സംഘടനകൾ സിനിമയ്ക്ക് ഉപകാരപ്പെടുമോ?**

ഇപ്പോൾ സിനിമയിൽ 3 ഗ്രൂപ്പുകളാണ് ഉള്ളത് എന്നാണ് ഞാനറിയുന്നത്. കേരള രാഷ്ട്രീയം പോലെ ഒരു അവിയലായി ഇന്നത്തെ സിനിമാ മേഖല. 300 ലധികം പേരുള്ള സംഘടനകൾ ഒന്നുചേർന്നാൽ 3 തരത്തിലുള്ള അടികളായി.

**ഇത്തരം സംഘടനകൾ താങ്കളെപ്പോലുള്ള മുൻകാല നടന്മാർക്ക് വേണ്ടത്ര അംഗീകാരം നല്കുന്നുണ്ടോ?**

സംഘടനകൾ അവരുടെ വഴിക്കു നല്ല ജോറായി പ്രവർത്തിക്കുന്നുണ്ട് എന്നാണ് ഞാൻ കരുതുന്നത്. അതുകൊണ്ട് തന്നെ അവർക്ക് സമയവുമില്ല, വിളിക്കാറുമില്ല. വല്ലപ്പോഴും ആരെങ്കിലും ഒക്കെ എറണാകുളത്തുവരുമ്പോൾ വരാറുണ്ട്, അത്രമാത്രം.

**പഴയ സിനിമാലോകത്തെയും ഇന്നത്തെ സിനിമാ ലോകത്തെയും എങ്ങനെ വിലയിരുത്തുന്നു.?**

പണ്ട് ഒരു സിനിമയുടെ മുഴുവൻ വർക്കും തീരുന്നതിന് ആറോ ഏഴോ മാസങ്ങൾ എടുക്കുമായിരുന്നു. പക്ഷേ, ഇന്ന് രണ്ടോ മൂന്നോ മാസങ്ങൾകൊണ്ട് മുഴുവൻ വർക്കും തീരും. അതുകൊണ്ട് തന്നെ ഇന്ന് ഒരു പാട് സിനിമകൾ ഒരു കൊല്ലത്തിൽ വരുന്നുണ്ട്, ജനം കാണുന്നുമുണ്ട്.

**കഥാമൂല്യമുള്ള സിനിമകൾ ജനം സ്വീകരിക്കാത്തതെന്തുകൊണ്ട്?**

പഴയപോലെയല്ല? ജീവിതം വളരെ Speed ആയിപോയി. ആർക്കും ഒന്നിനും സമയം ഇല്ല, അങ്ങനെ ഒരു അവസ്ഥയിൽനിന്നു സിനിമ കാണാൻ വരുന്നവർ തീർത്തും enjoyment മാത്രമേ ആഗ്രഹിക്കുന്നുള്ളൂ. ജനസംഖ്യാ വർദ്ധനവാണ് ജീവിതം Speed ആയി പോയതിന് കാരണം അതിന് എങ്ങനെ എങ്കിലും വിരാമമിടുവാൻ കഴിയണം.

**നല്ല കഥകൾ ഉൾക്കൊള്ളുന്ന ചെമ്മീൻ പോലുള്ള സിനിമകൾ ഇന്നു വളരെ കുറവാണല്ലോ?**

വായിക്കാനും മനസ്സിലാക്കാനും ക്ഷമയാരും കാണിക്കുന്നില്ല ക്ഷമ നശിക്കുന്നതു തന്നെയാണ് വായനാശീലം ക്ഷയിച്ചു പോകാൻ കാരണം. Fast Track ൽ നടക്കുന്നവന് Slow Track ഇഷ്ടപ്പെടുമോ? പിന്നെ ഇന്നത്തെ സിനിമകൾ നിർമ്മാതാവിന്റെ മരണത്തിനും സംവിധായകന്റെ വളർച്ചയ്ക്കും കാരണമാകുന്നുണ്ട്.

**സിനിമ മാധ്യമധർമ്മം നിർവഹിക്കുന്നുണ്ടോ?**

ഇന്ന് സിനിമ ആകെ ലക്ഷ്യം വയ്ക്കുന്നത് പണത്തിലാണ്.

പണം ഉണ്ടാക്കുക എന്ന ഒരു ലക്ഷ്യം അല്ലാതെ വേറെ എന്തെങ്കിലും ധർമ്മം സിനിമയ്ക്കിന്നുണ്ടോ? പിന്നെ നമ്മൾക്ക് ഭാവി പ്രവചിക്കുവാൻ കഴിയില്ലല്ലോ. പണ്ടത്തെ ഗ്രാമഫോൺ ഇന്നുണ്ടോ?

**തമിഴ്നാട്ടിലെ പോലെ മലയാളത്തിൽ സിനിമാക്കാർ രാഷ്ട്രീയത്തിലിറങ്ങിയാൽ വിജയിക്കുമോ?**

എനിക്കു തോന്നുന്നില്ല. തമിഴർക്കും മലയാളികൾക്കും രണ്ടു



അജ്ഞത മനസ്സിന്റെ രാത്രിയാണ്. പക്ഷേ, ചന്ദ്രനും നക്ഷത്രവും ഇല്ലാത്ത രാത്രി - കൺഫ്യൂഷ്യസ്

വീക്ഷണമാണ്. മലയാളികൾ സിനിമാക്കാരെ കലാകാരന്മാരായിട്ടു മാത്രമേ കരുതുന്നുള്ളൂ. അതുകൊണ്ട് തന്നെ അവൻ സിനിമാക്കാരായ രാഷ്ട്രീയക്കാരെ സ്വീകരിക്കുമോ. ഞാൻ ഒരു പ്രവചനത്തിനില്ല.

**വിശ്രമജീവിതം ആസ്വദിക്കുന്നുണ്ടോ?**

ഇല്ല. വളരെ Boaring. മരണമാണ് ഇപ്പോൾ എന്റെ കൂട്ടുകാരൻ. ഇപ്പോൾ പഴയകാല നടന്മാരിൽ ഞാനടക്കം 4 പേരെ ജീവിച്ചിരിപ്പുള്ളൂ. പറവൂർ ഭരതൻ, ജി.കെ. പിള്ള, റ്റി.കെ. ബാലചന്ദ്രൻ എന്നിവർ. ബാക്കിയുള്ളവരെല്ലാം രക്ഷപ്പെട്ടു പോയില്ലേ.

**മിമിക്രിയിലൂടെ സിനിമയ്ക്കു വരുന്ന പുതിയ നടന്മാരുടെ പ്രകടനത്തെ എങ്ങനെ വിലയിരുത്തുന്നു?**

പണ്ട് നാടകമായിരുന്നു അതുപോലെ ഇന്ന് മിമിക്രി. മിമിക്രിയും ഒരു കഴിവാണല്ലോ, ഒരേ സമയം ഒന്നിലധികം ശബ്ദവും അനുകരണവും നടത്തുവാൻ ആർക്കെങ്കിലും സാധിക്കുമോ? സാധിക്കുന്നവരെ അഭിനന്ദിക്കണം. താങ്കളെപ്പോലുള്ള നടന്മാരെയും അതുപോലെതന്നെയുള്ള രാഷ്ട്രീയക്കാരെയും അനുകരിക്കുന്ന രീതി മിമിക്രിക്കാർ തുടരുന്നതു ശരിയാണോ? മിമിക്രി ഒരു പരിധി വരെ ഞാൻ ആസ്വദിക്കാറുണ്ട്. വളരെ Humorous ആയിട്ടാണല്ലോ അവർ പരിപാടികൾ അവതരിപ്പിക്കുന്നത്. ഒരിക്കലും ആരുടേയും വ്യക്തിത്വഹത്യ നടത്തുന്ന വേദിയായി മിമിക്രി അധഃപതിക്കരുത്.

**മമ്മൂട്ടിയേയും മോഹൻലാലിനേയും കുറിച്ച് സുകുമാർ അഴീക്കോട് നടത്തിയ പരാമർശത്തെ എങ്ങനെ വിലയിരുത്തുന്നു?**

അഴീക്കോടിന് എന്തും പറയാമല്ലോ. മമ്മൂട്ടിയും മോഹൻലാലും സിനിമയിൽ വന്നത് കാശുണ്ടാക്കാനാണ്. അതുകൊണ്ട് കഴിവുള്ളിടത്തോളം കാലം നായകനായി അഭിനയിക്കുന്നതിൽ ഞാൻ തെറ്റ് കാണുന്നില്ല.

**ഈയിടെയായി മലയാള സിനിമയിൽ ധാരാളം Fans Association നുകൾ വളർന്നു വരുന്നുണ്ടല്ലോ, ഇത്തരം സംരംഭങ്ങൾ സിനിമാ വ്യവസായത്തെ ബാധിക്കുമോ?**

തീർച്ചയായും, സിനിമയുടെ കളക്ഷൻ വർദ്ധിപ്പിക്കുവാൻ സാധിക്കും. Fans Association നുകൾ സിനിമയ്ക്കു ഗുണകരമാകുമോ, നടന്മാർക്കല്ലേ ഗുണകരമാകുക.

79-ാം വയസിലും യുവത്വത്തിന്റെ ഓർമ്മകളുമായി മുന്നോട്ടു നീങ്ങുന്ന ഈ കലാകാരൻ കണ്ണും കാതും തുറന്നു പിടിച്ച് മലയാള സിനിമയുടെ ഓരോ ചലനവും ആവാഹിക്കുന്നു. വിധിയുടെ വേലിയേറ്റത്തിൽ നഷ്ടപ്പെട്ട വലം കാലിലെ മുറിവുകൾ ആ മനസ്സിനെ ഒത്തിരിയേറെ ഉലയ്ക്കുന്നുണ്ട്. ഏറ്റവും മികച്ച നടനായി കൊട്ടാരക്കരയെയും, നടിയായി ശ്രീവിദ്യയെയും കാണുന്ന ജോസ് പ്രകാശ് യേശുദാസിന്റെയും ലതാമങ്കേഷ്കറിന്റെയും ഗാനങ്ങൾ ഇഷ്ടപ്പെടുന്നു.

ദീർഘകാലം മലയാള സിനിമയ്ക്കു തന്റേതായ സംഭാവനകൾ നല്കിയ ഈ കലാകാരൻ ഇന്നു വാർദ്ധക്യത്തിന്റെ വിഹ്വലതകളുമായി മുന്നോട്ടു നീങ്ങുകയാണ്.

❖

"Give us this day
our daily bread ----and
a little *Fruitoman's* jam."

മണ്ടന്, വിദ്വാന്റെ വാക്കുപോലും വിഡ്ഢിത്തമായിത്തോന്നും. - യൂറിപ്പിഡിസ്

കവിത

സവിന
IInd B.Sc. Chemistry

# കൊഴിയുന്ന ഒരു ജന്മത്തിനായി



ഇന്ന്,

നിന്റെ അവസാന നിമിഷങ്ങൾ
എന്നോട് യാത്ര ചോദിക്കുകയാണ്.
എന്റെ പേനത്തുമ്പിലെ ചെറിയ
തീപ്പൊരികളുമായി നീ മടങ്ങുന്നു
വേദനകൾ ഒഴുകി നടന്നു-നിന്നിലൂടെ എങ്കിലും,
നീയെനിക്കു സമ്മാനിച്ചു
ചിതലരിക്കാത്ത ഓർമ്മകളുടെ കൊട്ടാരം;
പൂത്തുലഞ്ഞ കണിക്കൊന്നകൾ;
പ്രണയം നിറഞ്ഞ ആകാശദൂതുകൾ;
സ്നേഹത്തിന്റെ അമൃതകുംഭങ്ങൾ;
മതി; ഞാൻ സംതൃപ്തയാണ്.
ജീവിതത്തിന്റെ കാർക്കോടകവിഷയത്തിലും
(ക്ഷമിക്കുക!)
നീ എനിക്കു തന്ന അമൃത് ധാരാളം.
മറ്റൊന്നിനും മുഖം കൊടുക്കാതെ,
നിന്നിലേയ്ക്ക് ഞാൻ അലിഞ്ഞു ചേരുകയാണ്

ഇന്ന്,

നിന്റെ നെരിപ്പോടിനടുത്ത്
ഞാൻ, തീ കായുമ്പോൾ
എനിക്കായി കുറച്ചു വിറകു കഷണങ്ങൾ
കരുതിവയ്ക്കുക അടുത്ത ജന്മത്തിനായി......

കഥ

ബേയ്സിൽ പോൾ
II BSc Physics



# ഉരുകിവീണ സ്വപ്നങ്ങൾ

*ഒരു കൗതുകത്തോടെ കൺമിഴിച്ചുകൊണ്ട്
എന്റെ ചുറ്റുപാടും നോക്കിനിന്നവർ
എന്നെ കാണാതെപോയി...
എന്റെ ദുർവിധി കാണാതെപോയി...
എന്റെ വ്യസനങ്ങളും...*



മേശപ്പുറത്ത് കത്തിയെരിയുന്ന മെഴുകുതിരിക്ക് ഭീഷണിയുയർത്തിക്കൊണ്ട് ഒരു നേർത്തകാറ്റ് ജനാലകൾക്കിടയിലൂടെ മുറിയിൽ തണുപ്പു വീശിക്കൊണ്ട് കടന്നുപോയി. രാത്രി ഏറെയായിരുന്നു. അവന് ഇനിയും ഉറങ്ങാൻ കഴിഞ്ഞിട്ടില്ല. അവന്റെ മനസ്സ് അസ്വസ്ഥമായിരുന്നു. മേശപ്പുറത്ത് പേനയും പേപ്പറും എടുത്തുവച്ച് ആ ഇരിപ്പ് തുടങ്ങിയിട്ട് മണിക്കൂറുകൾ ഏറെയായി. പേപ്പറിൽ അവൻ പലയാവർത്തി കുത്തിക്കുറിച്ചുകൊണ്ടിരുന്നു. ഐ വാണ്ട് ടു ഡു സംതിങ്... ചുവരിൽ പതിച്ചിരിക്കുന്ന ക്ലോക്കിൽ സമയ സൂചികൾ അവനെ നോക്കി വെല്ലുവിളിച്ചുകൊണ്ട് അപ്പോഴും അവിടെക്കിടന്ന് കറങ്ങിക്കൊണ്ടിരുന്നു...

പതിയെ പടികടന്നെത്തുന്ന വാർദ്ധക്യത്തിന്റെയും ജീവിതസന്ധാരണത്തിന്റെ (?) വേണ്ട നോട്ടു കെട്ടുകളുടെയും ഉൾക്കെടുത്തലുകളെ പഴിച്ചുകൊണ്ട് അപ്പനും അമ്മയും അനാഥപ്രേതങ്ങളെപ്പോലെ വീടിനുള്ളിൽ അലഞ്ഞു നടക്കുന്നുണ്ട്

പിന്നെയെന്തിനെക്കുറിച്ചെഴുതും...
അവന്റെ മനസ്സ് ആവലാതിപ്പൂണ്ടു.
പെട്ടെന്നാണ് ദൈവദൂതന്റെ അശരീരിപോലെ ഒരുപിടി വിഷയങ്ങൾ അവന്റെ മനസ്സിലേക്ക് പറന്നിറങ്ങിയത്.

ഇതിനിടയിലെപ്പോഴോ മകന്റെ മുറിയിൽനിന്നു വരുന്ന മെഴുകുതിരി വെട്ടം കണ്ട് അമ്മ കണ്ണു മിഴിച്ചുകൊണ്ട് പറഞ്ഞു.

"ഇതെന്തു കൂത്ത്? ഇവന്റെ തലയ്ക്ക് ഭ്രാന്തുപിടിച്ചോ?" (കണ്ണഞ്ചിപ്പിക്കുന്ന പ്രകാശം പൊഴിക്കുന്ന ട്യൂബു ലൈറ്റുകളുടേയും സോഡിയം വേപ്പർ ലാമ്പുകളുടേയും ഈ കാലത്ത് മെഴുകുതിരിയുടെ അരണ്ട വെളിച്ചത്തിലിരിക്കുന്ന മകന് ഭ്രാന്തെന്നല്ലാതെ എന്താണ് ആ അമ്മ പറയേണ്ടത്.)

അച്ഛന് കേൾക്കാനെന്നമട്ടിൽ അമ്മ വീണ്ടും പറഞ്ഞു.

"ഇവനിത്ര നേരമായിട്ടും ഉറങ്ങാത്തതെന്താ?"

അമ്മയുടെ ഈ പുലമ്പൽ കേട്ട് അച്ഛൻ പറഞ്ഞു "നാളെ കോളേജിൽ പോകേണ്ടതല്ലേ, നീ അവനെ വിളിച്ച് പോയിക്കിടന്ന് ഉറങ്ങാൻ പറയ്."

"വേണ്ടാ... വിളിക്കണ്ടാ... വല്ലോടത്തും ഇരിക്കട്ടെ...
അല്ലെങ്കിൽ തന്നെ ഇപ്പോഴത്തെ കുട്ടികളോട് ഒന്നും അങ്ങോട്ടു പറയാൻ പാടില്ലല്ലോ." ഒരു ദീർഘനിശ്വാസത്തോടെ അമ്മ പറഞ്ഞു.

അമ്മ പറഞ്ഞ ആ വാക്കുകൾ കാലത്തിന്റെ ഋതുഭേദങ്ങളിൽ തലമുറകളിലുണ്ടായ വിള്ളലിൽ കാലിടറി വീണ് മരണ വേദനയനുഭവിക്കുന്ന തന്റെ ആത്മാവിന് ഒരു നുള്ള് കൂടി നല്കുന്നതായി അവനു തോന്നി. ഹൈസ്കൂളിൽ പഠിക്കുന്ന കാലത്ത് ഒരു കവിതാ മത്സരത്തിൽ ഒന്നാം സമ്മാനം നേടിയ തന്റെ കവിതയുടെ ചില വരികൾ അവനു മുന്നിലൂടെ പാഞ്ഞുപോയി.

*ഒരു കൗതുകത്തോടെ കൺമിഴിച്ചു*
*കൊണ്ട് എന്റെ ചുറ്റുപാടും*
*നോക്കിനിന്നവർ*
*എന്നെ കാണാതെ പോയി...*
*എന്റെ ദുർവിധി കാണാതെപോയി...*
*എന്റെ വ്യസനങ്ങളും...*

തന്റെ നിത്യസംഭവങ്ങളുടെ നിശബ്ദതയിലേയ്ക്ക് അതുംകൂടി ചേർത്തുവച്ച് മുന്നിൽ ഉരുകിത്തീരുന്ന മെഴുകുതിരി നാളത്തിലേയ്ക്ക് പകർന്നുകൊടുത്ത് അവൻ ആ ഇരുപ്പു തുടർന്നു.

സ്കൂളിൽനിന്നു ക്യാംപസിലേക്കുള്ള തന്റെ പ്രയാണത്തിനിടയിൽ വന്നുഭവിച്ച രാസമാറ്റങ്ങൾ അക്ഷരങ്ങൾ പൂക്കുന്ന സുന്ദരലോകത്തിൽ നിന്നും അവന്റെ സ്വപ്നങ്ങളെ പിഴുതുമാറ്റിയിരുന്നു. ക്യാംപസിലെ നുരഞ്ഞുപതയുന്ന അടിപൊളികൾക്കിടയിൽ തന്റെ കൂട്ടുകാരെന്നും ഒരു കുസൃതിച്ചിരിയോടെ ബുദ്ധിസ്റ്റുകൾ എന്ന ചെല്ലപ്പേരിട്ടു വിളിച്ചിരുന്ന സമൂഹത്തിന് ചിതലരിക്കുന്നതു കണ്ട് അവന്റെ മനസ്സിൽ ഒരു നീറ്റൽ അനുഭവപ്പെട്ടു. ആ നീറ്റൽ ക്രമേണ അവരോടുള്ള അനുകമ്പയായും പിന്നീട് പ്രണയമായും അകമ്പടിസേവിച്ചപ്പോൾ അവൻ തന്റെ പഴയ സുന്ദര ലോകത്തേക്ക് തിരിച്ചുപോയി.

നീണ്ടും കുറുകിയും അക്ഷരങ്ങൾ കുനുകുനെ പൂക്കുന്ന ആ സുന്ദരലോകത്ത് താൻ കാണാൻ മറന്ന സ്വപ്നങ്ങളുടെ ഓർമ്മയ്ക്കായാണ് അവനാ മെഴുകുതിരി കത്തിച്ചുവച്ചത്. മണിക്കൂറുകൾ നീണ്ട ആ കുത്തിയിരിപ്പിനെയും മാനസികാസ്വാസ്ഥ്യങ്ങളുടേയും കാരണവും മറ്റൊന്നായിരുന്നില്ല.

മേശപ്പുറത്തു അലസമായിക്കിടന്നിരുന്ന പേപ്പറിന്റെ പ്രതലങ്ങളിലേക്ക് ജീവനുള്ള അക്ഷരങ്ങൾ വാരിവിതറുവാനായി വർത്തമാനലോകത്തിന്റെ തെരുവോരങ്ങളിലേക്ക് അവൻ വീണ്ടും തന്റെ മനസ്സിനെ പറത്തിവിട്ടു.

എന്തിനെക്കുറിച്ചെഴുതണം... അവൻ സ്വയം ചോദിച്ചു. പച്ചപട്ടണിഞ്ഞ സഹ്യന്റെ താഴ്വരകളെക്കുറിച്ച്?... അതിന്റെ കാനനഭംഗിയെക്കുറിച്ച്?... കരിപിടിച്ചപാറക്കൂട്ടങ്ങളെക്കുറിച്ച്?... മാമല നാടിന്റെ മാറിലൂടൊഴുകുന്ന പുഴകളെക്കുറിച്ച്?... കൊയ്ത്തുകാർ നിരന്ന നെൽപ്പാടങ്ങളെക്കുറിച്ച്?... വേണ്ടാ!... അതൊന്നും വേണ്ടാ, അതൊക്കെ കുമാരനാശാന്റെയും വൈലോപ്പിള്ളിയുടേയും കാലത്തെ പൊടിയും മാറാലയും പിടിച്ച കാല്പനികതകളല്ലേ. അല്ലെങ്കിൽ തന്നെ കാടും പുഴയും വയലും നെൽപ്പാടവുമൊക്കെ ഇന്നെവിടെ? കേരളനാടിന്റെ കാനനഭംഗിയും താഴ്വരകളും പാറക്കൂട്ടങ്ങളുമൊക്കെ ഇന്ന് നാഷണൽ പെർമിറ്റ് ലോറികളിലും മറ്റുമായി ലോകസ

സ്വന്തം അബദ്ധങ്ങൾക്ക് ഓരോരുത്തരും കൊടുക്കുന്ന പേരാണ് അനുഭവം - ഓസ്കാർ വൈൽഡ്

ഷോരം നടത്തുകയല്ലേ. പുഴക ളാണെങ്കിൽ കുറെ ജീവൻ വറ്റിയ ശവപ്പെട്ടികളിലും ബാക്കിയുള്ളവ ചന്തയിലെ വില്പനസ്ഥലങ്ങളിലുമായി. നെൽപ്പാടങ്ങളാണെങ്കിൽ കോൺക്രീറ്റ് കൂനകളുടെ തീക്ഷ്ണമായ കല്മഴയിൽപ്പെട്ട് മൺമറഞ്ഞുപോയിരിക്കുന്നു.

അപ്പോൾ പിന്നെ എന്തിനെക്കുറിച്ചെഴുതും... അവന്റെ മനസ്സിലൂടെ ആയിരം മിന്നൽപ്പിണരുകൾ ഒരുമിച്ചു പാഞ്ഞു. താനും ഭാഗഭാക്കായ ക്യാംപസുകളെക്കുറിച്ചെഴുതിയാലോ... അവൻ ചിന്തിച്ചു.

ക്യാംപസിൽ പെറ്റു പെരുകുന്ന പാഠപുസ്തകങ്ങൾക്കും പരീക്ഷാപേപ്പറുകൾക്കും ഇടയിൽമാത്രം ജീവശ്വാസം കണ്ടെത്തുന്ന വിദ്യാർത്ഥിസമൂഹത്തെക്കുറിച്ച്... അതുമല്ലെങ്കിൽ അവിടെ അടിച്ചമർത്തപ്പെടുന്ന സംഘടനാ സ്വാതന്ത്ര്യത്തെക്കുറിച്ച്?...

വേണ്ടാ! അതും വേണ്ടാ... അതൊക്കെ വായിക്കാൻ മനസ്സുള്ളവരും വായിച്ചാൽ മനസ്സിലാക്കുവരുമൊക്കെ എന്നേ ക്യാംപസിന്റെ പടികളിറങ്ങിക്കഴിഞ്ഞിരിക്കുന്നു.

പിന്നെയെന്തിനെക്കുറിച്ചെഴുതും... അവന്റെ മനസ്സ് ആവലാതിപൂണ്ടു. പെട്ടെന്നാണ് ദൈവദൂതന്റെ അശരീരി പോലെ ഒരു പിടി വിഷയങ്ങൾ അവന്റെ മനസ്സിലേയ്ക്ക് പറന്നിറങ്ങിയത്.

നെറ്റ് കഫേകളിലെ സ്വകാര്യതകളിലും മൊബൈൽ ഫോണിന്റെ കിലുക്കങ്ങളിലും പൂക്കുന്ന ആർദ്രമായ പ്രണയങ്ങൾ... താളം തുള്ളുന്ന അടിപൊളിയുടെ സുന്ദരനിമിഷങ്ങൾ. പുത്തൻ യുവതയുടെ മിന്നിത്തിളങ്ങുന്ന മാനസിക വ്യാപാരങ്ങൾ തിരപോലുള്ള സംഗീതത്തിന്റെ മാസ്മരികതകൾ... മാറിമാറിവരുന്ന ട്രെൻഡുകൾ...

കൊള്ളാം, ഇതുകൊള്ളാം... പറ്റിയ വിഷയങ്ങളാണ്... എഴുതാനേറെയുള്ളവ, വായിക്കുവാൻ ആളുമുണ്ടാകും, അവൻ സ്വയം പറഞ്ഞു. ആ മേശപ്പുറത്ത് അലസമായി കിടന്നിരുന്ന പേപ്പറുകളെല്ലാം തിടുക്കത്തിൽ ഒന്നിനുമുകളിൽ ഒന്നായി അട്ടിയിട്ടു. പേനയെടുത്തവൻ എഴുത്താരംഭിച്ചു. പേനയിൽനിന്നും പേപ്പറിയേയ്ക്ക് വിഷയങ്ങൾ സുന്ദരമായി പരന്നൊഴുകാൻ തുടങ്ങി... ഒരു കാട്ടരുവിയെപ്പോലെ അതങ്ങനെ നിർബാധം ഒഴുകുന്നതിനിടയിൽ പേന ഭ്രാന്തമായ ഒരു ചലനവേഗം ആർജ്ജിക്കുന്നതായി അവനു അനുഭവപ്പെട്ടു. പേപ്പറിലെ അക്ഷരങ്ങൾക്കുമേലുള്ള നിയന്ത്രണം ക്രമേണ അവന് നഷ്ടമായിക്കൊണ്ടിരുന്നു... അതങ്ങനെ പ്രകാശവേഗത്തെയും മറികടന്ന് അനന്തതയുടെ അത്യാഗാധങ്ങളിലേക്ക് മെല്ലെ ആഴ്ന്നിറങ്ങി...



. . . . .

നേരം പുലർന്നു. ബ്രേക്ക്ഫാസ്റ്റ് റെഡിയാക്കിയശേഷം അമ്മ വന്ന് അവനെ കതകിൽ മുട്ടിവിളിച്ചുകൊണ്ട് പറഞ്ഞു...

"മോനെ... മോനേ... എഴുന്നേല്ക്ക്.. ഇന്നു ക്ലാസ്സിൽ പോകേണ്ടതല്ലേ..."

"ഉം... ഉം..." ഞാനെഴുന്നേറ്റു.

അമ്മ, ഒരു ശീലമായിക്കൊണ്ടു നടന്നിരുന്ന ആ വിളിച്ചുണർത്തലിന് പതിവായി താൻ പറയാറുള്ള ഉത്തരവും പറഞ്ഞുകൊണ്ട് അവൻ തന്റെ കണ്ണുകൾ മെല്ലെ തുറന്നു. അവനിന്നലെ എഴുതിവച്ച പേപ്പറുകളും പേനയും അരികിൽതന്നെ കിടക്കുന്നുണ്ട്. ഇന്നലെ കൊളുത്തിവച്ച മെഴുകുതിരി കത്തിത്തീർന്നിരിക്കുന്നു. ഉറക്കച്ചുവയുള്ള കണ്ണുകളോടെ താനെഴുതി വച്ച ആ പേപ്പറുകളെ മറിച്ചു നോക്കിയ അവൻ സ്തബ്ധനായി. പേപ്പറുകളിലൊന്നിലും ഒരു വരി പോലും എഴുതിയിട്ടില്ല. കണ്ണുമിഴിച്ചുകൊണ്ട് മുറിയിൽനിന്നും പുറത്തിറങ്ങി വാഷ്ബേസിന്റെ കണ്ണാടിക്കു മുന്നിൽ ബ്രഷിന്റെ അഗ്രങ്ങളിലേയ്ക്ക് പേസ്റ്റ് തേക്കുന്നതിനിടയിൽ അവൻ സ്വയം ചോദിച്ചു.

*'വർത്തമാനകാലത്തിന്റെ, വേഗമുള്ള ചിന്തകളുടേയും മാറിവന്ന കാഴ്ചപ്പാടുകളുടേയും ഇരുളാർന്ന നശ്വരതയോ അതോ നിദ്രയുടെ വേലിയേറ്റമോ... ഏതാണ് ആ പേപ്പറിലെ അക്ഷരങ്ങളെ അപ്രത്യക്ഷമാക്കിയത്?'*

❖

കവിത

ദേവി എസ്. നായർ
*I B.Sc Physics*

# "കോളേജ് ഡാ"

എട്ടരമണിയായപ്പോൾ ഞാനെൻ
പട്ടുകിടക്കയിൽ നിന്നെഴുന്നേറ്റു
കട്ടിലിനടിയിൽ നിന്നൊരു ചൂടി
ല്ലാത്തൊരു കട്ടൻചായ കുടിച്ചു.
തലമുടി ചീകി പൗഡറു പൂശി
കണ്ണിൽകണ്ടൊരു ബുക്കുമെടുത്തു
അച്ഛൻ തന്നുടെ കീശയിൽനിന്നും
ഇത്തിരി ചില്ലറ ചുളുവിലെടുത്തു.
കാൽനടയാണേ ബസ്സ്റ്റോപ്പുവരെ
തെക്കു വടക്കു നോക്കിനടന്നു
വഴിയിൽ കണ്ടൊരു സഹപാഠികളൊട്
വിടുവായിത്തം ചൊല്ലി രസിച്ചു-
"വാടാ ഉവ്വേ ഗുഡ്മോണിങ്!
ഇന്നേറെക്കാര്യം പറയാനുണ്ട്".



കണ്ടൊരു ബസ്സിൽ ചാടിക്കയറി
ഒറ്റക്കാലിൽ സ്റ്റെപ്പിൽനിന്നു
എഴുപത്തഞ്ചുപൈസ കൊടുത്തൊരു
ടിക്കറ്റും കുറേ തെറിയും വാങ്ങി.
കോളേജ് സ്റ്റോപ്പിൽ ചാടിയിറങ്ങി
കോറസ്സായി നിരന്നു നടന്നു
മൂന്നാമതൊരു ബെല്ലുവരും വരെ
പോർട്ടിക്കോയിൽ ചുറ്റി നടന്നു.
ഫസ്റ്റ് അവറായി മണിയടി കേട്ടു
ടെക്സ്റ്റുംകൊണ്ടൊരു ക്ലാസ്സിൽ കയറി
ലക്ചറർ വന്നു ഹാജരെടുത്തു
ലക്ചർ കതിനകളങ്ങിനെ പൊട്ടി
സെക്കൻഡ് അവറായി ബെല്ലു മുഴങ്ങി
ബുക്കും കൊണ്ടു പുറത്തേയ്ക്കോടി
തേഡ് അവറാണിതു ബോറടിയാണേ
നേരം പോണില്ലെന്തൊരു കഷ്ടം!
കൺപോളകളിലുറക്കം വന്നു
സ്വകാര്യം പറയുവതെന്തൊരു കഷ്ടം!
ശീലമതെല്ലാം മാറ്റിമറിച്ചി-
ട്ടുച്ച ക്ലാസ്സിൽ കയറിയിരുന്നു
അയ്യോ! ശിവ ശിവ! എന്തൊരു കഷ്ടം!
പരദൈവങ്ങളെ ഓർത്തു വിളിച്ചു.
കിട്ടിയ ബുക്കുകൾ കൈയ്യിലൊതുക്കി
ഇത്തിരി സ്പീഡിൽ സ്ഥലവുമൊഴിഞ്ഞു
നാലുവരെ സഹപാഠികളൊത്ത്
'സോണിയ' എന്നൊരു വൻകിട കടയിൽ.
കാൽനടയാണേ ബസ്സ്റ്റോപ്പുവരെ
തെക്കു വടക്കു നോക്കിനടന്നു
വഴിയിൽ കണ്ടൊരു സഹപാഠികയോട്
വിടുവായിത്തം ചൊല്ലി നടന്നു-
"നിന്നെപ്പിന്നെയെടുത്തോളാം ഞാൻ
ഓക്കെ, ഗുഡ്ബൈ, സീയൂ നെക്സ്റ്റ് ഡേ!!!"

**ലേഖനം**

റുബിയ കുര്യാക്കോസ്
*IInd BSc Physics*

# ഇരയും വേട്ടക്കാരനും

സാംസ്കാരികമായ അടിമത്തം യഥാർത്ഥത്തിൽ ഇന്നത്തെപ്പോലെ മറ്റൊരിക്കലും നമ്മൾ അനുഭവിച്ചിട്ടില്ല. സ്വാതന്ത്ര്യം കിട്ടിയിട്ട് അരനൂറ്റാണ്ട് കഴിഞ്ഞു സ്വാതന്ത്ര്യാനന്തരഭാരതത്തിൽ നില്ക്കുമ്പോൾ നമുക്കും അന്താരാഷ്ട്ര വിമാനത്താവളം കിട്ടിയെന്നോ കളിസ്ഥലം കിട്ടിയെന്നോ ആധുനിക സജ്ജീകരണങ്ങളുള്ള കപ്പലുകളും റെയിൽവേയും മറ്റും പുരോഗതിയുടെ എല്ലാ തലങ്ങളിലും നമ്മൾ മുന്നേറിയെന്നോ കൈപ്പറയാമെങ്കിലും യഥാർത്ഥത്തിൽ നമുക്കു സാധിക്കാത്തത് 'മനുഷ്യൻ' എന്ന സങ്കല്പം യാഥാർത്ഥ്യമാക്കാനാണ്. നമ്മൾ എന്തൊക്കെ നേടിയാലും വിവര സാങ്കേതിക രംഗത്ത് വളരെ വലിയ കുതിച്ചുചാട്ടം നടത്തിയെന്നു അഭിമാനിച്ചാൽപോലും തീർച്ചയായിട്ടും നമ്മൾ രണ്ടു കാലിൽ നടക്കുന്ന മൃഗങ്ങളായി അധഃപതിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. ഇതിനു തടയിടാൻ പുതിയതലമുറയ്ക്കും സാംസ്കാരിക രംഗത്തു നില്ക്കുന്നവർക്കും സാധിച്ചില്ലെങ്കിൽ നമ്മൾ മൃഗങ്ങളെക്കാൾ നിഷ്ഠൂരമായി ഭൂമിയിൽ നരകം പണിയുന്നവരായി മാറുന്ന കാലം വിദൂരമല്ല.



നാം പഠിച്ച ചരിത്രത്തെയും നാമറിഞ്ഞിട്ടുള്ള വസ്തുതകളെയും നാം മാനിച്ചിരുന്ന മൂല്യങ്ങളെയുമെല്ലാം തെറ്റായി വ്യാഖ്യാനിച്ചു പുതിയതലമുറയ്ക്കു കൊടുക്കുകയാണ് കേന്ദ്രഭരണാധികാരികൾ ചെയ്തുകൊണ്ടിരിക്കുന്നത്. ആ വിഷം തിന്നു വളരുന്ന ഒരു തലമുറ മനുഷ്യത്വം നഷ്ടപ്പെട്ട് ഇരുട്ടിൽ തപ്പുകയാണ്. വിദ്യാഭ്യാസരംഗത്തു നോക്കിയാലും അവസ്ഥ ഇതാണ്. ഈ അവസ്ഥയെ എങ്ങനെ തരണം ചെയ്യാം എന്നു നോക്കേണ്ടതുണ്ട്.

ഒരു പത്തിരുപത്തഞ്ച്കൊല്ലം മുൻപ് ഉണ്ടായിരുന്ന സ്ഥിതിയല്ല ഇന്ന് നമ്മുടെ സമൂഹത്തിലുള്ളത്. ഇന്ന് ജാതി തിരിച്ചു വന്നിരിക്കുന്നു. അന്നും ജാതിയുണ്ട് അതുപോലെയല്ല ഇന്ന്. അന്നും മതമുണ്ട്, ഇന്നുമുണ്ട്. പക്ഷെ അന്നത്തെ മതമല്ല ഇന്ന്. അന്നും സവർണ്ണ അവർണ്ണ വ്യത്യാസങ്ങളുണ്ടായിരുന്നു. എന്നാൽ അന്നത്തെ അവസ്ഥയല്ല ഇന്നുള്ളത്. മനുഷ്യർ പരസ്പരം ശത്രുക്കളായി മാറാൻ വേണ്ടിയുള്ള പഠനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണിന്ന്. ചരിത്രത്തെ വളച്ചൊടിക്കുന്നതു പോലെ തന്നെ സാംസ്കാരിക രംഗത്തെ മുഴുവനും ദുർവ്യാഖ്യാനം ചെയ്ത് പ്രചരിപ്പിച്ചുകൊണ്ടിരി



ക്കുന്നു. രാമായണം, മഹാഭാരതം എന്നീ പറയുന്ന നമ്മുടെ ഇതിഹാസങ്ങൾ ഹിന്ദുവിന്റെ വകയാണെന്നും അവയെപ്പറ്റി പറയുവാൻ ഇസ്ലാമിനും ക്രിസ്ത്യാനിക്കും അവകാശമില്ലെന്നും പറഞ്ഞു പരത്തുന്ന ഒരു പുതിയ ചരിത്രബോധം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ആരാണ് ഇങ്ങനെയൊക്കെ പറഞ്ഞു പരത്തുന്നതെന്നു നമ്മൾ ആലോചിക്കേണ്ടതുണ്ട്. ഏത് ഹിന്ദുവിന്റേതാണ് രാമായണം. ഏതു ഹിന്ദുവിന്റേതാണ് ഭാഗവതവും, മഹാഭാരതവും, ഋഗ്വേദവും? ഏതു ഹിന്ദുവിന്റേതാണ് ഉപനിഷിത്തുക്കളും ശാസ്ത്രങ്ങളും? ഏതെങ്കിലും മതമുള്ള കാലത്തല്ല ഇവിടെ രാമായണഭാരതാദികൾ ഉണ്ടായത്. അതെല്ലാം മഹർഷിമാർ ഉണ്ടാക്കിയതാണ്. അവരാരും ഹിന്ദുക്കളായിരുന്നില്ല. ഒരു മതത്തിലും പെട്ടവരുമായിരുന്നില്ല. ഇവ അവർ ഉണ്ടാക്കിയത് അന്നു ജീവിച്ചിരുന്ന എല്ലാമനുഷ്യർക്കും വേണ്ടിയാണ്.

രാമായണം എടുത്തുവച്ചുകൊണ്ട് ഒരു ഹിന്ദുവിന് ഇത് തങ്ങളുടെ മതഗ്രന്ഥമാണ് എന്നു പറയാമെങ്കിൽ ഒരു ക്രിസ്ത്യാനിക്ക് രാമായണം എടുത്തുവച്ചുകൊണ്ട് പറയാം ഇത് തങ്ങളുടെയും പുസ്തകമാണെന്ന്. ഇസ്ലാമിനും പറയാൻ പറ്റും ഇത് തങ്ങളുടെയും പുസ്തകമാണെന്ന്. വാല്മീകിയോ വ്യാസനോ അതുമല്ലെങ്കിൽ നമുക്ക് ദർശനങ്ങളും ഉപനിഷിത്തുക്കളും വേദങ്ങളും സമ്മാനിച്ച ഋഷിപര്യന്മാരും തന്നെയോ ഹിന്ദുവായിരുന്നില്ല എന്നിരിക്കെ ഇതെല്ലാം ഹിന്ദുക്കളുടെ സംസ്കാരത്തിന്റെ ഭാഗമെന്നു പറഞ്ഞു പഠിപ്പിക്കുന്ന പുതിയ സംസ്കാരം ഇവിടെ വളർന്നു വരുന്നത് പാടേ അപകടകരമാണ്.

ഇവിടെ കേരളം ഭ്രാന്താലയമാണെന്ന് ആക്ഷേപിക്കപ്പെട്ടത് സ്വാമിവിവേകാനന്ദന്റെ നാവു കൊണ്ടാണ്. സ്വാമി വിവേകാനന്ദൻ ഇവിടുത്തെ ജാതിക്കോട്ടകൾ കണ്ട് മനസ്സുനൊന്ത് കൊണ്ടാണതു പറഞ്ഞത്. ഇന്ന് വിവേകാനന്ദൻ പറഞ്ഞതിനേക്കാൾ രൂക്ഷമാണ് കാര്യങ്ങൾ.

ചരിത്രത്തെ തെറ്റായി വ്യാഖ്യാനിച്ച ചരിത്രകാരന്മാരുടെ നാട്ടിലാണ് നമ്മൾ ജീവിക്കുന്നത്. കുറെ രക്തസാക്ഷികളെ സൃഷ്ടിക്കാൻ വേണ്ടി മനഃപൂർവം നടത്തിയതാണ് പുന്നപ്രവയലാർസമരം എന്ന് എഴുതിപ്പിടിപ്പിച്ച ചരിത്രകാരന്മാരുണ്ട്. അങ്ങനെയാണെങ്കിൽ രക്തസാക്ഷികളെ സൃഷ്ടിക്കാൻ വേണ്ടി കോൺഗ്രസുകാർ സൃഷ്ടിച്ചതാണോ ജാലിയൻ വാലാബാഗ് എന്നു ചോദിക്കേണ്ടിവരും. നാഥുറാം വിനായക് ഗോഡ്സെ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിനും ഇന്ത്യയുടെ സാംസ്കാരിക പാരമ്പര്യത്തിനും വളരെയധികം നേട്ടങ്ങളുണ്ടാക്കിയ ആളെന്നു പറഞ്ഞു ഫലിപ്പിക്കുകയാണ് പുതിയ ചരിത്രരചയിതാക്കൾ.

ധാരാളം ആരാധനാലയങ്ങൾക്ക് അടിത്തറപാകിയ വ്യക്തിയാണ് ശ്രീനാരാണഗുരു. അതെല്ലാം ജനങ്ങളുടെ ആവശ്യപ്രകാരം മാത്രമായിരുന്നു. എന്നാൽ നാളുകൾ കഴിഞ്ഞപ്പോൾ അദ്ദേഹം തന്നെ പറഞ്ഞു; പക്ഷികൾക്കും നരിചീറുകൾക്കും കാഷ്ഠിക്കാനും വഴിയമ്പലങ്ങളാക്കാനും വേണ്ടിമാത്രം ഇരുട്ടുനിറഞ്ഞ ആരാധനാലയങ്ങൾ ഉണ്ടാക്കേണ്ടതില്ല. 'മതം വേണ്ട മനുഷ്യൻ നന്നായാൽമതി' എന്നു പറഞ്ഞ അദ്ദേഹത്തിന്റെ ഫോട്ടോയും പ്രതിഷ്ഠിച്ച് മാലയും ഇട്ട് ആരാധിച്ചതിനുശേഷമാണ്, ജാതിഭ്രഷ്ടും, വിലക്കുകളും മറ്റും നിസ്സാരകാര്യങ്ങളുടെ പേരിൽ നടത്തുന്നത്.

ഓരോ മതത്തിന്റേയും, ആരാധനാലയങ്ങളും, മതഗ്രന്ഥങ്ങളുമെല്ലാം അവരവർക്ക് മാത്രമുപയോഗിക്കാനുള്ളതാണെന്നും, മറ്റാരുമത് വായിക്കാൻ പാടില്ലെന്നുമെല്ലാം പറയുന്നത് ശുദ്ധവിഡ്ഢിത്തമാണ്. ക്രൈസ്തവദേവാലയങ്ങളിൽ പോകുന്ന ഹിന്ദുജനങ്ങൾ ഉണ്ടെങ്കിൽ അവർക്കത് താല്പര്യമാണെങ്കിൽ എന്തിനവരെ മറ്റുള്ളവർ തടയണം? എന്നെങ്കിലുമൊരിക്കൽ ഒരു പക്ഷേ, വർഷങ്ങളോ, നൂറ്റാണ്ടുകളോ കഴിഞ്ഞാവാം മതാടിസ്ഥാനത്തിലുള്ള വേർതിരിവുകൾ ഇല്ലാത്ത ഒരു കാലം ഉണ്ടാകുമെന്നു പ്രതീക്ഷിക്കാം.

❖

കവിത

ഹേമന്ത് സി. എസ്.
*IIB.Sc Zoology*

# സംഗീതമാവാത്ത വാക്കുകൾ

ഏപ്രിൽ മാസത്തിലെ
നക്ഷത്രങ്ങൾ ഇല്ലാത്ത രാത്രിയിൽ
വിയർത്തശരീരവുമായ്-
ഞാൻ കാത്തുകിടന്നത്
ഒരു തണുത്ത കാറ്റിനെയാണ്.
പക്ഷെ, വന്നെത്തിയതോ
കാറ്റും മിന്നലും നിറഞ്ഞ
ഒരു വലിയ മഴ തന്നെയാണ്
ഉറങ്ങാൻ കഴിയാതെ
രാത്രിയുടെ സംഗീതം കേട്ട് കിടക്കവേ
ഞാൻ നിന്നെയോർത്തു.
അല്ല, നിന്നെക്കുറിച്ചുള്ള ഓർമ്മകളാണ്
എന്നെ തൊട്ടുണർത്തിയത്.



ലക്കു,
നീ എനിക്കൊരു മഴയാണ്
ഹൃദയത്തിന്റെ വേനൽച്ചൂടിലേയ്ക്ക്
പ്രണയത്തിന്റെ കുളിർ നിറച്ച്
അലസമായ് പെയ്തിറങ്ങുന്ന വേനൽമഴ.
ഇടിനാദങ്ങളോ, കാറ്റോ, അകമ്പടിയില്ലാതെ
ഏകയായി, എന്റെ അരികിൽ,
എനിക്ക് വേണ്ടി മാത്രമായ് പെയ്യുന്ന മഴ



ലക്കു,
വിരഹത്തിന്റെ നട്ടുച്ചയിലേയ്ക്ക്
നീ പെയ്തിറങ്ങുമ്പോൾ
എന്റെ മനസ്സും ശരീരവും
പ്രണയത്താൽ തണുക്കുന്നു.
ഈ തണുപ്പ് ഒരിക്കലും
തീരാതിരുന്നെങ്കിൽ...
നിന്റെ സ്നേഹത്തിന്റെ
നീർക്കണങ്ങളിൽ നനഞ്ഞ്,

ആർദ്രമായ നിന്റെ കരവലയത്തിലമർന്ന്
മഴമേഘങ്ങൾ നിറഞ്ഞ നിന്റെ
കണ്ണുകളിലേയ്ക്ക് നോക്കി കിടക്കാൻ
എനിക്ക് കൊതിയാവുന്നു.
നിന്റെ വളരെയടുത്ത്
സ്നേഹത്തിന്റെ നീർമുത്തുകളെ?
ഘനീഭവിപ്പിച്ച്
നിന്നിലേക്ക് പെയ്തിറങ്ങാൻ
ഞാൻ കാത്തിരുന്നപ്പോഴും
അന്ധമായ പ്രണയത്തിന്റെ
മരുപ്പച്ചകളിലൂടെ
ഞാൻ അലയുകയായിരുന്നു.
എന്റെ അധരങ്ങളിൽ വിരിഞ്ഞ
പുഞ്ചിരി നിനക്കുള്ളതാണെന്നറിയാതെ
എന്റെ കണ്ണുകളിലെ ശ്യാമമേഘങ്ങൾ
പെയ്യുന്നത് നിന്റെ മഴത്തുള്ളികളെയാണ്
എന്നറിയാതെ
ഒരു മിന്നലായ് നീ കടന്നുപോയി.

ലക്കൂ,

പെയ്യാതെപോയ മഴമേഘങ്ങളിൽ
ഞാൻ നിന്നെ അറിയുന്നു
വിടരാതെ പോയ പൂമൊട്ടുകളിൽ
ഞാൻ നിന്നെ അറിയുന്നു.
വീശാതെപോയ കിഴക്കൻകാറ്റിൽ
ഞാൻ നിന്നെ അറിയുന്നു.
കേൾക്കാതെ പോയ നാദത്തിൽ
ഞാൻ നിന്നെ അറിയുന്നു
മുറിഞ്ഞുപോവുന്ന തിരമാലകളിൽ
ഞാൻ നിന്നെ അറിയുന്നു.

ലക്കൂ,

വിടരാതെപോയ എന്റെ സ്വപ്നങ്ങളിൽ
സ്നേഹത്തിന്റെ തുലാവർഷമായ്
നീ തൊരാതെ പെയ്യുക
നമുക്ക് മാത്രം നനയുവാനായ്
ശിരസ്സുമുതൽ പാദംവരെ
എന്നെയും നിന്നെയും നനയിച്ച്
കടന്നുപോവുന്ന മഴയിൽ
മറ്റെല്ലാം ഒലിച്ചുപോവട്ടെ
ഭൂമിയിൽ നീയും ഞാനും
മാത്രമാവട്ടെ.
ആ വലിയ ഏകാന്തതയിൽ
മഴ നനഞ്ഞ നിന്റെ കണ്ണുകളിലേക്ക് നോക്കി
ലോകാവസാനംവരെ എനിക്കിരിക്കണം.

ലക്കൂ,

ഇനിയുമെത്രനാൾ ഞാൻ കാത്തിരിക്കണം
നിന്റെ വാക്കുകൾ സംഗീതമാവാൻ?
മഴക്കാടുകളിൽ മഴയെ തേടി ചെല്ലുംപോലെ
നിന്റെ 'ഹായ്' വിളികൾ എന്റെ പ്രണയം തേടി
വരില്ലേ?
ഇനിയൊരു ജന്മത്തിൽ നാം കണ്ടുമുട്ടിയാൽ
നീ പാടിത്തരേണം
ഓർമ്മയുടെ സായന്തനവെളിച്ചത്തിൽ നീ പാടാൻ
മടിച്ച ഞാനൊരിക്കലും കേൾക്കാത്തൊരാ ഗാനം

"സത്യമൊരിക്കൽ കാലത്തിന്റെ ചിറകിലേറി നിന്ന രികിലെത്തും അന്ന് പശ്ചാത്തപിക്കുന്ന നിന്റെ കണ്ണുകളെ നോക്കി ചിരഞ്ജീവിയായ എന്റെ പ്രണയം നിന്നോടു പറയും 'നിന്നെ ഞാൻ ഇന്നും പ്രണയിക്കുന്നെന്ന്'. ഒരുപക്ഷേ ഇന്ന് നീ അറിയുന്നതിന്റെ നൂറിരട്ടി നിന്നെ ഞാൻ എന്നും സ്നേഹിക്കും ആ സ്നേഹം എന്നിൽ നിന്നും അകലുമ്പോൾ ഞാൻ മരിക്കും."





കഥ

അനൂജ പി. ആർ.
*IInd D.C. Maths*

# നിറങ്ങൾ... നിഴലുകൾ

അതൊന്നൊരു തിരുവാതിര രാത്രിയായിരുന്നു. പ്രകൃതീദേവി മഞ്ഞിൻ കുപ്പായമണിഞ്ഞ് പതിവിലേറെ സുന്ദരിയായിരിക്കുന്നു. കറുത്ത തുണിയിലെ വെളുത്ത പൊട്ടുകൾപോലെ നക്ഷത്രങ്ങൾ ആകാശത്ത് അങ്ങിങ്ങായി ചിതറിക്കിടക്കുന്നു. ചീവീടുകളുടെ കരച്ചിൽ ആ രാത്രിക്ക് ഭയാനകതയുടെ നിറം നൽകുകയാണോ? ആ വലിയ വീട്ടിൽ ഏകയായ അവൾ ജാലകവാതിൽക്കൽ വിദൂരതയിലേക്ക് കണ്ണും നട്ടിരിക്കുകയായിരുന്നു. കഴിഞ്ഞ ദിനരാത്രങ്ങളുടെ ചിത്രങ്ങൾ ഒന്നൊന്നായി അവളുടെ മുന്നിൽ മിന്നിമറഞ്ഞു.

'സുമംഗലി' അതാണവളുടെ പേര്. മറയരുടെ ഗോത്രത്തിലെ ഏക വിദ്യാസമ്പന്ന. യാദൃശ്ചികമായാണവർ തമ്മിലടുത്തത്. വാർത്തയ്ക്കുള്ള സ്കൂപ്പു തേടിയെത്തിയ ജേർണലിസ്റ്റായിരുന്നു മധു. കാടിന്റെ മുക്കും

'സുമംഗലി' അതാണവളുടെ പേര്. മറയരുടെ ഗോത്രത്തിലെ ഏക വിദ്യാസമ്പന്ന.

മൂലയും അറിയാമായിരുന്ന അവൾ അയാളുടെ വഴികാട്ടിയായി. ക്രമേണ അവർ തമ്മിൽ അഗാധമായ സ്നേഹബന്ധം ഉടലെടുത്തു. അവളുടെ വംശക്കാർക്ക് അത് അംഗീകരിക്കാനാവാത്തതായിരുന്നു. ഒടുവിൽ, ശിലായുഗത്തേക്കാൾ പഴക്കം ചെന്ന വിശ്വാസങ്ങളുമായി ജീവിച്ചിരുന്ന ഗോത്രവംശജരുടെ ഭീഷണി ഭയന്ന അയാൾ കാടുവിട്ടപ്പോൾ, അയാളുടെ വലംകൈയിൽ താൻ കണ്ടെത്തിയ കാനനമുത്തിന്റെ ഇടംകൈയുണ്ടായിരുന്നു. അമ്മാവന്റെ തണലിൽ വളർന്ന മധുവിന് വിവാഹക്കാര്യത്തിൽ പലരേയും ധിക്കരിക്കേണ്ടിവന്നു. വിപ്ലവാത്മകമായ ഒരു വിവാഹം! അതായിരുന്നു അവരുടേത്.



സ്നേഹബന്ധം വിവേകത്തെ മറയ്ക്കും.

വിവാഹം കഴിഞ്ഞ മൂന്നാം നാൾ. ദാമ്പത്യബന്ധത്തിന്റെ പൊരുളറിഞ്ഞു തുടങ്ങിയ കാലം. അയാൾക്ക് അത് അവളോട് പറയേണ്ടതായി വന്നു. പ്രശസ്തമായ പത്രത്തിലെ ജേർണലിസ്റ്റായ തനിക്ക് സ്കൂപ്പുതേടി വീണ്ടും മറയൻകുടിയിലേയ്ക്ക് പോകേണ്ടതുണ്ട്. ഒരു ഞെട്ടലോടെയാണ് അവൾ അത് കേട്ടത്. അവളുടെ നെഞ്ചിൽ ചോര പൊടിഞ്ഞു. തന്റെ

ഗോത്രക്കാരുടെ ചെയ്തികളെക്കുറിച്ചറിയാവുന്ന അവൾ അയാളെ വിലക്കി. സ്നേഹപൂർവ്വം അയാളത് നിരസിച്ചു. അവളുടെ സീമന്തരേഖയിൽ ഒരു നുള്ളു കുങ്കുമം ചാർത്തിയ ശേഷം കരംഗ്രഹിച്ചുകൊണ്ട്, താൻ തിരുവാതിര രാത്രിയിൽ മടങ്ങിയെത്തുമെന്ന് പറഞ്ഞ് അയാൾ പോയി.

സന്ധ്യയായി. അസ്തമയസൂര്യൻ ആകാശത്തിന് സ്വർണ്ണവർണ്ണമേകി. പക്ഷികൾ ചലിച്ചുകൊണ്ട് തങ്ങളുടെ കൂടേറാൻ പറക്കുന്നു. കുളി കഴിഞ്ഞ് എത്തിയ അവൾ പുളിയിലക്കരക്കസവുമുണ്ടു ചുറ്റി ഈറനാർന്ന കാർകൂന്തലിൽ തുളസിക്കതിരും ചൂടി, ഒരു ഗോപാംഗനയെപോലെ സുന്ദരിയായി. നിലവിളക്കിൽ തിരികൊളുത്തി നെടുമാംഗല്യത്തിനായി പ്രാർത്ഥിച്ചു. അതേ സമയം പ്രാണൻ പിടയുന്നതായവൾക്ക് അനുഭവപ്പെട്ടു. തന്റെ മധുവേട്ടന് എന്തെങ്കിലും സംഭവിച്ചിരിക്കുമോ? ഗോവണിപ്പടികൾ കയറുമ്പോഴും ചങ്കിടിപ്പായിരുന്നു. അവൾ റാന്തൽവിളക്കിന് തിരികൊളുത്തി. ഒഴുകിവരുന്ന കാറ്റിന് മാമ്പൂവിന്റെയും പാരിജാമതത്തിന്റെയും മണമായിരുന്നു. മിന്നാമിനുങ്ങുകളുടെ വെട്ടത്തിൽ അവൾ പ്രകൃതിയെ ധ്യാനിച്ചു. സീമന്തരേഖയിൽ സിന്ദൂരവും ചാർത്തി നെടുമംഗല്യത്തിനുള്ള നോമ്പും നോറ്റ് നാമത്തിൽ മാത്രം മംഗല്യഭാഗ്യമണിഞ്ഞ്, തന്റെ പ്രിയതമൻ വിട്ടുപിരിഞ്ഞതറിയാതെ അവളുടെ കണ്ണുകൾ വിദൂരതയിൽ അയാളെ തേടിയലഞ്ഞു. നക്ഷത്രങ്ങൾ അപ്പോഴും കണ്ണുചിമ്മുന്നുണ്ടായിരുന്നു. അവയിലൊരെണ്ണം അവളെ തന്നെ ഉറ്റുനോക്കുന്നുണ്ടായിരുന്നു.

❖


# ഓർമ്മയിൽ ഒരു വീട്!
# ഓമനിക്കാൻ ഒരു കുടുംബം!!

എൽ.ഐ.സി.യിലൂടെ കുടുംബഭദ്രത ഉറപ്പുവരുത്തി
ഒപ്പം സമ്പാദ്യവും, ഇൻഷുറൻസ് സംരക്ഷണവും നേടി സ്വപ്നങ്ങളെ സാക്ഷാത്കരിക്കൂ!!!

എൽ.ഐ.സി. യുടെ വിവിധ ഇനം (ജനനം മുതൽ കുട്ടിയുടെ വിദ്യാഭ്യാസം, വിവാഹം എന്നീ ആവശ്യങ്ങൾക്കും, കാലാവധി കഴിഞ്ഞ് ഇൻഷുറൻസ് തുക (Maturity Amount) കിട്ടിയാലും, പ്രീമിയം അടവ് ഇല്ലാതെ, ആജീവനാന്തം ഇൻഷുറൻസ് സംരക്ഷണം, നിശ്ചിത കാലത്തേക്ക് മാത്രം പ്രീമിയം അടച്ചതുകൊണ്ട് ആജീവനാന്തം, കാലാകാലങ്ങളിൽ ഒരു നിശ്ചിത തുക വീതം ലഭിക്കുന്നവ ഉൾപ്പെടെ 60 വയസ്സ് വരെ പ്രായം ഉള്ളവർക്ക്)

പോളിസികൾക്ക് : SUNNY P. ABRAHAM
(Agent: L.I.C. of India.)
Poovathummuttil House, Kadarnattom, KOLENCHERY,
ERNAKULAM. PIN - 682 311.
Phone:0484 - 276 3429.


ഓടാത്ത ഘടികാരം, തെറ്റിയോടുന്ന ഒന്നിനേക്കാൾ ഭേദമാണ്.

## കവിത

അമ്പിളി ജോസ്
*II B.Com*

# സാഫല്യം



"ചാറ്റലുണ്ടുണ്ണീ തൊടിയിലേയ്ക്കോടാതെ"
ശാസിച്ചു അമ്മ തൻ പൊൻ മകനെ,
ഓതിയതൊട്ടുമെ കേട്ടമട്ടില്ലാതെ,
പായുന്ന കുഞ്ഞിനെ നോക്കി നിന്നു.
കളിയാടാനല്ല പുഴയിലേയ്ക്കല്ല,
മഴയെത്തുന്നതും നോക്കി നിന്നതവൻ,
കാറ്റടിച്ചീടുമ്പോൾ രുചിയേറും മാമ്പഴം
തുരുതുരെ പെയ്യുമെന്നോതിയച്ഛൻ.
ചാറ്റലാണെങ്കിലും കാറ്റുണ്ട് വേഗത്തിൽ,
മാമ്പഴം തല്ലി കൊഴിച്ചിടുവാൻ
ഇങ്ങട്ട് ചിന്തിച്ച് മേൽപ്പോട്ടു നോക്കിയാ-
മഴയത്ത് നിന്നു പ്രതീക്ഷയോടെ.
മഴയെല്ലാം പോയിട്ടും കാറ്റു നിലച്ചിട്ടും,
മാമ്പഴം കൊഴിയുമെന്നാശ ചെയ്തു,
ഒടുവിൽ നിരാശനായ് ഉച്ചത്തിൽ കേണവൻ
ഓടിയണഞ്ഞു തന്നമ്മതൻ ചാരെ.
കരയും കിടാവിനെ അരികത്തണച്ചിട്ട്,
അരുമയായ് കാര്യം തിരക്കിയമ്മ,
"ചാറ്റൽ മഴയത്ത് ഓടിക്കളിച്ചിട്ട്,
കേഴുന്നതെന്തിനു കുഞ്ഞേ നീ,"
"കാറ്റത്തു വീഴുന്ന തേനൂറും മാമ്പഴം,
വേഗമെടുക്കാൻ ഞാനോടിയമ്മേ ,
വീണില്ലൊരെണ്ണവും കാത്തു നിന്നിട്ടും,
പറ്റിച്ചതാണല്ലെ അച്ഛനപ്പോൾ."
കാര്യം നിനച്ചമ്മ വാരിപ്പുണർന്നു-
തൻ ഓമനക്കുട്ടനോടോതി മെല്ലെ
"അച്ഛൻ പറഞ്ഞപോൽ നിശ്ചയമായും,
കാറ്റത്തു മാമ്പഴം മണ്ണിൽ വീഴും
കായ് പഴുക്കാഞ്ഞാൽ ഗുണം വരുമോ?
പിന്നീട് താനെ താഴെ വീഴും."
കുഞ്ഞുടൻ കാര്യം ഗ്രഹിക്കയായി.
വിഡ്ഢിത്തമോർത്തവൻ ചിരി തുടങ്ങി.
കാക്കാതെ കാലം പലതു താണ്ടി,
ഏൽപിച്ചു തന്നിൽ പല ഭാരവും,
നിത്യേന ജീവിതം മുന്നോട്ടായാൻ,
പ്രേരിപ്പിതമ്മ തൻ പൊൻവചനം.
"കാക്കണം നമ്മൾ മൂക്കും വരൊക്കെയും,
വീണ്ടും പ്രയത്നവും ചെയ്തിടേണം,
എങ്കിലേ ആശകൾ പൂർത്തിയാകൂ,
എങ്കിലേ സാഫല്യം കൈവരിക്കൂ."

# adieu



Rev. Fr. Joseph Poonely (Principal)



**Prof: C S Jayaram**
Dept. of English



Rev. Dr. Sr. **Elizabeth Williams**
Dept. of Chemistry



Prof. **A M Chacko**
Dept of English



**K T Joseph**



**John**

Retired non-teaching staffs receiving momentos from Rev. Fr. John Pynadath (Manager)

# Rank Holders


Ezra Mickhily C
Ist Rank (BSc IC)


Anseer M A
Ist Rank (B Com)


Yogitha Kammath
IInd Rank ( BA Copy Editor)


Soumya Soman
IInd Rank (BSc Zoology)


[illegible] A S
[illegible] (BSc IC)


Sujith Kurian
IInd Rank (MSc Zoology)


Ditty Dixon
IIIrd Rank (BSc IC)


Sumayya V R
IIIrd Rank (BA Copy Editor)

# Youth Festival



**Overall 3rd Position in M.G. Uni. Youth Festival**



Rashmi M (IInd B.Sc Physics)
Ist in Eng Recitation & Hindi Elocution



Reshmi G Nair (IInd M.Sc Physics)
Ist in 'Aksharaslokam' & 'Kavyakeli'



Renjini R (IInd M.Com)
Ist in Light Music



Preeti Sreenivas (IInd M.A Eng)
Ist in Shortstory Writing -Eng

# UNION CABINET



Chairman
Hibi Eden



Vice Chairperson
Raftha Salim



Gen. Secretary
Alex Chacko



Arts Club Secretary
Abdul Shafeek



UUC
Zaheer Anwar Sait



UUC
Nijo John



Editor
Karol Mathews Sebastian Alencherry

# REPRESENTATIVES



**Lady Reps**

Shany P A (Left)
&
Bhavana V M (Right)





IInd PG Rep
Joshi. M



Ist PG Rep
Jomina Jose



IIIrd DC Rep
Sarath Babu



Ist DC Rep
Rahul R



IInd DC Rep
Sameesh

# Heartifest

HEARTIFEST










# EVENTS






Nijo John
("Malayala Sreeman")



Arathi P K
("Malayala Manka")





# Union ActivitieS




Talent Hunt



Union Inaguration

ലേഖനം

ജോസഫ് വർഗീസ്
I B.A Copy Editor



# പാഠം ഒന്ന്
# പത്രാധിപർക്കൊരു കത്ത്

നമ്മുടെ പ്രസിദ്ധീകരണങ്ങൾ ഇന്ന് വഴിപിഴച്ചുപോകുന്നുണ്ടോ? നമ്മുടെ പ്രസിദ്ധീകരണങ്ങൾക്ക് നിഷ്പക്ഷത അന്യമാവുന്നുണ്ടോ? നമ്മുടെ പത്രപ്രവർത്തനത്തിൽ മൂല്യച്യുതി സംഭവിക്കുന്നുണ്ടോ? മാധ്യമങ്ങൾക്ക് സാമൂഹികപ്രതിബദ്ധത നഷ്ടപ്പെടുന്നുണ്ടോ?

നാം അധിവസിക്കുന്ന ലോകത്തേയും അതിന്റെ നാനാകോണുകളിൽ ജീവിക്കുന്ന വ്യത്യസ്തരായ മനുഷ്യരേയും അവരുടെ ജീവിതരീതികളേയും സാഹചര്യങ്ങളേയും കുറിച്ചൊക്കെ നാം പണ്ടുള്ളവരേക്കാൾ ബോധവാന്മാരാണ്. അതിന് നമ്മെ പ്രാപ്തരാക്കുന്നതിൽ മാധ്യമങ്ങൾ വഹിച്ചുകൊണ്ടിരിക്കുന്ന പങ്ക് വളരെ വലുതാണ്. മാധ്യമങ്ങൾ പലതുമുണ്ട്. ഇതിൽ അച്ചടിമാധ്യമങ്ങളെക്കുറിച്ച്, അവയുടെ ഇന്നത്തെ സ്ഥിതിയെക്കുറിച്ച് നമുക്കിവിടെ ചർച്ച ചെയ്യാം.

മാധ്യമങ്ങളിൽ പ്രസിദ്ധീകരണങ്ങൾ ഇന്ന് ഏറെ പുരോഗമിച്ചിരിക്കുന്നു. പത്രങ്ങളും വാരികകളും മാസികകളും പുസ്തകങ്ങളുമൊക്കെ പണ്ട് അച്ചുകൾ നിരത്തയാണ് അച്ചടിച്ചിരുന്നത്. എന്നാൽ ഇന്ന് കമ്പ്യൂട്ടർ, ലേസർപ്രിന്റർ തുടങ്ങിയവയുടെ സഹായത്തോടെ അച്ചടിമാധ്യമങ്ങൾ കൂടുതൽ ആകർഷകവും മികവുറ്റതുമായിതീർന്നിരിക്കുന്നു. പ്രസിദ്ധീകരണങ്ങൾ 'വ്യവസായ മേഖല'യിലേയ്ക്ക് പ്രവേശിച്ചതോടുകൂടി അവയുടെ എണ്ണവും വർദ്ധിച്ചു. 'നീല'യിൽ മുക്കി 'മഞ്ഞ'യിൽ ചാലിച്ച് 'പച്ച'യായി വിവരിക്കുന്ന പെൺവാണിഭക്കഥകളും കുറ്റാന്വേഷണങ്ങളും പത്രാധിപ 'പ്രതിബദ്ധത'യുമെല്ലാം ഇന്ന് പ്രസിദ്ധീകരണങ്ങൾക്ക് പിടിച്ചുനിൽക്കുവാനുള്ള കച്ചിത്തുരുമ്പായി മാറിയിരിക്കുന്നു.

നമ്മുടെ പ്രസിദ്ധീകരണങ്ങൾ ഇന്ന് വഴിപിഴച്ചുപോകുന്നുണ്ടോ? നമ്മുടെ പ്രസിദ്ധീകരണങ്ങൾക്ക്

**ജനാധിപത്യ സംവിധാനത്തിൽ പത്രപ്രവർത്തനം വളരെ ഉത്തരവാദിത്വപ്പെട്ട തൊഴിലാണ്. അഥവാ പത്രപ്രവർത്തനം ഒരു ദൗത്യമാണ്.**



നിഷ്പക്ഷത അന്യമാവുന്നുണ്ടോ? നമ്മുടെ പത്രപ്രവർത്തനത്തിൽ മൂല്യച്യുതി സംഭവിക്കുന്നുണ്ടോ? മാധ്യമങ്ങൾക്ക് സാമൂഹികപ്രതിബദ്ധത നഷ്ടപ്പെടുന്നുണ്ടോ?

ചിന്തിക്കേണ്ട ചില ചോദ്യങ്ങളാണിത്. ജനാധിപത്യസംവിധാനത്തിലെ നാലു തൂണുകളിലൊന്നായ മാധ്യമങ്ങൾ ഇന്ന് നേരിടുന്ന വലിയ വെല്ലുവിളികളാണിത്. അടിസ്ഥാന ധർമ്മങ്ങളിൽനിന്ന് പുറകോട്ടുള്ള പോക്ക് ഗുണത്തിനുപകരം ദോഷം ചെയ്യുമെന്ന് അറിഞ്ഞുകൂടാത്തവരാണോ സമൂഹത്തിൽ ജനാധിപത്യത്തിന്റെ കാവൽഭടന്മാരാവുക?

നമുക്ക് പ്രസിദ്ധീകരണങ്ങൾ ധാരാളമുണ്ട്. ദിനപത്രങ്ങൾ യഥേഷ്ടം. എന്നാൽ നിഷ്പക്ഷമായി വാർത്തകൾ എഴുതുന്ന, സത്യസന്ധമായി പ്രശ്നങ്ങളെ വിശകലനം ചെയ്യുന്ന പത്രങ്ങൾ കുറവാണ്. അതിനുകാരണം പല പ്രസിദ്ധീകരണങ്ങളും രാഷ്ട്രീയ പാർട്ടികളുടേയും മതസംഘടനകളുടേയും നിയന്ത്രണത്തിലാണ് എന്നുള്ളതുതന്നെ. അതുകൊണ്ട് സത്യസന്ധമായി വാർത്തകൾ എഴുതുന്ന പത്രങ്ങൾ ചുരുക്കമാണ്. ഇത് മാത്രമല്ല പത്രപ്രവർത്തനത്തിലെ മൂല്യച്യുതിക്ക് കാരണം മറ്റു പലതുമുണ്ട്.

ജനാധിപത്യസംവിധാനത്തിൽ പത്രപ്രവർത്തനം വളരെ ഉത്തരവാദിത്വപ്പെട്ട തൊഴിലാണ്. അഥവാ പത്രപ്രവർത്തനം ഒരു ദൗത്യമാണ്. അഴിമതിക്കെതിരായി പടവാളുയർത്തുക, നീതിക്കുവേണ്ടി വാദിക്കുക എന്നിവയാണ് പത്രപ്രവർത്തനത്തിന്റെ പ്രധാനധർമ്മം. അതോടൊപ്പം വിജ്ഞാനവും വിനോദവും പകരുക, ധാർമ്മികതയും സദാചാരവും പ്രഘോഷിക്കുക എന്നീ ദൗത്യങ്ങളും കൂടെയുണ്ട്. ഒരു പത്രപ്രവർത്തകന് സമൂഹത്തോട്, രാജ്യത്തോട് പ്രതിബദ്ധത കൂടിയേ തീരൂ. ശരിയായ രീതിയിൽ പത്രധർമ്മം നിർവഹിക്കുന്നതിന് അയാൾക്ക് ഉന്നതമായ ലക്ഷ്യബോധവും അചഞ്ചലമായ ആദർശനിഷ്ഠയും ത്യാഗപൂർണ്ണമായ ആത്മാർപ്പണവും ഉണ്ടായിരിക്കേണ്ടതാണ്.

എന്നാൽ നമ്മുടെ രാജ്യത്തെ പത്രപ്രവർത്തകർ അവരുടെ യഥാർത്ഥ കർത്തവ്യങ്ങളിൽനിന്നും വ്യതിചലിച്ചുകൊണ്ടാണ് സഞ്ചരിക്കുന്നത്. ആദർശവും പ്രതിബദ്ധതയും അവരിൽനിന്നും എത്രയോ കാതം അകലെയായിരിക്കുന്നു. ഇന്ത്യൻ പത്രപ്രവർത്തനം ഇന്ന് നിർലജ്ജമായ പക്ഷപാതിത്വത്തിലേയ്ക്ക് അധഃപതിച്ചിരിക്കുന്നു. ഇവിടുത്തെ രാഷ്ട്രീയ പാർട്ടികളും കുത്തകമുതലാളികളും ആവശ്യപ്പെടുന്നതോന്തോ അത് കൊടുക്കാൻ പത്രപ്രവർത്തകർ നിർബന്ധിതരായിരിക്കുന്നു.

ശാസ്ത്രസാങ്കേതികവിദ്യകൾ പുരോഗമിച്ചതോടെ പത്രവ്യവസായം ഏറെ മുതൽമുടക്കുള്ളതായി ത്തീർന്നു. തത്ഫലമായി സാമ്പത്തികസുസ്ഥിതിയുള്ള കുത്തകമുതലാളിമാരുടെ കൈകളിലാണ് പത്രവ്യവസായം. മറ്റൊരു ഭാഷയിൽ പറഞ്ഞാൽ വമ്പൻമാർ പത്രവ്യവസായരംഗം കൈയ്യടക്കി. പത്രമാധ്യമസംരക്ഷണമെന്ന പേരിലാണിതെങ്കിലും ഏതെങ്കിലും ഒരു പ്രസ്ഥാനത്തിലോ രാഷ്ട്രീയ പാർട്ടിയിലോ ബന്ധമില്ലാത്തവർക്ക് നിലനിൽപില്ലാതെയായി എന്നു തന്നെ പറയാം. ഇവിടെ ഒരു പത്രപ്രവർത്തകൻ തനിക്കു ശമ്പളം നൽകുന്ന മാനേജ്മെന്റിന്റെ സ്ഥാപിത താത്പര്യങ്ങൾക്കും പത്രത്തെ പിന്തുണയ്ക്കുന്ന രാഷ്ട്രീയപാർട്ടിയ്ക്കും വേണ്ടി മാത്രം പ്രവർത്തിക്കുക എന്ന അവസ്ഥ സംജാതമാകുന്നു. തൊഴിൽപരമായ മൂല്യങ്ങൾക്കുപരിയായി വ്യക്തിപരമായ നേട്ടങ്ങൾ കൈവരിക്കുന്നതിനുള്ള ചവിട്ടുപടികൂടിയായി ഇന്നത്തെ പത്രപ്രവർത്തനം മാറുന്നു.

ഇന്ന് പത്രാധിപൻമാർ പത്രത്തെ സേവിക്കുകയല്ല ചെയ്യുന്നത്, പത്രങ്ങൾ പത്രാധിപരെയാണു സേവിക്കുന്നത്. കാരണം പത്രപ്രവർത്തനം ഒരു വ്യവസായമായി വികസിച്ച ആധുനിക സമൂഹത്തിൽ വൻകിടവ്യവസായികളും പുതുപ്പണക്കാരും രാഷ്ട്രീയ കക്ഷികൾതന്നെയും കൂടുതൽ പണമുണ്ടാക്കുന്നതിനും അനീതികളെ ന്യായീകരിക്കുന്നതിനുംവേണ്ടി പത്രപ്രവർത്തകരെ ഉയർന്ന വേതനത്തിന്റെ പേരിലും മറ്റുപല ആനുകൂല്യങ്ങളുടെ പേരിലും വിലയ്ക്കുവാങ്ങുന്നു. ഈ രീതിയിൽ പത്രപ്രവർത്തനരംഗത്തേയ്ക്ക് വരുന്നവർക്കെങ്ങിനെ വിശ്വാസ്യതനിലനിർത്താനാകും? എങ്ങനെ പത്രധർമ്മം പാലിയ്ക്കാനാകും? ഇവർക്ക് ഒറ്റ ശ്രദ്ധയേയുള്ളൂ പത്ര ഉടമയുടെ ലാഭവും താത്പര്യവും.

ലക്ഷ്യബോധമില്ലാത്ത ആനുകാലികപ്രസിദ്ധീകരണങ്ങളുടെ ബാഹുല്യമാണ് നമ്മുടെ പത്രപ്രവർത്തനത്തിന്റെ അധഃപതനത്തിനു മറ്റൊരു കാരണം. പാണ്ഡിത്യവും വിശ്രമരഹിതമായ കഠിനപ്രയത്നവുമാണ്. പത്രവർത്തകരുടെ കൈമുതൽ എന്ന സത്യത്തെ മറികടന്ന് എളുപ്പത്തിൽ പ്രശസ്തരാകാനുള്ള ഒരു മാധ്യമമായാണ് ആനുകാലികങ്ങളെ പത്രപ്രവർത്തകർ കാണുന്നത്. യഥാർത്ഥ പത്രധർമ്മം എന്ന ലക്ഷ്യത്തിൽനിന്ന് വ്യതിചലിച്ച് പണമുണ്ടാക്കാനുള്ള ഒരു മാധ്യമമായിട്ടാണ് ഇതിനെ കാണാൻ കഴിയുന്നത്. കൂടാതെ ആധുനിക രാഷ്ട്രീയത്തിന്റെ മടുപ്പും ചെടിപ്പും ഉളവാക്കുന്ന പ്രവർത്തനങ്ങളും പത്രപ്രവർത്തകരെ ഈ വഴിക്കു ചിന്തിക്കാനും പ്രവർത്തിക്കാനും പ്രേരിപ്പിക്കുന്നുണ്ടാവാം.

കാലഘട്ടത്തിന്റെ പ്രത്യേകത മൂലം ഇന്ന് പത്രങ്ങളുടെ മുൻപേജുകളിൽ സ്ഥാനംപിടിക്കുന്നത് ഉന്നതന്മാരും രാഷ്ട്രീയക്കാരും വ്യവസായികളും ബുദ്ധിജീവികളുമൊക്കെയാണ്. അറിയപ്പെടാതെയും അംഗീകരിക്കപ്പെടാതെയും സമൂഹത്തിൽ ഒതുങ്ങിക്കൂടി ജീവിക്കുന്ന ധാരാളം പ്രതിഭകൾ നമ്മുടെ സമൂഹത്തിലുണ്ട്. അവരെ അവരർഹിക്കുന്ന ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരാൻ നമ്മുടെ പത്രങ്ങൾക്ക് കഴിയുന്നുണ്ടോ എന്നുള്ളത് ശ്രദ്ധിക്കേണ്ടതാണ്. താഴേക്കിടയിലുള്ളവരുടെ പ്രശ്നങ്ങളുടെ വിശദാംശങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്ന് വാർത്തകൾ ശേഖരിക്കുന്നതിൽ നമ്മുടെ പത്രങ്ങൾക്ക് എത്രമാത്രം മുന്നേറാൻ സാധിച്ചിട്ടുണ്ട്?

**ലക്ഷ്യബോധമില്ലാത്ത ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ബാഹുല്യമാണ് നമ്മുടെ പത്രപ്രവർത്തനത്തിന്റെ അധഃപതനത്തിനു മറ്റൊരു കാരണം.**



ഇതുകൊണ്ടൊക്കെയാണ് പത്രപ്രവർത്തനത്തിൽ വിശ്വാസ്യത നഷ്ടപ്പെട്ടിരിക്കുന്നു എന്ന് പലരും പറയുന്നത്. വാർത്തകൾ വസ്തുനിഷ്ഠമായി അവതരിപ്പിക്കാനുള്ള ത്വരയാണ് പത്രപ്രവർത്തനത്തിലെ വിശ്വാസ്യത എന്നതു നിലനിർത്തണമെങ്കിൽ വാർത്തകൾ ശേഖരിക്കാനുള്ള മികച്ച സംവിധാനവും ആത്മാർത്ഥതയും ജീവൻ പണയംവച്ചും വാർത്തകൾ ശേഖരിക്കാൻ തയ്യാറുള്ള പരിശീലനം സിദ്ധിച്ച റിപ്പോർട്ടർമാരും ആവശ്യമാണ്.

ഇക്കാര്യങ്ങളിലാണ് പാശ്ചാത്യ രാജ്യങ്ങൾ നമുക്ക് മാതൃകയാവേണ്ടത്. ചില രാജ്യങ്ങളിൽ പത്ര ഉടമയോ മാനേജ്മെന്റോ രാഷ്ട്രീയകക്ഷികളൊ പത്രാധിപസമിതിയുടെമേൽ ഒരു ഇടപെടലുകൾക്കും മുതിരാറില്ല. പത്രധർമ്മം നിലനിർത്തുന്നതിനായി, പത്രപ്രവർത്തനത്തിന്റെ വിശ്വാസ്യത നഷ്ടപ്പെടാതിരിയ്ക്കാൻവേണ്ടി എന്തുചെയ്യാനും എന്തുബലികഴിക്കുവാനും അവർ തയ്യാറാകുന്നു. പൊതുജനങ്ങളോടുള്ള ഉത്തരവാദിത്തം നിറവേറ്റാൻവേണ്ട എല്ലാ സംവിധാനവും അവർ ഏർപ്പെടുത്തുന്നുമുണ്ട്. അനു

കരണീയമായതിനേക്കാളുപരിയായി ഏച്ചുകെട്ടലുകൾക്കു മുതിരുന്നവരുടെ ശ്രദ്ധ എന്നാണ് മുഴച്ചു നിൽക്കുന്നവയിൽ പതിയുക? വളരെ സൂക്ഷ്മതയോടെ പരിശോധിച്ചു ആസൂത്രണം ചെയ്തു തീരുമാനിക്കേണ്ട കാര്യമാണ് പത്രപ്രവർത്തനം. കൃത്രിമവും യാഥാർത്ഥ്യബോധമില്ലാത്തതും കിംവദന്തിയുടെ അടിസ്ഥാനത്തിൽ സൃഷ്ടിയ്ക്കപ്പെട്ടതുമായ റിപ്പോർട്ടുകൾ സ്വീകരിയ്ക്കില്ലയെന്ന് ആദ്യമെ നിശ്ചയിക്കണം. യഥാർത്ഥ പത്രധർമ്മത്തെക്കുറിച്ചും പത്രപ്രവർത്തനത്തിന്റെ വിശ്വാസ്യതയെക്കുറിച്ചും മറ്റും പത്രപ്രവർത്തകരെ ബോദ്ധ്യപ്പെടുത്താനും അതനുസരിച്ച് പ്രവർത്തിക്കാനും തയ്യാറാകണം. അതിനെക്കാളുപരി പത്രങ്ങൾ തനതായ പെരുമാറ്റച്ചട്ടമുണ്ടാക്കുകയും അവ പാലിക്കുകയും വേണം. ജനാധിപത്യത്തിന്റെ കാവൽഭടന്മാരായി കണക്കാക്കപ്പെടുന്ന മാധ്യമങ്ങൾ അവയിൽ നിക്ഷിപ്തമായിരിക്കുന്ന കർത്തവ്യങ്ങളെക്കുറിച്ചും കടമകളെക്കുറിച്ചും ബോധവാൻമാരായി തിരുത്തൽവാദശക്തിയായി മാറി രാഷ്ട്രനിർമ്മാണത്തിലുള്ള പങ്കും താത്പര്യവും പ്രകടിപ്പിക്കേണ്ട സമയം ഇനിയും അതിക്രമിച്ചിട്ടില്ലേ?







വിലക്കപ്പെട്ട കനി സ്വാദുള്ളതാണ്.

കവിത

ബിനിക്സ് ഡി. ജോൺ
*I DC Physics*

# സഖീ... നീയെവിടെ ?



ആരമം പിടയുന്നു,
സഖീ... നീയെവിടെ
നറുമണമേകുന്നൊരു സുഗന്ധമായെന്നോ
എൻ ഇടനാഴിയിൽ നീ വന്നു
എന്തിനെന്നറിയാതെ അലസനായന്നു ഞാൻ.
ഒരുവേളയന്നു നീയെന്റെ
വിളിക്കായ് കാതോർത്തിരിക്കാം.
കൊഞ്ചുന്ന പാദസ്വരങ്ങളാൽ
നീയെനിക്കൊരു സ്വരലയം തീർത്തിരിക്കാം.
ആരമം പിടയുന്നു,
സഖീ... നീയെവിടെ... ?
നൊമ്പരമായിന്നുമീ ഞാനോർക്കുന്നു.
പിന്തിരിഞ്ഞകലുന്ന നിൻമൗനസ്നേഹവും
പിടയുന്ന നിന്റെ ആരമനൊമ്പരങ്ങളും.
നിന്റെ നിശ്വാസം പതിഞ്ഞ വഴിത്താരയിൽ
മോക്ഷത്തിനായിന്നു ഞാനലയുന്നു
ഇനിയൊരുവട്ടം കൂടിയെൻ ജീവന്റെ
ജീവനിൽ സ്വരലയമാകുമോ നീ...

**കവിത**

വിനോജ്
*II BA Sociology*

# നത്ത്



ജീവിതം ചിലപ്പോൾ ഒരു നത്തിന്റെ ഏകാഗ്രതയോടും
ക്ഷമയോടും കൂടി ജീവിച്ച് തീർക്കുന്നതായിത്തോന്നും
ചിലപ്പോൾ ആരോടും പരാതി പറയാനാവാത്ത ഒരു
നിസ്സഹായനാവുമ്പോഴും എന്റെ മനസ്സിനെ മഥിക്കുന്നത് നത്തിന്റെ ചലനമാണ്.
ഇനി ഈ നീണ്ടയാത്രയിൽ വല്ലപ്പോഴും കൈവന്നേക്കാവുന്ന
അവസരങ്ങൾക്കായുള്ള നീണ്ട കാത്തിരിപ്പിലാവും ഞാൻ നത്തിനെ  ഓർക്കുക.
ചിലപ്പോഴെങ്കിലും അതിന്റെ പേടിപ്പെടുത്തുന്ന നോട്ടം
എനിക്കു ചിലമുന്നറിയിപ്പുകൾ തന്നു.
വലിയമോഹങ്ങൾ ഉദിക്കുമ്പോൾ പക്ഷിയായി ഞാൻ സഞ്ചരിക്കും.
പറന്നകലുന്നത്രയും ചിറകിൻ കീഴിലാക്കാമല്ലോ.
പ്രേക്ഷകനായി മാറി ചുറ്റുമുള്ളവ സസൂക്ഷ്മം
നോക്കിക്കാണുമ്പോൾ വീണ്ടും ഞാനതിൽ പുനർജനിക്കുന്നു.
കാക്കകൾ തലങ്ങും വിലങ്ങും കൊത്തിപ്പറിക്കുന്ന
പറക്കാനാകാത്ത നത്തിൻ കുഞ്ഞിന്റെ അവസ്ഥയും അനുഭവവേദ്യമാകാറുണ്ട്.
വേണ്ടത്രകരുത്തും ധൈര്യവുമില്ലാത്തതിനാൽ കർമ്മപഥത്തിൽനിന്നും
പിൻവാങ്ങി നിഷ്ക്രിയനായിരിക്കുന്ന എന്റെ രൂപം അതിനും തോന്നും.
സ്വന്തം ആശയങ്ങൾ ന്യായീകരിച്ച് മുറുകെ പിടിക്കുമ്പോൾ
ഞാനറിയാതെ എന്നിൽ മിന്നിമറയുന്നത് നത്താണ്.
മനസ്സിന്റെ കോണിലെവിടെയോ ഒളിക്കുന്ന ചിന്തകളിൽ എന്റെ
ബാഹ്യവും ആന്തരീകവും തമ്മിലുള്ള അന്തരം ആ ജീവിയിൽ
എന്നപോലെ   തിരിച്ചറിയുന്നു.
ഇപ്രകാരമായിരിക്കുന്ന ലോകത്തിൽ നിഷ്ക്രിയനായിരിക്കുന്നതാവും
ഉചിതം ഒരു പക്ഷേ ഈ പക്ഷിയെപ്പോലെ.
സഹവർത്തികളേയും സാഹചര്യങ്ങളെയും മടുക്കുമ്പോൾ അവലോകനത്തിനായി
നാമും ഒരു നത്തായി വന്നുചേർന്നേക്കാം.
എന്നെ മറ്റുള്ളവർ മനസ്സിലാക്കാതെ വരുമ്പോൾ രാത്രിയിൽ ഇരതേടുന്ന
പക്ഷിയും ഞാനും അപൂർവ ഇനമാകുന്നു.
ചുറ്റിലും നിന്ന് ചട്ടങ്ങളും നടത്തിപ്പുകളും എന്നെ
നിയന്ത്രിക്കുമ്പോൾ ഞാനും ഒരു നിശ്ചലനാകുകയാണോ.
സുന്ദരങ്ങളായ നിമിഷങ്ങളിൽ സ്വപ്നങ്ങൾ മെനയുമ്പോൾ
ഞാനും പക്ഷിയെപ്പോലെ സ്വച്ഛത ഇഷ്ടപ്പെടുന്നു.
പെട്ടെന്ന് ദൃഷ്ടിയിൽപ്പെടാത്ത വിധമുള്ള അതിന്റെ പ്രകൃതം.
എനിക്കെന്റെ സ്വകാര്യതയിലേക്ക് ഒതുങ്ങാനുള്ള പ്രേരണയാണ്.
എന്നിലേയും പക്ഷിയിലേയും വ്യത്യസ്തതകൾ ദൃശ്യമാവുമ്പോൾ വ്യർത്ഥമായ നിലവാരം
കാണിക്കുന്നതിനായി അവർ ഞങ്ങളെ നികൃഷ്ടരാക്കുന്നു.
ഇനിയും ഗ്രഹിക്കാനാവാത്ത ഈ ജന്മത്തിന്റെ സാരം
അല്പമെങ്കിലും പറയുവാൻ കഴിയുന്ന പക്ഷി വെറുമൊരു
പക്ഷിയാണോ എന്നതിൽ തെല്ലു സംശയമുണ്ട്.

കഥ

അജേഷ് കുമാർ കെ. എം.
I M.Sc Maths

# ബലിമൃഗങ്ങൾ

കാലികൾ മേയുന്ന മൈതാനത്തിനപ്പുറം, ഇടുങ്ങിയ മുറികൾ തിങ്ങിയ വഴിയോരത്തുകൂടെ സുഹൃത്തിന്റെ കൂടാരത്തിലെത്തിയപ്പോഴേക്കും അന്നത്തെ അലച്ചിലിന്റെ മുഴുവൻ ക്ഷീണവും അയാളെ ആവാഹിച്ചിരുന്നു. സന്ധ്യ സിന്ദൂരമണിയുന്നതും, ആകാശച്ചെരുവിൻ ദീപാർച്ചനക്ക് അരങ്ങൊരുങ്ങുന്നതുമൊന്നും അയാളുടെ ചിന്താസരണിയിൽ ഒളിമിന്നിയില്ല. ജോലി കഴിഞ്ഞെത്തിയ സുഹൃത്ത് ചോദ്യശരങ്ങളൊന്നും തൊടുക്കുന്നില്ലല്ലോ എന്നാശ്വസിച്ചു. ഒരു സായന്തനത്തിന്റെ മുഴുവൻ ദുഃഖവും ഉൾക്കൂടന്നയിൽ ഒളിപ്പിച്ചു വെച്ച് അധരങ്ങളിൽ പുഞ്ചിരിയുടെ ശോഭ പരത്താൻ വെറുതെ ശ്രമിച്ചു. കണ്ണുകൾ പൂട്ടി മലർന്നു കിടന്നപ്പോൾ കൈയെത്താനാകാത്ത ദൂരത്ത്, എത്തിപ്പിടിക്കാനാകാത്ത ചില്ലയിലെ മലർക്കുലപോലെ കിടക്കുന്ന, ജീവിതലക്ഷ്യത്തെപ്പറ്റി ചിന്തിക്കുവാൻ മനസ്സു നിർബന്ധിച്ചു. വിലമതിക്കാനാവാത്തതെന്ന് പണ്ടെങ്ങോ കരുതിയിരുന്ന, വിലയിടിഞ്ഞ, സർട്ടിഫിക്കറ്റുകളും, മഷി മാഞ്ഞുതുടങ്ങിയ മാർക്കുകളുള്ള നിറംമങ്ങിയ കടലാസുകളും തിങ്ങിയ ഭാണ്ഡത്തിനോടൊപ്പം, തന്റെ ജീവിതവും, ചിതലരിക്കുവാൻ തുടങ്ങുകയാണോ എന്ന് ചിന്തിക്കാതിരിക്കാനായില്ല. എത്രനാൾ ഇത്തിക്കണ്ണി കണക്കെ, സുഹൃത്തിന്റെ കൂടാരം പങ്കിട്ട് കഴിച്ചുകൂട്ടാനാകുമെന്നറിയില്ല. അനന്തതയിലേയ്ക്കുളിയിടുന്ന ആശകളെ നോക്കി നെടുവീർപ്പിടുവാൻ മാത്രമുതകുന്നതോ ഈ ജന്മം? അയാളുടെ ചിന്തകളുടെ ഗതി മാറ്റാനെന്നോണം മഴത്തുള്ളികൾ വാതായനങ്ങൾക്കപ്പുറത്ത് ഇറ്റുവീഴാൻ തുടങ്ങി. ഇരുട്ടിന്റെ നിറം കനക്കെ, ബാല്യത്തിലെങ്ങോ ചോദിക്കുമായിരുന്ന ചോദ്യത്തിന്റെ നിറം തെളിഞ്ഞു. കാതിലെ വലിയ തോടകളിളക്കി, പല്ലുകൾ കൊഴിഞ്ഞുപോയ, മുറുക്കിച്ചുവപ്പിച്ച ചുണ്ടുകൾ വിടർത്തി, തലയാട്ടിച്ചിരിച്ച് ഈണത്തിൽ കഥ പറയാറുള്ള മുത്തശ്ശിയോടുമാത്രമേ ചോദ്യങ്ങളുടെ കെട്ടു വിടർത്താറുള്ളു. പതിവുപോലെ രാജകുമാരിയുടേയും ഭൂതത്താന്റേയും കേട്ടു തഴമ്പിച്ച കഥ, തുലാവർഷത്തിന്റെ ഈണത്തിനൊപ്പം കേട്ടുകൊണ്ടിരിക്കെ തന്റെ സംശയം:



ഈ മഴത്തുള്ളികൾക്കെന്താനിറം മുത്തശ്ശ്യേ?

കഥയുടെ രസച്ചരടു മുറിഞ്ഞതിലെ ഈർഷ്യയോടെ, മുത്തശ്ശി

പറഞ്ഞു, നീയപ്പോ കഥയിലല്ലേ ഉണ്ട്യേ ശ്രദ്ധിക്കുന്നത്? താൻ പിന്നെ ഒന്നും മിണ്ടിയില്ല. കഥ തുടരവേ വീണ്ടും ചോദിച്ചു.

ആകാശത്തിത്രേം വെള്ളം എവിട്യാ മുത്തശ്ശ്യേ സൂക്ഷിച്ചുവച്ചിരിക്കുന്നത്?

മുത്തശ്ശി കഥയിൽ ഉത്തരം കലർത്തിപ്പറഞ്ഞു;

അതേയ് രാജകുമാരിയെ ഭൂതത്താൻ കൊണ്ടുപോയത്, ആകാശത്തേയ്ക്കല്ല, ഭൂതത്താന്റെ കോട്ടയ്ക്കകത്തേക്കാട്ടോ; ഇനി ശ്രദ്ധിച്ച് കഥ കേട്ടില്ലെങ്കിലേ, ഞാമ്പോയി കിടക്കും. പിന്നെയൊന്നും ചോദിക്കേണ്ടെന്നു കരുതി.

ജീവിതത്തിന്റെ ഓരോ വഴിത്തിരിവിലും പണ്ടെങ്ങോ പറഞ്ഞിട്ടുള്ള കഥകളിലെ മൂല്യങ്ങളെപ്പറ്റി മുത്തശ്ശി ഓർമ്മപ്പെടുത്തുമായിരുന്നു. അവസാനം, ഭൂതത്തെ കൊന്ന് ആരെങ്കിലും രാജകുമാരിയെ രക്ഷിക്കവേ, കഥയുടെ കലാശക്കൊട്ടുപോലെ മുത്തശ്ശി പറയും, എപ്പോഴും നന്മമാത്രമേ ജയിക്കുകയുള്ളൂ; ഭൂതം തിന്മയുടെ പ്രതീകമല്ലേ; തിന്മ പരാജയപ്പെട്ടേ പറ്റൂ. അന്നതൊക്കെ വിശ്വാസത്തിന്റെ വേലിക്കകത്തു കൂട്ടിവച്ചു പക്ഷേ...

കൂട്ടുകാരന്റെ കൂര പങ്കിടാൻ തുടങ്ങിയിട്ടിപ്പോൾ മാസങ്ങളായി. ജോലി തേടി അലയാത്തിടങ്ങളില്ലാതായിരിയ്ക്കുന്നു. എവിടേയും പ്രവേശനം നിഷേധിക്കുമ്പോൾ അവസരങ്ങൾക്കൊപ്പമുയർത്തിക്കാട്ടാൻ കഴിയാത്ത, ധനതത്വശാസ്ത്രത്തിന്റെ കൂട്ടിയിണക്കപ്പെട്ട കണ്ണികളിൽ, ഡൊണേഷൻ തുകയുടെ ആക്കം വർദ്ധിക്കുമ്പോൾ ആളുന്ന വിശപ്പിന്റെ ആർത്തനാദത്തോടൊപ്പം ഉള്ളിൽ നിന്നുയരുന്ന സ്വരം. ഞാനതിന് രാജകുമാരനൊന്നുമല്ലല്ലോ. അവിടെനിന്നിറങ്ങുമ്പോൾ ചോദ്യകർത്താക്കൾ അടുത്ത ഇരയെ പരീക്ഷിക്കാനൊരുങ്ങുകയാവും.

ദിനരാത്രങ്ങൾ പോയ്മറയുന്നതറിയാഞ്ഞിട്ടല്ല മറിച്ച് ചേക്കേറാൻ മറ്റൊരു ചില്ല കണ്ടെത്താത്തതുകൊണ്ടാണ് തന്റെ സൗഹൃദം മുതലെടുക്കുന്നതെന്ന് സുഹൃത്തിനോട് പറയണമെന്നുണ്ടായിരുന്നു. ഒരിക്കലും തന്റെ ജോലിയെപ്പറ്റി സുഹൃത്ത് വാചാലനാകാറുമില്ല. അനിഷ്ടവും പ്രകടിപ്പിച്ചില്ല.

പ്രഭാതത്തിന്റെ തണുപ്പിൽ വീണ്ടും സമ്മതിപത്രങ്ങളുമേന്തി ഭിക്ഷാംദേഹിയെപ്പോലെ പാതയോരങ്ങൾ താണ്ടവെ, മനസ്സു പതറുകയായിരുന്നു. അല്പം ആശ്വസിക്കാനായി ആളൊഴിഞ്ഞ മരത്തണൽ തേടിച്ചെന്നു ഏകാന്തതയുടെ തുരുത്തിൽ മനസ്സു മയങ്ങവേ, വിചിത്രമായ ചിത്രങ്ങൾ തെളിയുന്നുണ്ടായിരുന്നു.



മയക്കത്തിൽനിന്ന് മനസ്സ് മുക്തമായത് ആരവങ്ങളുടെ ഈണം കേട്ടുകൊണ്ടാണ്. ഇടിയും അടിയും... ആകെ ശബ്ദകോലാഹലങ്ങൾ നിറഞ്ഞുതിങ്ങിയ ജനക്കൂട്ടത്തിനിടയിലൂടെ നിണമിറ്റുന്ന മുഖത്തോടെ, തന്റെ സുഹൃത്ത്.

എപ്പോഴോ വിശദീകരണങ്ങൾ കേട്ടു. മോഷണമാ സ്ഥിരം തൊഴിൽ, ഇന്ന് കണക്കിന് കിട്ടിയിട്ടുണ്ട്. നന്നായി... യാഥാർത്ഥ്യങ്ങൾ ഏറെ വിദൂരത്താണെന്നറിയുന്നതോടൊപ്പം, തനിക്കാകെയുണ്ടായിരുന്ന ഇടത്താവളം നഷ്ടമാകുകയാണല്ലോ എന്ന തിരിച്ചറിവും ആകെ തളർത്തി.

ആരവം അകലുന്നതോടൊപ്പം ആശ്വാസത്തിന്റെ മരുപ്പച്ചയും അകന്നകന്നു പോകുകയായിരുന്നു. ജീവിതത്തിനു തന്നെ ഭാരമായിത്തീർന്ന സമ്മതിപത്രങ്ങളുടെ കനത്ത ഭാണ്ഡം വലിച്ചെറിഞ്ഞ്, പുതിയൊരുൾക്കരുത്തോടെ, അമർത്തിയ ചുവടുവയ്പുകളോടെ നടന്നകലുമ്പോൾ മുത്തശ്ശിയുടെ കഥയിലെ, കഥയില്ലായ്മകൾ തിരയുകയായിരുന്നു മനസ്സ്. ഇവിടെ തിന്മയാണോ നന്മയാണോ വിജയമണിയുന്നത്?

രക്ഷപ്പെടുന്നത് രാജകുമാരി തന്നെയോ? കൊല്ലപ്പെടുന്നത് ഭൂതത്താൻ തന്നെയോ? കൊല്ലുന്നത്..?

കഥയില്ലായ്മകൾ പെരുകി വരുന്നു. ഒടുവിൽ ഓരോരുത്തരും പുതിയ പുതിയ വഴികൾ തേടുന്നു... നന്മയുടേയോ? തിന്മയുടേയോ? എന്തായാലും ബലിമൃഗങ്ങൾ പെരുകുന്നു...

അനുസ്യൂത കാലപ്രവാഹം പോലെ. ❖

കവിത

ദീപ മുരളീധരൻ
*II DC Botany*

# മൗനമന്ത്രണം

ആർദ്രമാം ഇളം തെന്നലെൻ
മനസ്സിനെ തഴുകുമ്പോൾ
പൊട്ടിത്തകർന്ന ഹൃദയത്തിൽ
സ്നേഹപഞ്ജരം പടുത്തുയർത്തുമ്പോൾ
എന്തിനെൻ കാറ്റേ, അറിഞ്ഞു നീയെൻ
മനസ്സിന്റെ ഭാരം വഹിക്കുന്നു.
പൊട്ടു ചില്ലിൻ കനം കൂടിയെൻ മനംപോലും
തൂവൽപോലെ പറത്തുന്നു.
മൗനമായ് മന്ത്രിക്കുമെൻ മനസ്സിനെ
നീയെപ്പഴോ അറിഞ്ഞപ്പോൾ
അറിയാതെ ആശിച്ചുപോയ് ഈ തെന്നലിൽ സൗരഭ്യം
പൊൻചിറക് വിടർത്തി പറക്കുമെൻ സ്വപ്നത്തിൽ
ആയുസ്സായ് നീ മാറുമ്പോൾ
ഞാനും കൊതിച്ചുപോയ്
നിന്റെ നാദവും തലോടലും സ്നേഹവും
സാക്ഷിയാം ദൈവമേ ആശയാൽ
ഞാനും പ്രാർത്ഥിക്കുന്നീ വേളയിൽ
കൊടുങ്കാറ്റായ് മാറ്റി ഉലച്ചീടല്ലേ
എന്റെ സ്വപ്നവും ഹൃദയവും



**കവിത**

ടീന ജോസ്
*I M.Sc Maths*

# ഏകാകിനി

നിശബ്ദമീ നിശീഥിനിതൻ കൂരിരുട്ടിൽ
ദുഃഖത്തിൻ പാനപാത്രം കുടിക്കുമ്പോഴും,
ഒരുമാത്രയവൾ നിനച്ചു, ഒരുനോക്കുകാണുവാൻ
ഒരു മന്ത്രം ചൊല്ലുവാൻ.........
കാലമാകുന്ന രഥചക്രത്തിലൂടവൾ യാത്രയാകുമ്പോഴും
ദൂരെ ധൂമപടലങ്ങളിൽ നിന്നും,
ഒരു വിളി കേൾക്കുവാനവൾ പരവശയായി.
അനാഥത്വത്തിന്റെ അഴുക്കുചാലിൽ ശയിക്കുമ്പോഴും
ഒരു സാന്ത്വനസ്പർശത്തിനായ് ,
ഒരു സാന്ത്വനവചസ്സിനായ്
കൊതിക്കും ആ പ്രകൃതിതൻ ദേവിയെ
കേഴുമാവേഴാമ്പലിനെ, നീ കണ്ടുവോ?
ആ കന്യകതൻ മനസ്സിൻ മണിവീണയതിൽ
മീട്ടും ശോകാന്തഗീതം നീ കേട്ടുവോ?
എന്നിട്ടും നീയെന്തേ മൗനമായിരിപ്പൂ...........



ലേഖനം

സന്തോഷ് സെബാസ്റ്റ്യൻ
*II B.Sc Physics*

# വെളിച്ചം ദുഃഖമോ ഉണ്ണീ...?



കിടങ്ങളില്ലാത്ത ലോകത്തിലേയ്ക്ക് ചേക്കേറുന്നവർ നാൾക്കുനാൾ ഉയർന്നുവരുമ്പോൾ മാവേലിനാടിന്റെ മക്കൾക്കു മീതെ ഡെമോക്ലിസിന്റെ വാൾമുന ഇന്നും അവശേഷിക്കുന്നു. മെഗാസീരിയലുകൾപോലെ അഞ്ചു വർഷം കേരളത്തെ കൊലയ്ക്കു കൊടുക്കുവാനായി രണക്കൊതിയൻമാർ ആർത്തിയോടെ ആക്രോശിക്കുമ്പോൾ പരശുരാമന്റെ ഈ നാട് ആത്മഹത്യാമുനമ്പായി അധഃപതിക്കുന്നില്ലേ എന്നുള്ള ചോദ്യം മനസ്സുകളെ വേട്ടയാടുന്നു.

വികസനത്തിന്റെയും എക്സ്പ്രസ് ഹൈവേയുടേയും മറ്റും ഈ കാലത്ത് കയ്യൂക്കുള്ളവൻ തന്നെ കാര്യക്കാരൻ എന്നു തെളിയിക്കുന്ന ഒരേയൊരു മേഖല വിദ്യാഭ്യാസ മേഖല തന്നെ. ഗുരുകുല വിദ്യാഭ്യാസത്തിൽ നിന്ന് ഗുരു "കൊല" വിദ്യാഭ്യാസത്തിലേക്കും, ഒടുവിൽ വിദ്യാഭ്യാസം എന്നത് പണമുള്ളവന്റെ വിദ്യയുടെ ആഭാസമായും വികസിക്കുന്ന ഈ കാലഘട്ടത്തിൽ സാധാരണക്കാരന്റെ കണ്ണിലെ തിളക്കമുള്ള കണ്ണുനീർത്തുള്ളികൾ ലേഖകന്റെ ജീവിതത്തിലെ ഇറാക്ക് അനുഭവമായി ഇന്നും അവശേഷിക്കുന്നു. എന്തിനും ഏതിനും കമ്മീഷനുകളെ വിലയ്ക്കെടുക്കുയും ഒടുവിൽ അവരുടെ റിപ്പോർട്ട് ചുവപ്പു നാടയുടെ ഊരാക്കുടുക്കിൽപ്പെടുകയും ചെയ്യുന്നത് സ്ഥിരം കാഴ്ചയാവുകയും ചെയ്യുമ്പോൾ വിദ്യാഭ്യാസം എന്നത് രാഷ്ട്രീയ ഗുണ്ടായിസത്തിന്റെ വേദിയായി മാറുന്നു.

സ്വാശ്രയവിദ്യാഭ്യാസത്തിന്റെ ചിറകിലേറി പായുന്ന വിദ്യാഭ്യാസത്തിന്റെ പ്രഫഷണൽ സമീപനങ്ങൾ ഒടുവിൽ വിദ്യാർത്ഥിയെ ഇരുട്ടിന്റെ നിലയില്ലാക്കയത്തിലേയ്ക്കു തള്ളി വിടുകയാണ്. അറിവ് അന്വേഷിച്ച് ബാങ്കുകളുടെ ആനവാതിലുകളിൽ മുട്ടുമ്പോൾ ബാങ്കുകൾക്കു പാവങ്ങളെ സഹായിക്കുവാൻ പദ്ധതികളില്ല. അവർക്കു വേണ്ടത് പണവും പലിശയുമാണ്. കൂണുപോലെ മുളയ്ക്കുന്ന സ്ഥാപനങ്ങൾ ഒരുക്കുന്ന അവസരപ്രളയത്തിൽ ഇവർ നീന്തിക്കയറുമെന്ന് ബാങ്കുകാർ കരുതുന്നില്ല. അവർ മുങ്ങിച്ചത്താൽ പിടിച്ചെടുക്കുവാൻ തലമുറകളിലൂടെ ആർജിച്ച സ്വത്ത് ഇല്ലാത്തവരെ അവർ പരിഗണിക്കാറില്ല.

ആഗോളീകരണം പ്രസവിച്ച വികസനം എന്ന അന്ധത സമൂഹത്തിനുമീതെ ഭീതി വിതച്ചു നില്ക്കുന്നു. എന്റെ അടുത്തിരിക്കുന്ന പെങ്ങൾ ആരും കാണാതെ പുസ്തകത്താളിൽ സൂക്ഷിക്കുന്ന മയിൽപ്പീലിയെക്കാൾ ഒളിച്ചു സൂക്ഷിക്കുന്ന ദാരിദ്ര്യത്തിന്റെ സ്വകാര്യമുഖം കാണാൻ നിനക്കു വെളിച്ചമുണ്ടെങ്കിൽ നീ അന്ധനല്ല. പൊങ്ങച്ച ലോകത്തിന്റെ തിളക്കങ്ങളും പുറമ്പോക്കിലാക്കപ്പെടാതിരിയ്ക്കാൻ തന്റെ കുടുംബം പുറമ്പോക്കിലാണ് വസിക്കുന്നതെന്ന സത്യം അവർ ഒളിച്ചുവച്ചേക്കും.

നമ്മുടെ പോക്കറ്റ് മണി, സിനിമാകാണാനോ, ചുരിദാർ വാങ്ങാനോ ഒരു പക്ഷെ ഉച്ചഭക്ഷണത്തിനു തന്നെ മാറ്റി വച്ചിരിക്കുന്ന ചില്ലിക്കാശ് ദിവസം മുഴുവൻ പട്ടിണി കിടക്കുന്നവന് വേണ്ടി മാറ്റിവയ്ക്കാനാവുക. ദാരിദ്ര്യം ഒരു സമൂഹ്യ യാഥാർത്ഥ്യമാണ്. ദരിദ്രർ എക്കാലവും നമ്മൾക്കൊപ്പം ഉണ്ടാവുകയും ചെയ്യും. എന്റെ മുന്നിൽ ഇല്ലാത്തവനായി നിൽക്കുന്നവനുകൂടി അവകാശപ്പെട്ടതാണ് എന്റെ കൈവശമുള്ളവയെന്ന് തിരിച്ചറിയാൻ ആകുമ്പോഴാണ് നീ മനുഷ്യനാകുന്നത്. പകരം

മറ്റുള്ളവരുടെ വേദനകൾ എന്റെ പെങ്ങൾക്കുണ്ടായി എന്നു പറഞ്ഞ് നോട്ടീസടിക്കുവാനും സമരം ചെയ്യാനും കല്ലെറിയാനും നീ പ്രേരിപ്പിക്കപ്പെടുന്നുവെങ്കിൽ തിരിച്ചറിയുക- ഈ ദുരന്തവും നീ കച്ചവടമാക്കുകയാണ്. അല്ലെങ്കിൽ നിന്നെ കരുവാക്കി ആരോ കച്ചവടം നടത്തുന്നു. അങ്ങനെ നീ തന്നെ കുറ്റപ്പെടുത്തുന്ന കമ്പോള സംസ്കാരത്തിനു നീ തന്നെ ഇരയാവുന്നു.

വെളിച്ചം തേടി വന്ന വിദ്യാർത്ഥിക്ക് ഇരുട്ടിന്റെ അന്തരാത്മാവിനെ പ്രണയിക്കേണ്ടിവന്നുവെങ്കിൽ വിദ്യാഭ്യാസം ആരുടെയൊക്കെയോ സ്വാർത്ഥതയുടെ അഭ്യാസമായി തീരുന്നു. കനലെരിയുന്ന ഈ മലയാളമണ്ണിന് എന്തിന് സാക്ഷരതയുടെ മുഖംമൂടി?
വെളിച്ചം ദുഃഖമോ ഉണ്ണീ...?

**With Best Compliments From :**

**A New Initiative from POTTAMTHAZHAM CONSTRUCTIONS "V & J BUILDERS"**

കെട്ടിടനിർമ്മാണരംഗത്ത് 20 വർഷത്തെ സേവനപാരമ്പര്യമുള്ള പൊറ്റംതാഴം കൺസ്ട്രക്ഷൻസിന്റെ പുതിയ സംരംഭം "V & J BUILDERS".

Building Construction, Kitchen Cuboard, Walldrobe & All other wooden works.

"നിങ്ങളുടെ സ്വപ്നഗൃഹം ഇതാ ഞങ്ങളിലൂടെ"

Contact : 2779163 (Res) Mobile : 9847103280, 9847096243

✆ 2366015, 2355565

**HYTECH SANITARY WARES**

Achutha Warrier Lane (Opp. Formost), M.G. Road, Kochi - 682 035

Dealers in : Sanitary Wares ■ PVC, G.I., S.W., Pipes & Fittings C.P. Bathroom Fittings ■ Glazed Tiles ■ Flooring Tiles ■ Pumpsets

RAASI VITREOUS SANITARY WARE

SPRINT

Sprint Computer Education &
Netpro Cyber Solutions Pvt. Ltd.

Builder's Cenfre, ChuHickal Kochi-682005 Ph; 2211517, Mob: 9895317628

| The Career Courses | Our Specialities |
|---|---|
| ➢ GSE | • A Quality Computer Education |
| ➢ PGDCA | • Excellent Lab Facilities |
| ➢ DCA | • Affordable fees |
| ➢ ADST | • Fee installment Facilities |
| ➢ DST | • Free Placement through our placement cell |

A Leading Computer Education Centre in West Kochi

# English Section



ARTICLE

**Sajith Varma**
*IInd BA Copy editor*

# A Lodestar, Indeed




This is not a comprehensive or an authoritative account of Prof. C.S. Jayaram, his career and his personality, but a brief not on what Jayaram Sir was to the Sacred Heart College and the students here. Before writing this piece, I haven't tried the necessary pre-writing techniques, brainstorming, free writing nothing. I didn't because on writing about Jayaram sir, one wouldn't need them. Memories of those great days studying under him, just keeps flowing in the minds of the students who have had the luck to be associated with him, both academically and otherwise.

All his tenure, Jayaram sir never remained an exclusive asset to the English department alone. But, he participated actively in all the activities of the college and his charm and energy and the persevering way in which he handled crucial matters made him venerable to all. Jayaram sir is undoubtedly a really versatile genius. An inspiring teacher, an ardent artist, a profound intellectual an astir actor, an astute writer and what not. He was not a lecturer who spoke endlessly of the good deeds and simultaneously went for the bad ones. But, he himself stood the role model and the inspiration and support that he gave reflects in the success of the innumerable students who have passed out of this institution.

And now, his retirement from our college, after about thirty years of service has created a vacuum that may remain unfilled. His valuable contributions to the glory of this institution stands immortal. He trained the students, not only in academics, but also various art forms such as painting and sculpture. An excellent example his

craftsmanship is the 'Bhoothathan', the outstanding work of art, created by him in front garden. It strikes the eyes of anyone entering the college through the main gate. His combined efforts with the determined professors and lectures in the English department, made it the faculty of fine arts.



'BOOTHATHAN'

Jayaram Sir was not just a teacher or guide, but a very dear friend to his students. We could approach him any time to share any problem be it personal or even any matter for that reason. This love and affection of the students towards him was clearly seen when one of our students literary wept when she was speaking during his farewell ceremony.

I feel that this account won't be complete without this small incident. I along with a group of my friends was called by Jayaram Sir, for a skit which was to be staged during heartifest, the cultural festival of our college. He was the head of the department and had many other duties. But, he spared time for rehearsals (Also, spared us from classes) that continued from morning to night. Finally, on the heartifest day, all arrays were ready and our's was the next item. All of a sudden, we found our director, Jayaram Sir, missing. He had sung a song earlier and now, it seemed as if he got varnished. We searched everywhere, but he was not any where. Our Palpitating hearts were beginning to find the way home, when we suddenly saw someone in a fancy T-shirt and a cap kept in the reverse position and with a pleasant contented glee. We asked this H.O.D. of ours, " Sir, but why are you in this dress? Raising his hat and still with that contented glee, he said" Dear friends, if you missed out on some arrangement in the stage, then here I am, ready to enter the stage to do it".

A lodestar, Indeed.

# POEM

**Anila Mathew**
*IIIrd B.A.Copy Editor*

## CORRIDORS

*Crawling across it at one,*
*Drooling all over it by two,*
*Walking on spindly legs on it by three,*
*Running across in drab uniforms at four,*
*Hopping, running, jumping, laughing,*
*five six, seven, eight, nine, ten.*
*Grey turns creme*
*Cement and stone turn sand and grass,*
*giggles, whispers resound,*
*Eleventh summer,*
*Twelfth winter,*
*Thirteenth spring dawns.*
*Now,*
*Eyes meet across wide corridors,*
*All else fades away,*
*Hands are held,*
*Gaits are slower,*
*Dreams are woven,*
*Promises are made,*
*All is light, all is bright*
*Fourteen, fifteen fly away.*
*Sweet sixteen brings in the saltiness of tears,*
*Heart breaks, sights and fears,*
*Childhood and innocence bid adieu,*
*On the bring of adulthood,*
*Enters corridors of responsibility with no clue,*
*Life stretches on..............*
*Life stretches on...............*
*Life stretches on...............*
*On a golden evening,*
*Turns back,*
*Looks down through artificial eyes,*
*Slowly blossoms..............*



ARTICLE

**Rakesh Peter**
*IInd B.Sc Physics*



# *"Less of Facts, More of Sensationalism, the Modern day mantra of the Media"*

***In the past, Media were a synonym of truth and justice.***



We know media plays an important role in our life. It is an object for communication , to grab the information, happenings and lot more facts that enriches one's vocabulary, knowledge and even thought.

It is used to be a thing of importance as it contained good and truthful information related to the human society. Now, one can't live without media like newspaper, television, radio etc.

In the past, Media were a synonym of truth and justice. Now in the present world of progress there have been a lot of change in the motivation of media.

It's time to think what is the main course for this change, and what will be it's result in the future? What is the present scenario? And what could be the possible way to demolish this crisis? Likewise many unsolved questions rise in the minds of well wishers. Thinking, analysing and concluding these problems would drive to a good future in the field of media.

First of all we can recall the past in which the Media was totally dedicated to truthful and relatively important facts and information Now, due to the arrival of many print media and also other means of communication the whole thing has changed. At present every medium

*So if lesser the facts and more the sensation then its the end of that media as it brings out nonsense from it.*

is trying to make its own existence from its point of view. They have started realising **'Survival of the fittest'** which could be a major reason for this change as they are now concentrating more on sensational news rather than informative facts. So what the media should realise is that truth and real facts have the chance of existence when compared to sensations.

If the media try to offer or rather try to produce more and more sensational information rather factful ones then the future of them will be limited. Sensations are of just occasional values, they won't give us informative ideas, they are only temporary that could be abolished by truth.

Both print and visual medias are competing nail to nail such that they could even purposely hide the truth in order to produce sensations of their own that could maximize their circulation or even demand on the desktop.



In this modern era of information and technology its the formation of the fact or information is necessary otherwise the sensation media would be sensation for its perish.

We know that medias are trying to have their own fame and pretending that they have the right kind of information at right time.

'सत्यम् शिवम् सुन्दरम्'।

This should be the motto of each media which insists on truth and justice other than sensation.

As media have the potential to create a world of their own by their technical as well as jugglers which are of great interest for the society they should understand the role they are playing in this world and try to have sensation out of truth rather untruth out of sensations.

Every one should think the great saying 'सत्यमेव जयते' that could dissatisfy the idea of sensationalism.

One can dream out a new world if the media could understand the necessity of truthful information that could change the whole society with a developing mind of success in certainty, justice, truth and facts. So if lesser the facts and more the sensation then its the end of that media as it brings out nonsense from it.

So the modern mantra of the media should be more sensating **facts and less sensational ideas.**

POEM

**Ravish Nair**
*Ist B.Sc Chemistry*

# EARTH - QUAKE

*The deafening sound from somewhere*
*I heard if and felt it,*
*I thought it was the thunder from heaven*
*But the roaring sound followed,*
*like the sound of a morning train.*
*My relaxation ends with the vibrating*
*sound of doors and windows*
*Earth below my feet was trembling like a leaf.*

*Oh My God! the thought of earthquake,*
*frightened me like a mouse.*
*I ran out to the open space for my safety.*
*within a fraction of minutes,*
*thousands of people perished under their*
*beloved houses.*
*While running out I prayed to almighty*
*for the Cruelty and destruction,*
*caused to the mother earth since its birth.*

STORY

**Preethi Srinivasan**
*IInd MA English*

# No man is an island, He is part of the continent

When Krishnanarayanan died, it was two days before he got his two square inches in the day's newspaper. The funeral was two days hence, after his son came from Australia. His son, Dilip an overweight young man with an Iranion wife and two children, who came home once in two years for a week and lavishly threw a hundred rupee notes to all who hastened to his door that day.

Krishnan uncle was disliked- for his paccisacony, his cantankew usness, his remoteness and his son too, was disliked for very different reasons,

"I'am going for a funeral," I said to Amma, as I draped my sai around Radhika for her first day at college.

"Even his son will not be there", she commented dryly.

It was fine, I thought as I jolted along the road to the office. Dilip had made his customary visit six months ago, he would not come again.

I remembered the old man's curses as he read his sons letters, while I dusted his rooms after delivering the milk. He would fling the letter on his table heaped high with books, change in to an old white shirt, its collar freayed and turning yellow, pick up his umbrella, and filter mask and stride out. He came in for a lot of jeering from the street urchias for that mask and he retaliated by shouting at them and chasing them away. Sometimes I suspected that one part of him relished this contact with the outside world.

When he was out those few hours, I finished my cleaning, sometimes going so far as to read the letter still lying on his books.

It was on one of these occasion that I almost lost my job. Krishnan uncle probably finished his tea at Chackochans' shop earlier than expected or perhaps he had just wandered around for a while........ anyway he walked in whist I was in the midst of my perusal of his latest letter. How he raged that day- my morals and those of two generation of my family came in for comment before he summarily dismissed me.

Only the next day, as I was creeping off after delivering the bottle of milk, he shouted at me to come in.

"How do you know to read?" he demanded. "I studied till the fourth class sir, after Appa's accident, Raju, Radhika and I all dropped out of school".

"Don't lie to me. I see that fellow at the arrack shop regularly.

"That too" I said.

He did not give me money........ but he gave me my job back. And when Dilip came from Australia, my sister, brother and I stood in the line to receive the hundred rupees. And he took Raju with him when he wet to visit his sister- and Raju met Arun who would one day become my husband.

When Krishnan uncle had his first attack of fits, he was alone in the house. I came the next day and found him on the floor. His sister took him to her house and when she left she gave me a three month paycheck and the keys to be retuned to the landlord. She also hold me to meet Dr.Raj who would give me a job in one of his concerns.

When my father died of cirrhosis, his three children and five grand children stood around him, our relations came from afar, even the daily wage earners who lost that precious amount.

"He was a fine man......... look how well his children have done.

Dilip did not come.

Krishnanarayan went to the cemetery alone. At one corner, not daring to approach the pyre, I stood- his old servant girl- because of that shrivelled old man- abandoned on the pyre, my father breathed his last surrounded by friends.

# SACRED HEART COLLEGE COMPUTER CENTRE

**THEVARA, KOCHI- 682013, PHONE: 663991, 664935**

## FOR OUTSIDE CANDIDATES

'O' Level (DOEACC) (1year)

PGDCA/DCA (2 SEMESTER)

## FOR COLLEGE STUDENTS

Level I (6 months - semester I)

Level II (6 months - semester II)

Level III (6 months - semester III)

## SHORT TERM PACKAGE

*Ms-Office
*Office Automation
*Oracle, Developer 2000
*Visual Basic/ Power Builder
*C, C++, VC++
*Java Programming
*E-Commerce
*Admission to all courses open to both outside candidates and students.

Start learning computer From degree Ist_year onwards.Become a computer professional before you leave SH. College

# 'Diet'

## S.H. College, Canteen

*for Veg & Non veg, Chinese, Cooldrinks & Ice Cream*

***Phone : 2664360***

## POEM

**Jery Joseph**
*Ist B.A Copy Editor*



# LIFE

Life the greatest mystery, unsolved
It's sometimes happy, sometimes sad
Sometimes venerable yet sometimes vulnerable
No one knows for certain.

Yet it goes on and on
We move in it like leaves of wind
Here and there we flow like a feather
without knowing where we are going.

Some say it's beautiful, some say it's tragic
But I'd say it's enigmatic
Still I love life- for its joy, solemnity
And everything that make it so special.

ARTICLE

*Arun R.*
*IInd B.Sc Physi*



# THE ESSENCE OF DRIVING

For the benefit of all those daring to drive on Indian roads, I am offering a few hints for survival. They are applicable everywhere in India except in Bihar and Kashmir where life outside a vehicle is only marginally safer.

The hints are as follows.
Wait, before that, do we drive on the right or left of the road? The answer is, both. It is like playing chess. Take the available space and proceed.

Remember, adherence to road rules leads to much misery & occasional fatality. Don't stop at pedestrian crossings just because Some food wants to cross the road. You may do so only if you enjoy being bumped in the back. Pedestrians have been strictly instructed to cross only when traffic is moving slowly or has come to a dead stop as some minister is in town. Still some idiot may by to made across, but then, let us not talk i'll of the dead.

Keep as many informative books as possible your glove compartment. You may read them during traffic jams, while awaiting the ministers motor cade or during the mons oon, when overground traffic meets underground drainage.

Night driving on Indian roads can be an exhilarating experience. What seems to be a premature dawn on the horizon turns out to be a truck attempting a speed record. On encountering such a thing, just pull partly into the adjoining field until the phenomenon passes.

Remember Truck drivers are the James Bonds of India & are licenced to kill. Often you may encounter a single powerful beam of light about 6 feet above the ground level. This is not a super motorbike, but a truck with a single light on, usually the left one. It could be the right one but never get too close to investigate. You may prove your point posthumously.

Occasionally you might see what looks like a UFO with blinking coloured lights & wired sounds emanating from within. This is an illuminated bus. full of happy pilgrims singing bhajans. These pilgrims go at break neek speed seeking contact with the almighty & often meeting with success. Now I will describe some specimen unique to Indian roads.

Auto Rikshaw. Unique to Indian Traffic, this vehicle is the result of the collision between a rikshaw & an automobile. This triangular vehicle carries iron rods, gas cylinders or passengers thrice its weight & dimension at an unspecified fare.

After careful geometrical calculations, children are packed and folded into these until some children in the periphery are not in contact with the vehicle at all. Then these school bags are pushed into the microscopic gaps all round so that those minor collisians on the road cause no permanent damage of course, the peripheral children are charged 1/2 the fare & also learn. Newton's laws of motion enroute to school.

Moped. The moped looks like an oil tin on wheels and makes sound like an electric shaver. It runs 30 miles on a teaspoon of petrol. As the sides of the road are too rough for a ride moped drivers tend to drive in the middle of the road. They would rather drive under heavier vehicles than around them and are often " mopped" off the tarmac.

☐

Leaders don't create followers, they create more leaders.

POEM

**Rakesh Peter**
*IInd B.Sc Physics*

# SCIENTISTS

*Raman on ship struck by scattering*
*same as the blue sky above, for Tyndall*
*while Young played with slits and*
*coherent sources to give superposition to light.*

*Fresnels focusing would mere a dream*
*unless Huygens shared his thoughts*



*Even an electron energy could discard boasting*
*of human's as for Neil,whose charge was betrayed*
*by Millikan's oil and led Edison hatch eggs*
*to light the world while Franklin had to fly a kite.*

*An apple could reveal the idea*
*of gravity for Newton, while it was*
*mass and speed which did for*
*Einstien in his relation to the world.*

*'Black holes' proved hazardous for Chandrasekhar*
*but the idea of 'Big bang' was a plum for Hawking.*

# SPORTS



Ajinth L Dennison
National Record Holder
(Power Lifting)



Shinod K John
Bronze Medalist
(South Indian Body Building)



Asham A



Ajith Kumar

(Members of Uni. team which won the All India Inter Uni. Volleyball Championship )



Anuraj



Sinoj V

(Members of Uni. Table Tennis Team)



Alex Chacko
Uni. Yoga Champion



Sudheesh K G
(Sports Capt)



Arun Mathew

(Members of Uni. Chess Team)



Regan Timothy
(Member of Uni. Tennis Team)



Rinu Varghese
(Member of Uni. Team which won the 3rd position in national inter Uni Ball Badminton Championship)



Women's Judo Team (Uni. Winners)
Power Lifting, Weight Lifting, Wrestling (Runners Up)



Men's Judo team (Nine times Uni. Winners in a row)



Men's Shuttle Badminton Team (Uni. Winners)



Basket Ball Team
( Runners Up, Uni. Championship & Don Bosco Tournament)

# NCC CADETS



ARMY WING



NAVAL WING



Hima Sudhakar (IInd BSc Physics)



Vinish ( Ist BSc Chemistry)



Doyil Joy (Ist BSc Chemistry)

ARTICLE

**Jobin Mathew**
*Ist B.Sc Physics*



# MANDATE 2004
## - AN EVALUATION

The outline of the 14th Loksabha elections in 2004 may was quite surprising and hopeful. It proved once again that democracy is capable of working wonders, is beyond all predictions and is one of the mightiest swords the poor and common one of the country possess to protect them from exploitation. In other words the result was a victory of each and every common subject of India. There are many factors whose reflections were perfectly clear to have influenced the results.

*The result was a victory of each and every common subject of India.*

Obviously, the manifestos of the various parties and the performance they had in their previous times of rule are among them. Along with this many other contrasting issues such as secularism and religious intolerance, Marginalisation of the poor and equality for all (i.e. a pro-poor attitude) etc. Another hot issue was Ms. Sonia Gandhi's foreign origin. Finally, in some states anti - incumbency played a major role.

As it is known to and understood by all seculiarism is one of the very important and peculiar components of democracy. But in India, we are witnessing a dilution in it, Though we boast of our secularism and great democracy. This religious intorance raised to its zenith during the reign of the last NDA government. The best example is the Gujarath issue, which was criticised globally even. Starting from the Godra incident there occurred a series of blood-shdings in the country on the issue, causing a brutal and unjustifiable slaughtering of many a number of innocent people. If we are to evaluate the event with having it in mind that we are all brothers and sisters (as is said in our pledge.) irrespective of our religion, creed, caste, language and so on, we can easily understand that it was completely unethical. It was crystal clear that the then rulers of the country closed their eyes to the issue, which some of them, confessed after the results in a country where the minority consists f only 16% of the total population it was clearly impossible that the then ruling party was ousted by the minority only. In other words even the major-

*Starting from the Godra incident there occurred a series of blood-shadings in the country on the issue, causing a brutal and unjustifiable slaughtering of many a number of innocent people.*

ity didn't like to have such events occurrin and they voted accordingly.

Another important issue was the marginalisation of the poor people. It is an accepted fact that around 90.1 of India's wealth is in the hands of only 10% richmen and the remaining 90% are all poor. We are witnessing a number of suicides among farmers, especially in Andra pradesh where the previous (state) government went on developments in IT sector only from which the poor had no gain at all. In the meantime the then central government also was in the same path. They were fully hung upon issues like, 'mobile phone', Kashmir- Kanyakumari super highway and soon. A pre-pole survey conducted by the Frontline magazine showed that when most of the wealthy and high-caste people preferred BJP, the poor people supported congress. Under nourishment, poverty, mal-nutrition, unemployment and scarcity of water were the hurdles the poor people had. (still the situation is not changed) The votes of thus neglected people have played an important role in the election results.

*The most important lesson taught by the 14th Loksabha election was that if a party was in an urge to motivate and functionalise all types of in human and based activities it will have to bear the consequences.*



The manifestos of the various parties were also of great importance. Most of the policies proposed by the parties were similar. But there were certain differences too. for example, the congress gave priority to farm sector, protection of communal harmony and seculiarism etc. But the BJP gave little importance to developments in farm-sector and the protection of religious harmony. On the other hand they gave preliminary consideration to privatisation of government institutions, increase in defence facilities of the country.

One of the hottest issues in the 14th Loksabha election was the foreign origin of Ms. Sonia Gandhi. The will of India's common citizen's on the issue has clearly reflected in the results. The same was proved in Amethi and bellary in 1999 Loksabha elections which gave green signal to

Mr. Gandhi. The common man of India who was always ready to accept and acknowledge the good deeds of Bl. Mother Theresa (though she was a foreigner by birth) did the same with Ms. Gandhi. The leaders were requested Ms. Sonia's candidature and coming into power saying how needed it was that the country. with 100 crores of people should have a leader of Indian origin might have never thought of why there was the need of a foreigner (Bl. Mother Teresa) to shelter the poor lepers and street- dwellers of Calcutta. Now that the Sonia- led congress- alliance has acquired majority in the election there is no room for the foreign origin issue anymore.

Anti-incumbency was a noteworthy phenomenon in some states like Thamilnadu, Andra Pradesh and Karnataka. Most of the policies of the respective chief ministers Mr. Jayalalitha, Mr.N. Chandrababu Naidu & S.M. Krishna were proved unacceptable to the common folk. Though the plight of Kerala looks the same, it is not the fast. More than anti- incumbency, issues like internal fighting in the ruling congress party the veteran leader K. Karunakanan's at attempt to induce his children into power were the main reasons of congress failure there.

In conclusion, the most important lesson taught by the 14th Loksabha election was that if a party was in an urge to motivate and functionalise all types of inhuman and biased activities it will have to bear the consequences. It is the same kind of consequence that the BJP has met with. After five more years if the same should not happen to the congress, the party should learn from the fall of BJP and act accordingly.

**Note** : The views expressed in the article are the author's alone and do not reflect the opinion of the college or its students. *Editor.*


DIVINE COLLEGE OF MANAGEMENT STUDIES

(Owned by Devine Educational & Charitable Trust)

